പാലായിൽനിന്ന് എല്ലാമാസവും 15-ാം തീയതി പ്രസിദ്ധീകരിക്കുന്നു
കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം ഒരുക്കുന്ന സ്വതന്ത്രചർച്ചാവേദി

Vol 5 Issue 11
January 2018
Published on 15 Jan.
Price Rs. 15.00

# സത്യജ്വാല
മാസിക

## ജോസഫ് പുലിക്കുന്നേൽ
## സഭയിലെ ഭൂമികുംഭകോണം
## ചർച്ച് ആക്ടിന്റെ അനിവാര്യത

# വിശേഷാൽപ്പതിപ്പ്



'അല്മായശബ്ദം' ബ്ലോഗ് സന്ദർശിക്കാൻ : www.almayasabdam.blogspot.in
'അല്മായശബ്ദം' വെബ്സൈറ്റ് സന്ദർശിക്കാൻ : www.almayasabdam.com

# സത്യജ്വാല മാസിക

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം (KCRM) ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി

ജനുവരി 2018 | പുസ്തകം 5 | ലക്കം 11



*രചനകൾ അയയ്ക്കാൻ :*
ജോർജ് മൂലേച്ചാലിൽ
*എഡിറ്റർ*
വള്ളിച്ചിറ പി.ഒ.,കോട്ടയം-686574
ഫോൺ: 9497088904
e- mail: geomoole@gmail.com

*വരിസംഖ്യ അയയ്ക്കേണ്ട വിലാസം:*
കെ.ജോർജ്ജ് ജോസഫ്, കാട്ടേക്കര
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
c/o പ്രിന്റ് ഹൗസ്, പാലാ
പാലാ പി.ഒ., കോട്ടയം- 686 575
ഫോൺ: 9037078700
e- mail:gvkatte@gmail.com

*ബാങ്ക് :* S B I, Pala Branch
A/c No. 67117548175
A/c Name: Kerala Catholic Church Reformation Movement
IFSC Code: SBIN0070120



*പത്രാധിപസമിതി:* 1) പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം 9495897122 , 2. ഡോ. ജോസഫ് വർഗീസ് (ഇപ്പൻ) - 9446561252, 3) സണ്ണി പുളിക്കൽ - 9447173536, 4) ഡോ. എം.കെ. മാത്യു - 9447112718, 5) ജോസഫ് കാലായിൽ (തൊടുപുഴ) - 9447663433, 6) ചാക്കോ കളരിക്കൽ-USA (001) 5866015195, 7) അലക്സ് കാവുംപുറം -USA (001) 5165039387.


## ഈ ലക്കത്തിൽ


**സഭയിലെ ഭൂമികുംഭകോണവും പുലിക്കുന്നേലിന്റെ ഉയിർത്തെഴുന്നേല്പും**
മുഖക്കുറി ........ 3

**മതമലിനജലസേതു തകർത്ത് പുലിയുടെ ആത്മബലി!**
ഇപ്പൻ ........ 5

**മഹാനായ സഭാനവീകരണപോരാളി ജോസഫ് പുലിക്കുന്നേൽ**
ചാക്കോ കളരിക്കൽ-USA ........ 10

**ജോസഫ് പുലിക്കുന്നേൽ, ഒരു ചരിത്രനായകൻ**
ജയിംസ് ഐസക്, കുടമാളൂർ ........ 13

**കൂപ്പുകൈകളോടെ**
റോസമ്മ എബ്രാഹം ........ 14

**ഇത് ഭാരതക്രൈസ്തവരുടെ ജന്മാവകാശം**
ജോസഫ് പുലിക്കുന്നേൽ ........ 16

**സഭ കുഴിച്ച തെമ്മാടിക്കുഴിയിൽ സഭതന്നെ വീണു!**
സാമുവൽ കൂടൽ ........ 18

**ചർച്ച് ആക്ട് അംഗീകരിക്കുക**
ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ........ 19

**മേജർ ആർച്ചുബിഷപ്പിന്റെ ഭൂമി കച്ചവടവും മെത്രാന്മാരുടെ എപ്പിക്കൂരിയനിസവും**
എം.എൽ. ജോർജ് മാളിയേക്കൽ ........ 21

**നസ്രാണി കത്തോലിക്കാസഭയിലെ ധനവും കടവും**
ഡോ. സ്കറിയാ സക്കറിയ ........ 24

**അവിടെ ആലഞ്ചേരി കർദ്ദിനാൾ! ഇവിടെ സ്റ്റാൻലി റോമൻ 'തിരുമനസ്സ്!'**
അഡ്വ. ബോറീസ് പോൾ........ 25

**'കളി നമ്മളോടാ!'**
അഡ്വ. ഇന്ദുലേഖാ ജോസഫ്........ 26

**കാരുണ്യപ്രവർത്തനങ്ങളുടെ മറവിൽ പാവങ്ങളുടെ മണ്ണ് വിറ്റു!**
........ 26

**ഒരുവശത്ത് ഭൂമികുംഭകോണം, മറുവശത്ത് ഭൂമിതട്ടിയെടുക്കൽ!**
കെ. ജോർജ് ജോസഫ് ........ 27

**ബോണക്കാട് കുരിശുയുദ്ധം!**
ഡോ. എം.പി. മത്തായി........ 29

**സീറോ-മലബാർ റീത്തിന്റെ ചെന്നൈഅധിനിവേശം!**
പി.സി. ജോസഫ്, ചെന്നൈ ........ 29

**'ഈയൊരു കാര്യത്തിനുവേണ്ടിയാണ് ഞാൻ ലോകത്തിലേക്കു വന്നത്'**
ഡോ. ജെ.സി. കുമരപ്പ ........ 31

**KCRM പ്രോഗ്രാം റിപ്പോർട്ട്- തൊടുപുഴ**
**KCRM പ്രോഗ്രാം റിപ്പോർട്ട്-നോ.അമേരിക്ക**
........ 32, 33

**സങ്കല്പകഥകൾ 'കാതലായ വിശ്വാസസത്യങ്ങ'ളായി!**
പ്രൊഫ: പി. എൽ ലൂക്കോസ് ........ 34

**ഇന്നത്തെ സഭയുടെ അടിസ്ഥാനം**
സ്വാമി ദേവപ്രസാദ് - കാനഡ ........ 36

**റെക്കോഡിട്ട് തൃശ്ശൂർ മാതൃവേദിയുടെ 'മെഗാമാർഗംകളി!'**
സ്വാമി ദേവപ്രസാദ് - കാനഡ ........ 37

**ആദിയും അനാദിയും**
സക്കറിയാസ് നെടുങ്കനാൽ ........ 38

**'കച്ചതഴുകൽ' ഉണർത്തിയ ചിന്തകൾ**
തോമസ് കുഴിപ്പറമ്പിൽ ........ 40

**വിട പറയാതെ.... ഒരു പ്രണാമം!**
........ 42

**KCRM പ്രോഗ്രാം റിപ്പോർട്ട്**
**എറണാകുളത്ത് KCRM ധർണ!**........43,44



**സത്യജ്വാല മാസിക**

| വരിസംഖ്യ | ഇൻഡ്യയിൽ | വിദേശത്ത് |
|---|---|---|
| ഒറ്റപ്രതി | 15 രൂപാ | 150 രൂപാ |
| ഒരു വർഷം | 150 രൂപാ | 1500 രൂപാ |
| 5 വർഷം | 600 രൂപാ | 6000 രൂപാ |



*[പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്] [രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്]*

ജനുവരി 2018 പുസ്തകം 5 : ലക്കം 11

സത്യജ്വാല

"സാത്താൻെറ കുടിലതന്ത്രങ്ങളെ എതിർത്തു നിൽക്കാൻ ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിൻെറ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" (എഫേ. 6: 11-12).

**മുഖക്കുറി**



# സഭയിലെ ഭൂമികുംഭകോണവും പുലിക്കുന്നേലിന്റെ ഉയിർത്തെഴുന്നേല്പും

സീറോ-മലബാർ വിശ്വാസിസമൂഹം ഇന്ന് ഞെട്ടിത്തരിച്ചു നിൽക്കുകയാണ്. തങ്ങളുടെ സഭാതലവനും മുഖ്യ ആത്മീയാചാര്യനുമായ മേജർ ആർച്ചുബിഷപ്പിന്റെതന്നെ നേതൃത്വത്തിൽ സഭാ ആസ്ഥാനമായ എറണാകുളത്ത് കോടികളുടെ കള്ളപ്പണവും അഴിമതിയും നികുതിവെട്ടിപ്പുമുൾപ്പെട്ട വൻഭൂമികുംഭകോണം നടന്നിരിക്കുന്നു! എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരിലേറെയും മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ ആലഞ്ചേരിയെ പരസ്യവിചാരണചെയ്യുകയും അദ്ദേഹത്തിന്റെ രാജി ആവശ്യപ്പെടുകയും ചെയ്യുന്നു! ഏതൊക്കെയോ മെത്രാന്മാരുടെ നിഗൂഢനേതൃത്വത്തിൽ സഭയിലെ വൈദികരെ ഉപയോഗിച്ച് മേജർ ആർച്ചുബിഷപ്പിന് അനുകൂലമായും പ്രതികൂലമായും പള്ളിഭക്തരായ അത്മായരെ അണിനിരത്തി പരസ്പരം ചെളിവാരിയെറിയിക്കുന്നു! ഈ ശബ്ദകോലാഹല സ്റ്റേജ്ഷോയ്ക്കു പിന്നിലൂടെ, കഴിഞ്ഞ ഒന്നര വർഷമായി ഈ ഭൂമികുംഭകോണം ആസൂത്രണംചെയ്തു നടപ്പിലാക്കിയതിനു പിന്നിൽ പ്രവർത്തിച്ച കശ്മലന്മാർ രക്ഷപ്പെടുകയും ചെയ്യുന്നു. ഇതിലൊന്നും ഉൾപ്പെടാത്ത സീറോ-മലബാർ സഭയിലെ 99% വിശ്വാസികളും മറ്റു സഭകൾക്കുമുമ്പിലും പൊതുസമൂഹത്തിനു മുമ്പിലും അങ്ങേയറ്റം ലജ്ജിതരായി നിസ്സഹായതയോടെ തലകുനിച്ചുനിൽക്കേണ്ട സ്ഥിതി സംജാതമായിരിക്കുന്നു.

കേരളസഭയും കേരളവും ഇന്നോളം കണ്ടിട്ടില്ലാത്തത്ര ജുഗുപ്സാവഹമായ ഈ സംഭവം ഇവിടുത്തെ ക്രൈസ്തവസമൂഹത്തിൽ ചിന്താപരമായ ഒരു മാറ്റത്തിനു കളമൊരുക്കാൻ പോരുന്നതാണ്. സഭാകാര്യങ്ങളിലുള്ള അവരുടെ ബോധംകെട്ടുള്ള ഉറക്കത്തിൽനിന്ന് അവരെ തട്ടിയുണർത്താൻ ഈ സംഭവം പര്യാപ്തമായിരിക്കുന്നു. പുരോഹിതരുടെ വിശുദ്ധപരിവേഷം അത്മായസമൂഹത്തിന്റെ മനസ്സിൽനിന്ന് മാഞ്ഞുപോകാൻ ഈ സംഭവം ഇടയാക്കിയിരിക്കുന്നു. മാർ ആലഞ്ചേരിയെ ആരെങ്കിലുമൊക്കെച്ചേർന്നു കുടുക്കിയതാണോ അല്ലയോ, കുറ്റക്കാർ ആരൊക്കെയാണ് മുതലായ ചോദ്യങ്ങൾക്കുള്ള ഉത്തരം ലഭിച്ചാലുമില്ലെങ്കിലും, ഇവരൊന്നും വിചാരിച്ചതുപോലെ അത്ര വിശുദ്ധരൊന്നുമല്ലെന്നും ഇവരെ വിശ്വസിക്കാൻ കൊള്ളില്ലെന്നും സഭാസ്വത്തുക്കളുടെ ഭരണം ഇവരെ ഏല്പിക്കുന്നത് മൗഢ്യമായിരിക്കുമെന്നും ബോധ്യപ്പെടാൻ ഈ സംഭവം വഴിതെളിക്കും. സഭയ്ക്കുവേണ്ടി സമ്പാദിച്ച സ്വത്തുവകകൾ തങ്ങളുടെ പൊതുഉടമസ്ഥതയിൽനിന്ന് കാനോൻനിയമമെന്ന ഒരു വിദേശപുരോഹിതനിയമത്തിലൂടെ മെത്രാന്മാരുടെ സ്വകാര്യസ്വത്തായി, തങ്ങളറിയാതെ തട്ടിയെടുത്തിരിക്കുകയാണ് എന്ന നഗ്നസത്യം കാണാനുള്ള കാഴ്ച അവർക്കു ലഭിക്കും. കത്തോലിക്കാസഭാമേലദ്ധ്യക്ഷന്മാർ വിചാരിച്ചാൽ, തങ്ങൾ വിയർപ്പൊഴുക്കിയും സംഭാവനകളും നേർച്ച-കാഴ്ചകളും നൽകിയും തങ്ങളുടെ ആദ്ധ്യാത്മികവും സാംസ്കാരികവുമായ അഭ്യുന്നതിക്കുവേണ്ടി സമാഹരിച്ചിട്ടുള്ള പള്ളിസ്വത്തുക്കളും സ്ഥാപനങ്ങളും എന്തിന്, പള്ളിതന്നെയും, ഒറ്റയ്ക്കോ സംഘം ചേർന്നോ വിറ്റുതുലയ്ക്കാൻ അവർക്ക് കഴിയുന്ന വികലമായ ഒരു നൈയാമിക വ്യവസ്ഥയാണ് സഭയിലിന്നുള്ളത് എന്നവർ മനസ്സിലാക്കും. ഈ ദുരവസ്ഥയിൽനിന്നു തങ്ങളുടെ സഭയെ രക്ഷിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് വിശ്വാസികൾ അന്വേഷണമാരംഭിക്കും.

ഈയിടെ യശഃശരീരനായിത്തീർന്ന ജോസഫ് പുലിക്കുന്നേലിന്റെ ഉയിർത്തെഴുന്നേൽപ്പിനു മുഹൂർത്തം കുറിക്കുന്നത് ഇവിടെയാണ്. ഏതൊരു ഇതിഹാസപുരുഷന്റെയും മരണം അദ്ദേഹത്തിന്റെ ആശയലോകത്തിന്റെ ഉയിർപ്പു സാധ്യതകൂടി ഉൾക്കൊള്ളുന്നു. ചരിത്രത്തിന്റെ ഗതി മാറ്റിയ മഹാരഥന്മാരൊക്കെത്തന്നെ വിവാദപുരുഷന്മാരുമായിരുന്നു. പ്രവാചകന്മാർ സ്വന്തം നാട്ടിലോ അവർ ജീവിച്ച കാലത്തോ അംഗീകരിക്കപ്പെടുകയില്ല എന്ന എക്കാലത്തെയും പൊതുതത്വമാണ് പുതിയ ആശയങ്ങളുമായി കടന്നുവരുന്നവരെ വിവാദനായകന്മാരാക്കുന്നത്. ക്രാന്തദർശികളായ അവർ ഇന്നിന്റെ കാര്യങ്ങളെ അവയുടെ വേരോടെ കാണുന്നു. വേരുരോഗം കാണുന്നു. ചികിത്സ നിർദ്ദേശിക്കുന്നു. നാളത്തെ പൂവിടലുകളെയും കായ്ക്കലുകളെയും ഇന്നേ കാണുന്നു. അതുകൊണ്ട്, ഇന്നലെകളിൽനിന്നു കാലുപറിക്കാതെ ഇന്നിന്റെ വ്യഗ്രതകളിൽ പൂണ്ടുകിടക്കുന്നവർക്ക് അവരെ ഉൾക്കൊള്ളാനാവാതെവരുന്നു. തന്മൂലം, അവർ അവരെ ഭ്രാന്തന്മാരെന്നു

മുദ്രകുത്തുന്നു, അവഹേളിക്കുന്നു, കല്ലെറിയുന്നു, തേജോവധം നടത്തുന്നു, കൊല്ലുന്നു. എന്നാൽ, കാര്യങ്ങൾ പിന്നീടു മാറിമറിയുകയായി. അവർ വിക്ഷേപിച്ചുപോയ ആശയങ്ങൾ ജനഹൃദയങ്ങളിൽ പുനർജനിക്കുകയും കാലത്തിന്റെ അനുകൂലതയിൽ ആർത്തുവളരുകയും ചെയ്യുന്നു.

ജോസഫ് പുലിക്കുന്നേലിന്റെ കാര്യത്തിൽ കാലത്തിന്റെ ഈ ആനുകൂല്യം വളരെ പെട്ടെന്നുണ്ടായിരിക്കുന്നു. മാസങ്ങളായി ഒതുക്കിവച്ചിരുന്ന ഭൂമികുംഭകോണം സംബന്ധിച്ച വാർത്തകൾ ഒരു അഗ്നിപർവ്വതംപോലെ പൊട്ടിയൊഴുകിയത് അദ്ദേഹത്തിന്റെ മരണത്തിന്റെ ഏതാനും ദിവസം മുമ്പുമാത്രമാണ്. കുറെ കാലമായി പുരോഹിതരുടെയിടയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ധാർഷ്ട്യത്തിലും പണക്കൊതിയിലും ലൈംഗികാതിക്രമങ്ങളിലും പ്രമാണിത്തത്തിലും വല്ലാതെ മടുത്തുതുടങ്ങിയിരുന്നു, വിശ്വാസികൾ. അപ്പോഴുണ്ടായ ഈ ഭൂമികുംഭകോണം, പുരോഹിതരോട് അവരിൽ പുകഞ്ഞുകൊണ്ടിരുന്ന അമർഷവും വെറുപ്പും സ്ഫോടനാത്മകമായ ഒരു സ്ഥിതിയിലെത്താൻ കാരണമായി. അങ്ങനെ, അവരുടെയെല്ലാം മനസ്സുകളിൽ പുരോഹിതവിരുദ്ധചിന്തയും വികാരവും ഉമിത്തീപോലെ നീറിനിന്നപ്പോഴാണ് ബഹു. പുലിക്കുന്നേലിന്റെ മരണം സംഭവിക്കുന്നത്. കേരളത്തിലെ പത്രമാധ്യമങ്ങളും ചാനലുകളും ഓൺലൈൻ സാമൂഹികമാധ്യമങ്ങളും പുരോഹിതപ്പേടിയൊക്കെ മാറ്റിവച്ച് ആ മഹാകരുത്തന്റെ ബഹുമുഖപ്രതിഭയെയും കർമ്മമേഖലകളെയും പാണ്ഡിത്യത്തെയും ചങ്കൂറ്റത്തെയുംകുറിച്ചെല്ലാം വാചാലമായി. കൂടാതെ, അദ്ദേഹം മുൻകൂട്ടി നിശ്ചയിച്ചിരുന്ന വിധത്തിൽ പുരോഹിതകർമ്മങ്ങളൊഴിവാക്കി അതിലളിതമായി നടത്തിയ മരണാനന്തര ശവദാഹത്തിന്റെ അപൂർവ്വതയെക്കുറിച്ചും, അദ്ദേഹത്തിനു വിടചൊല്ലാൻ അന്നവിടെ തടിച്ചുകൂടിയ മഹാജനസഞ്ചയത്തെക്കുറിച്ചുമൊക്കെ വിസ്തരിച്ച്, അതുവരെ നൽകാൻ അറച്ചുനിന്ന അംഗീകാരമെല്ലാം ചേർത്ത് അദ്ദേഹത്തിനു നൽകി. അങ്ങനെ ക്രൈസ്തവവിശ്വാസികൾ പുരോഹിതവർഗ്ഗത്തെയൊന്നാകെ വെറുത്തുനിന്ന അതേ മുഹൂർത്തത്തിൽത്തന്നെ പുരോഹിതവിരുദ്ധനെന്ന ഖ്യാതി സമ്പാദിച്ചിരുന്ന ജോസഫ് പുലിക്കുന്നേൽ അങ്ങേയറ്റം അംഗീകരിക്കപ്പെട്ട ഒരു സാഹചര്യം കേരളസഭാമണ്ഡലത്തിൽ വന്നുചേർന്നു. അദ്ദേഹത്തിന്റെ മരണത്തോത്തുടർന്ന് ഉടനെയുണ്ടായ കാലത്തിന്റെ ഈ അനുകൂലതകൊണ്ട് അദ്ദേഹവും അദ്ദേഹത്തിന്റെ ആശയങ്ങളും അനുഗൃഹീതമാവുകയും ജനങ്ങൾക്കു കൂടുതൽ സ്വീകാര്യമാവുകയും ചെയ്തിരിക്കുകയാണ്.

സഭയുടെ ഏറ്റവും ഉന്നതസ്ഥാനികളുൾപ്പെട്ട ഈ വലിയ ഭൂമികുംഭകോണം ഭൂരിപക്ഷം വിശ്വാസികളുടെയും സഭാപരമായ പൊതുബോധത്തെ ഉലച്ചുവെങ്കിൽ, അവരെ സാന്ത്വനപ്പെടുത്തിക്കൊണ്ട് അതെങ്ങനെ ഉടച്ചുവാർക്കാമെന്നു നിർദ്ദേശിക്കുന്ന പുലിക്കുന്നേലിന്റെ സഭാദർശനം ഒരു പ്രകാശഗോപുരമായി ഉയർന്നുനിൽക്കുന്നു. തങ്ങളുടെ സഭയിൽ ഇനി ഇത്തരം കുംഭകോണങ്ങൾ നടക്കാതിരിക്കാൻ എന്താണു വേണ്ടതെന്ന വിശ്വാസികളുടെ അന്വേഷണത്തിൽ, ബൈബിളിനും സഭയുടെ വിശുദ്ധപാരമ്പര്യങ്ങൾക്കും സഭാപ്രബോധനങ്ങൾക്കുമനുസൃതമായി അദ്ദേഹം പണിതീർത്തിട്ടിരിക്കുന്ന ചിന്താപദ്ധതികളെ അവഗണിക്കാൻ അവർക്കാവില്ല. ജോസഫ് പുലിക്കുന്നേൽ പുരോഹിതാധിപത്യത്തിന്റെ ദുരവസ്ഥയിൽനിന്നു കേരളക്രൈസ്തവരെ വിമോചിപ്പിക്കുവാൻ തലവിയർപ്പിച്ച് അവസാനം കണ്ടെത്തുകയും പണിതുയർത്തി ജ്വലിപ്പിച്ചുനിർത്തുകയും ചെയ്തിരിക്കുന്ന 'ചർച്ച് ആക്ട്' എന്ന ദീപസ്തംഭത്തെ ശ്രദ്ധിക്കാതിരിക്കാൻ വിശ്വാസിസമൂഹത്തിന് ഇനി ആവില്ല. അതിൽനിന്നു തിരികൊളുത്തി അതിന്റെ വെളിച്ചവും കരുത്തുമായി സഭാകാര്യങ്ങളിൽ അവർ കൂടുതൽ കൂടുതൽ ഇടപെട്ടുതുടങ്ങും എന്ന് ഉറപ്പാണ്. അങ്ങനെ, കേരളസഭയിൽ ഉദിച്ചുയർന്ന ജോസഫ് പുലിക്കുന്നേൽ എന്ന ചരിത്രപുരുഷന്റെ സഭാദർശനങ്ങളിൽനിന്നു തിരികൊളുത്തി അണിനിരക്കുന്ന ഒരു പുത്തൻ തലമുറയിലൂടെ അദ്ദേഹം പുനർജനിക്കുകയാണ്. ആ ചിതാഭസ്മത്തിൽനിന്ന് അദ്ദേഹത്തിന്റെ ആശയങ്ങൾ ഫീനിക്സ് പക്ഷിയെപ്പോലെ ഉയിർത്ത് ഉയരെ പറക്കുവാൻ പോകുന്നു. ഇനിയങ്ങോട്ട് കേരളസഭയുടെ ഗതി നിർണ്ണയിക്കുന്നത് പുലിക്കുന്നേലിന്റെ ആശയങ്ങളുൾക്കൊണ്ട ഈ പുതുതലമുറയായിരിക്കും.

അവർ നട്ടെല്ലു നിവർത്തി, ശിരസ്സുയർത്തിനിന്ന് ഒന്ന്, പത്ത്, നൂറ് എന്നീ ക്രമത്തിൽ, ഇന്നത്തെ അധികാരപൗരോഹിത്യസംവിധാനത്തിനെതിരെ ചോദ്യശരങ്ങളുയർത്തും. 'ഞങ്ങൾ സമ്പാദിച്ച മതസ്വത്തുക്കൾ വിൽക്കാനും മറിച്ചുവിൽക്കാനും നിങ്ങളൊക്കെ ആര്' എന്ന ചോദ്യം അവരുയർത്തും; 'ക്രൈസ്തവസമൂഹത്തിന്റെ വസ്തുക്കൾ അവരറിയാതെ വിറ്റു തുലച്ചിട്ട്, അതിന്റെ പേരിലുണ്ടായ വിവാദങ്ങളൊതുക്കിത്തീർക്കാൻ വൈദികസമിതിക്കും മെത്രാൻസിനഡിനും എന്തധികാരം' എന്ന ചോദ്യം അവർ ഉന്നയിക്കും. 'സഭാകൂട്ടായ്മയുടേതായിരുന്ന വസ്തുവകകളും സ്കൂളുകളും കോളേജുകളുമൊക്കെ എങ്ങനെ നിങ്ങളുടെ കൈകളിലെത്തി' എന്ന ചോദ്യം അവരുയർത്തും; 'ഞങ്ങൾ വിയർപ്പൊഴുക്കിപ്പണിത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അച്ചനും കന്യാസ്ത്രീയുമാകാത്ത ഞങ്ങളുടെ മക്കൾക്കെന്തേ ജോലിയില്ലാത്തതെ'ന്ന് അവർ കൈചൂണ്ടി ചോദിക്കും; 'ഹോസ്പിറ്റലുകളിൽ ഞങ്ങളുടെ നേഴ്സ് മക്കളെ കഷ്ടപ്പെടുത്തുന്നതെന്തുകൊണ്ടെ'ന്നും 'ഗവൺമെണ്ടു നിശ്ചയിച്ച ശമ്പളവും ആനുകൂല്യങ്ങളും നൽകാത്തതെന്തുകൊണ്ടെ'ന്നും ചോദിക്കും; സഭയുടെ സമ്പത്തും പ്രതാപവും കൂടിവന്നിട്ടും, 'ദളിത് ക്രൈസ്തവരെ എന്തുകൊണ്ട് ഇന്നും കൂടുതൽ ദളിതരും അവശരും ആക്കിനിർത്തിയിരിക്കുന്നു' എന്ന ചോദ്യം ദിഗന്തങ്ങൾ പൊട്ടുമാറ് അവർ മുഴക്കും; 'കൊലയാളികളും പീഡകരുമായ വൈദികരെ സംരക്ഷിക്കാൻ ഞങ്ങളുടെ നേർച്ചപ്പണം ഉപയോഗിക്കുന്നോ' എന്നും, 'ഞങ്ങളുടെ പണംകൊണ്ട് ഞങ്ങൾക്കെതിരെ കേസുകളിക്കുന്നോ' എന്നും അവർ ആക്രോശിക്കും. ശവംവച്ചു വിലപേശുന്ന നെറികെട്ടവരെയും, കല്യാണം മുടക്കികൾ, കൂദാശനിഷേധികൾ, വ്യക്തിഹത്യാ

*ശേഷം പേജ് 7-ൽ വായിക്കുക*



# മതമലിനജലസേതു തകർത്ത് പുലിയുടെ ആത്മബലി!

**ഇപ്പൻ**



**കു**രുക്ഷേത്രയുദ്ധം ആരംഭിക്കുകയായി. അതാ, ധർമ്മപുത്രർ ഏകനായി കൗരവസൈന്യനിരയ്ക്കുനേരെ നടക്കുന്നു. കൗരവപക്ഷത്തുനിന്ന് അട്ടഹാസങ്ങളും കൂക്കുവിളികളും മുഴങ്ങി. അദ്ദേഹം കീഴടങ്ങാൻ ചെല്ലുകയാണെന്നായിരുന്നു അവർ വിചാരിച്ചത്. യുധിഷ്ഠിരൻ അടുക്കുന്തോറും ബഹളത്തിന്റെ തീക്ഷ്ണത കുറഞ്ഞുവന്നു. അവസാനം അദ്ദേഹം ഭീഷ്മപിതാമഹന്റെ മുമ്പിലെത്തി നമസ്കരിച്ചുനിന്നതിനെക്കുറിച്ച് ആർഷകവി ഇങ്ങനെ കുറിക്കുന്നു: 'അപ്പോൾ അവിടെയെല്ലാം അർത്ഥവത്തായ ഒരു നിശ്ശബ്ദത പരന്നു.' മാരാർ ഈ കാവ്യസന്ദർഭവർണ്ണനയെ പടിപടിയായി പിന്തുടർന്ന് ഇങ്ങനെ നിരീക്ഷിക്കുന്നു: 'ധർമ്മത്തിന്റെ അടിപതറാത്ത ഗതിയാണ് മഹാകവി ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്.' പുലിക്കുന്നേൽ സാറിനോട് ഞാനൊരിക്കൽ പറഞ്ഞു. 'സാറേ, എനിക്കു ഭ്രാന്താണെന്നു മനുഷ്യർ പറയുന്നു.' ഉടനെ വന്നു മറുപടി. 'ഇപ്പാ, എന്നെക്കുറിച്ചും തുടക്കത്തിൽ അങ്ങനെതന്നെ പറഞ്ഞിരുന്നു. എന്നെ കാണുമ്പോൾ ആളുകൾ ഓടിമാറുമായിരുന്നു.' സാറ് ഒരുപാട് കൂക്കുവിളികളും കല്ലേറുകളും അട്ടഹാസങ്ങളും ഏറ്റുവാങ്ങി, അവസാനം അർത്ഥവത്തായ നിശ്ശബ്ദത അവശേഷിപ്പിച്ചുകൊണ്ട് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.





മതനവീകരണപ്രസ്ഥാനങ്ങളെ സംബന്ധിച്ചുള്ള വാർത്തകൾ കൊടുക്കുന്നതിൽ അറുപിശുക്കു കാട്ടുന്ന മനോരമയുടെ ചാനലാണ് ആ വാർത്ത ആദ്യം റിപ്പോർട്ടു ചെയ്തത്. രാജീവ് ഗാന്ധിയുടെ മരണം അന്നുതന്നെ റിപ്പോർട്ട് ചെയ്ത ഏക പത്രമാകാൻവേണ്ടി അച്ചടിച്ച മുഴുവൻ പത്രവും നശിപ്പിച്ചശേഷം പുതിയ പത്രം അച്ചടിച്ച മനോരമ, സാറിനു സുഖമില്ലെന്നറിഞ്ഞ അന്നുമുതൽ തങ്ങളുടെ ഭരണങ്ങാനം ലേഖകനെ മോഹനവാഗ്ദാനങ്ങൾ കൊടുത്തു ചട്ടം കെട്ടിയിരുന്നിരിക്കണം. അയാൾ ഓശാനക്കുന്നിൽനിന്നുള്ള വിലാപത്തിനു ചെവിയോർത്ത് ഉറക്കമിളച്ചിരുന്നിരിക്കണം. എന്തുചെയ്യാം! അവർ കഴുകന്മാരാണ്. അവർക്ക് ശവങ്ങൾ മതി. ജീവിച്ചിരിക്കുന്നവർ വിളിച്ചുകൂവുന്ന നാളത്തെ ആശയങ്ങളെ അവർ ക്രൂരമായി തമസ്കരിക്കും. പക്ഷേ, അവർ ആഘോഷിക്കുന്ന മരണം അവരറിയാതെ തങ്ങൾ തമസ്കരിച്ച ആശയങ്ങളെ ഉയിർപ്പിക്കും. മാരാർ വിശേഷിപ്പിച്ചതുപോലുള്ള അടിപതറാത്ത ധർമ്മമാർഗ്ഗത്തിന്റെ വിജയമാണത്.

പുലിയുടേത് വിശുദ്ധമായ ഒരു ആത്മബലിയാണ്. ഇത്തരുണത്തിൽ മാരാരിൽനിന്നു നേടിയ സൗന്ദര്യശിക്ഷണത്തിന്റെ വെളിച്ചത്തിൽ സി.വി.യുടെ

വിചിത്രകഥാപാത്രമായ കുഞ്ചൈക്കുട്ടിപിള്ളക്കാര്യക്കാരരുടെ ആത്മബലിയെ പുനർവായിക്കുന്നത് ഉചിതമായിരിക്കുമെന്നു തോന്നുന്നു. ടിപ്പുവിന്റെ സൈന്യം തിരുവിതാംകൂർ സൈന്യത്തിനു കനത്ത നാശനഷ്ടങ്ങൾ വരുത്തി തിരുവനന്തപുരത്തേക്കു മുന്നേറി ഭാരതപ്പുഴയുടെ തീരത്തെത്തി തമ്പടിക്കുന്നു. അതിഭയങ്കരമായ ഒരു പേമാരി തുടങ്ങി. കുഞ്ചൈക്കുട്ടി ചില കണക്കുകൂട്ടലുകളും ആരംഭിച്ചു. തന്റെ ഗുരു പറഞ്ഞുകേട്ട ഒരു കാനനജലാശയത്തെക്കുറിച്ച് അദ്ദേഹത്തിന് ഓർമ്മവന്നു. ഒരു മഹാഗിരികൂടത്തിലാണത്. കുഞ്ചൈക്കുട്ടി ഒരു ഭാണ്ഡക്കെട്ടുമായി പുറപ്പെട്ടു. ഘോര കാനനം, കോരിച്ചൊരിയുന്ന മഴ. ഇച്ഛാശക്തിയുടെയും നിശ്ചയദാർഢ്യത്തിന്റെയും ഭ്രാന്തമായുണർന്ന സ്വരാജ്യസ്നേഹത്തിന്റെയും മൂർത്തരൂപമായി അയാൾ യാതൊന്നിനെയും കൂസാതെ മുന്നോട്ടു ഗമിച്ചു. ഔഷധവൃക്ഷങ്ങളിലെ ഇലകളും ഫലങ്ങളുംമാത്രം ഭക്ഷണം. ആ പോക്കിനെക്കുറിച്ച് സി.വി. എഴുതുന്നു. "മുൾച്ചെടികളെ മൃണാളങ്ങളെന്നപോലെ ഭേദിച്ച്, വ്യാഘ്രശാർദ്ദൂല പരിസേവിതങ്ങളായ കാനനതലങ്ങളെ പൂങ്കാവുകളെന്നപോലെ ഹർഷത്തോടെ തരണംചെയ്യുന്നു." മുൾച്ചെടികൾ അയാൾക്ക് താമരവളയങ്ങളും ഹിംസ്രമൃഗങ്ങൾ നിറഞ്ഞ ഗിരികാനനം പൂന്തോട്ടവുമായിരുന്നത്രേ!

ഞാനൊരു വൈകുന്നേരം സാറിനെ കാണാൻ ഓശാനയിലെത്തി. ഒരു പകലുനീണ്ട അദ്ധ്വാനത്തിനുശേഷം വീട്ടിലേക്കു മടങ്ങാനുള്ള തത്രപ്പാടിലായിരുന്നു അദ്ദേഹം. അപ്പോഴാണ് ഒരു ലോക്കൽ ടി.വി ചാനൽ ഔട്ട്ഡോറിൽവെച്ച് ഒരു ഇന്റർവ്യൂ ഷൂട്ടു ചെയ്യാനെത്തിയത്. ഇരിക്കുന്നിടത്തുവെച്ചുതന്നെ പോരേ എന്ന അദ്ദേഹത്തിന്റെ അഭ്യർത്ഥന അവർ സ്നേഹപൂർവ്വം നിരസിച്ചു. വാർദ്ധക്യത്തെ കൂസാതെ ചാടിയെഴുന്നേറ്റ് എന്റെ കൈയും പിടിച്ച്, 'നടയെടാ വയറേ ഞാനിതാ പിറകേ'ന്നു നടന്നുതുടങ്ങിയ അദ്ദേഹം എന്നോടുപറഞ്ഞു, 'ആനന്ദമാണിത്.' ജോലി ആനന്ദത്തോടെ ചെയ്യുന്ന കുഞ്ചൈക്കുട്ടിമാർക്കും പുലിക്കുന്നന്മാർക്കുംമാത്രമേ ജീവിതത്തിൽ വിജയിക്കാനാവൂ. സി.വി. കുഞ്ചൈക്കുട്ടിയെക്കുറിച്ച് എഴുതിയതുപോലെ കാഷായവേഷധാരിയായല്ല, ലോകവ്യാപാരകനായി മുക്തി സമ്പാദിപ്പാൻ തീർച്ചപ്പെടുത്തിയവനായിരുന്നു പുലിക്കുന്നേൽ സാറും.

അതിദുർഘടമായ യാത്രയുടെ അന്ത്യത്തിൽ കുഞ്ചൈക്കുട്ടി മഹാഗിരിക്കൂടത്തിലെത്തി. അവിടെ "സാമാന്യ ജനതയ്ക്കു ദുർലഭമായുള്ള ഒരു വിശ്വദർശനം ഒരു ഗുപ്തപ്രതിജ്ഞയോടെ ഗിരിപ്രവേശം ചെയ്തിരിക്കുന്ന കാര്യക്കാർക്കു സംപ്രാപ്തമായി." അതേ, പ്രതിഭാശാലിയയ ഒരു സാമൂഹികപരിഷ്കർത്താവ് ദീർഘകാലത്തെ ക്ലേശസങ്കുലമായ പഠനമനനങ്ങളുടെ പരിണിതഫലമായി ആർജ്ജിക്കുന്ന ആശയലോകം സാമാന്യജനതയ്ക്ക് പെട്ടെന്ന് ദഹിച്ചെന്നു വരില്ല. ഒരു രണ്ടാം നവോത്ഥാനത്തിനു വഴിയൊരുക്കേണ്ട ആ ആശയലോകത്തെ ജനഹൃദയങ്ങളിലെത്തിക്കുന്നതിനു ബാദ്ധ്യസ്ഥരായ കേരളത്തിലെ മാദ്ധ്യമങ്ങൾ അക്കാര്യത്തിൽ പരാജയപ്പെടുകയുംചെയ്തു.

പേമാരികൊണ്ടു നിറഞ്ഞുകവിഞ്ഞു തടാകം. ആ തടാകത്തെ താങ്ങിനിർത്തുന്ന ഒരു കൂറ്റൻ പാറ. അതു മറിക്കുന്നതിന് ഉറച്ചുനിൽക്കാൻ ഒരിടം കണ്ടെത്തണം. കാര്യക്കാർ ഒരു കുഴി കുത്താനുള്ള ഭഗീരഥപ്രയത്നം ആരംഭിച്ചു. ഇടയ്ക്കദ്ദേഹത്തിന്റെപോലും വീരഹൃദയം ഒന്നു പതറുന്നുണ്ട്. പക്ഷേ ധീരന്മാരുടെ തീരുമാനങ്ങൾ ഈശ്വരനിശ്ചയമാണെന്ന ബോദ്ധ്യത്തോടെ അദ്ധ്വാനം തുടരുന്നു. ലക്ഷ്യത്തിലെത്തിയ കുഞ്ചൈക്കുട്ടി ആ ശിലാകുട്ടിമത്തിന്റെ അടിയിലേക്ക് തന്റെ പാരയെ കടത്തി. എന്നിട്ട് അതു മറിക്കാൻ താൻ അഭ്യസിച്ചിട്ടുള്ള യോഗസിദ്ധിയെ പ്രയോഗിച്ചു. ഇനി സി.വി. തന്നെ പറയട്ടെ: "കാര്യക്കാരുടെ കണ്ഠം ശിരസ്പരിമിതിയോളം വീർത്തു. ലലാടാസ്ഥികൾ ഭേദിക്കുംവണ്ണം കപാലബന്ധങ്ങൾ ത്രസിച്ചു. ഊരുജംഘകൾ സംയോജിക്കുമാറ് ആകുഞ്ചിതങ്ങളായി. വക്ഷസ്തടം കോദണ്ഡാകൃതിയിൽ വക്രിച്ചു. മുഖകണ്ഠങ്ങൾ പൃഷ്ഠഭാഗത്തോട് നമ്രങ്ങളായി. ആ സിദ്ധബലിഷ്ഠന്റെ മൂർദ്ധാവ് ഹാ! തകരുന്നു. മുഷ്ടികൾ താഴുന്നു. പ്രതിബന്ധശിലാകൂടം തടാകത്തിൽ ആമജ്ജനംചെയ്തു ബുൽബുദനിരകളെ പൊങ്ങിക്കുന്നു. ഒരു വജ്രജകണിക ആ സ്വജീവഹോതാവിന്റെ ജടാവലയമദ്ധ്യത്തിൽ ഉദിതമാകുന്നു. ഒരു മർമ്മരധ്വനി-സിംഹാരവം-മേഘാരവം-ബ്രഹ്മാണ്ഡഭേദനാരവം!" കുഞ്ചൈക്കുട്ടിയോടൊപ്പം ഭാരതപ്പുഴയിലെത്തിയ ആ പ്രളയജലത്തിൽ ടിപ്പുവിന്റെ സൈന്യം ഒലിച്ചുപോയി. എത്ര ശ്രേഷ്ഠമായ ആത്മബലി!

എറണാകുളം-അങ്കമാലി അതിരൂപതയിലെ ഭൂമികുംഭകോണത്തിന്റെ പശ്ചാത്തലത്തിൽ പുലിക്കുന്നേലിന്റെ ആശയങ്ങളുടെയും ചർച്ച് ആക്റ്റിന്റെയും പ്രസക്തിയെ ഉച്ചത്തിൽ വിളിച്ചുകൂവാൻ 2017 ഡിസംബർ 26-ന് ഞങ്ങളൊരു പത്രസമ്മേളനം നടത്തി. മേജർ ആർച്ചുബിഷപ്പ്സ് ഹൗസിന്റെ പടിക്കൽ 2018 ജനുവരി 6-ന് ഒരു പ്രാർത്ഥനാധർണ്ണ നടത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. മേജർ ആർച്ചുബിഷപ്പ് ആണല്ലോ മുഖ്യപ്രതി. ഞങ്ങളുടെ പത്രസമ്മേളനത്തോടെ ചർച്ച് ആക്റ്റ് എട്ടുനിലയിൽ പൊട്ടുമെന്നായിരുന്നു ഞങ്ങളുടെ ധാരണ. മാധ്യമങ്ങൾ ഞങ്ങളുടെ നീക്കത്തെ ക്രൂരമായി തമസ്കരിച്ചു. ഞങ്ങൾ നിരാശരായി. അപ്പോഴാണ് മാധ്യമങ്ങൾക്കു മറച്ചുവെക്കാനാവാത്ത ആ മരണം സംഭവിച്ചത്; 2017 ഡിസംബർ 28-ന് രാവിലെ 3.30-ന്. അതോടൊപ്പം അവർ മറച്ചുവെച്ച ആശയങ്ങൾ പതിനാറു നിലയിൽ പൊട്ടുകയുംചെയ്തു.

യുധിഷ്ഠിരകഥയിലൂടെ ആർഷകവി സാധിച്ചത് അടിപതറാത്ത ധർമ്മഗതിയുടെ ചിത്രീകരണമാണെങ്കിൽ, കുഞ്ചൈക്കുട്ടിയുടെ ആത്മബലിയുടെ ചിത്രീകരണത്തിലൂടെ സി.വി.സാധിച്ചത് ഒരു വിപ്ലവകാരിയുടെ ക്ലേശഭൂയിഷ്ഠമായ ജീവിതവും വിജയപര്യവസിതമായ മധുരോദാരമരണവുമത്രേ! അതേ, പുലികാലത്തിന്റെ മഹാപ്രവാഹത്തിൽ മറഞ്ഞത് മതമലിനജലസേതു തകർത്തുകൊണ്ടാണ്.

ഫോൺ: 9446561252

പ്രസംഗപീഢകർ, 'മരാമത്ത'ന്മാർ മുതലായ വഷളന്മാരെയും അവർ പള്ളിക്കുള്ളിലും പുറത്തും മാന്യമായി പരസ്യവിചാരണ നടത്തും.... അപ്പോൾ, 'ഇതെല്ലാം ഞങ്ങൾക്കു കർത്താവ് തന്നതാണെ'ന്നു പറയാൻ അവർ നാവുപൊക്കും. രൂക്ഷമായിത്തുടരുന്ന നോട്ടത്തിനു മുമ്പിൽ, 'അല്ല, കർത്താവല്ല; വത്തിക്കാൻ' എന്നു തിരുത്തും. 'ഇന്ത്യയിലെ ക്രൈസ്തവരുടെ ദേശീയ സ്വത്തു നിങ്ങൾക്കു നൽകാൻ വത്തിക്കാൻ രാഷ്ട്രത്തിനെന്തവകാശം?' എന്ന ചോദ്യത്തിനുമുമ്പിൽ മുഴുവൻ പുരോഹിതപ്പടയുടെയും നാവടങ്ങും. അല്പന് അർത്ഥം കിട്ടിയാലെന്നപോലെ, അവർ മുഖത്തും ദേഹത്തും വച്ചുകെട്ടിക്കൊണ്ടു നടന്നിരുന്ന കൃത്രിമ ഗൗരവവും ധാർഷ്ട്യവും എല്ലാ സ്വർണ്ണവർണ്ണാങ്കിത പത്രാസുകളും അഴിഞ്ഞുവീഴും. അതോടെ രാഷ്ട്രീയപാർട്ടികളെയും ഗവൺമെണ്ടിനെയും ബാധിച്ചിരുന്ന പുരോഹിതപ്പേടി ഒഴിഞ്ഞുപോകും. ജോസഫ് പുലിക്കുന്നേൽ വിഭാവനം ചെയ്തപ്രകാരം, സുവിശേഷത്തിനും ആദിമസഭയുടെയും കേരളസഭയുടെയും വിശുദ്ധപാരമ്പര്യങ്ങൾക്കും അനുസൃതമായി ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിൽ നിയമപരിഷ്കരണ കമ്മീഷൻ രൂപംകൊടുത്ത് 2009 ജനു. 26-ന് ഗവൺമെണ്ടിനു സമർപ്പിച്ച 'The Kerala Christian Church Properties and Institutions Trust Bill' എന്ന കരടുനിയമം കേരളാ അസംബ്ലി ചർച്ചചെയ്ത് പാസ്സാക്കും. അങ്ങനെ, 'മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടു'മെന്ന കേരളനസ്രാണികളുടെ മഹത്തായ പാരമ്പര്യം നിയമപരമായി അംഗീകരിക്കപ്പെടും.

അതോടെ, സഭാവക പള്ളികളും സ്ഥാപനങ്ങളും മറ്റു സ്വത്തുവകകളും നോക്കിനടത്താനുള്ള അവകാശവും കടമയും അവയുടെ യഥാർത്ഥ ഉടമകളായ വിശ്വാസിസമൂഹത്തിന്റെ കൈകളിൽ വന്നുചേരും. അവരുടെ അന്തസ് ഉയരും. ഓരോ ഇടവകയുടെയും സ്വത്തുവകകൾ, കാലാകാലങ്ങളിൽ ഇടവക പൊതുയോഗം തിരഞ്ഞെടുക്കുന്ന പള്ളിക്കമ്മിറ്റിയും കൈക്കാരന്മാരും ചേർന്ന് സുതാര്യമായി ഭരിക്കും. രൂപതാസ്വത്തുക്കളും സ്ഥാപനങ്ങളും ഭരിക്കാൻ ഓരോ ഇടവകയിൽനിന്നും തിരഞ്ഞെടുക്കുന്ന പ്രതിനിധികളടങ്ങിയ രൂപതാക്കമ്മിറ്റികളുണ്ടാകും. ഓരോ ആകമാനസഭ (ഉദാ. സീറോ-മലബാർ)യുടെയും സംസ്ഥാനതലത്തിലുള്ള സ്വത്തുക്കളുടെ കൈകാര്യകർത്തൃത്വം വഹിക്കുന്നതും ഇടവകകളിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ സഭാക്കമ്മിറ്റി ആയിത്തീരും. ഈ ഓരോ തട്ടിലുമുള്ള യോഗങ്ങൾക്ക് ആദ്ധ്യക്ഷ്യംവഹിക്കാനും അവയുടെ നടത്തിപ്പിൽ ധാർമ്മികോപദേശങ്ങൾ നൽകാനുമുള്ള ഉത്തരവാദിത്വമായിരിക്കും വികാരിക്കും മെത്രാനും മേജർ ആർച്ചുബിഷപ്പ് പോലുള്ള സ്ഥാനികൾക്കും ഉണ്ടാകുക.

കേരളസഭയിൽ ഇന്നു കാണുന്ന എല്ലാ പുരോഹിതജീർണ്ണതൾക്കും മുഖ്യകാരണമായിരിക്കുന്നത്, ആദിമസഭയിലേതുപോലെ സഭയിലെ ആദ്ധ്യാത്മികശുശ്രൂഷകളെയും ഭൗതികശുശ്രൂഷകളെയും വേർതിരിച്ചുള്ള ഇത്തരമൊരു നിയമത്തിന്റെ അഭാവമാണ്. അതുണ്ടായാൽ, കേരളത്തിലെ സഭകളിലിന്നു നിലനിൽക്കുന്ന പുരോഹിതകൊളോണിയലിസം അവസാനിക്കും. കോൺസ്റ്റന്റൈന്റെ ദുരാത്മാവ് പുറത്താകുകയും യേശുവിന്റെ ദൈവികചൈതന്യം സഭയിലേക്കു കടന്നുവരുകയും ചെയ്യും. കാനോൻ നിയമമെന്ന റോമൻ മനുസ്മൃതിയുടെ പ്രഭാവം അസ്തമിക്കും. യേശുവിന്റെ മധുരോദാരവും വിപ്ലവകരവുമായ സ്നേഹത്തിന്റെ സ്വയംപ്രവർത്തകനിയമം സഭയിൽ പ്രതിഷ്ഠിക്കപ്പെടും. അധികാരപൗരോഹിത്യത്തിന് സ്വയം പിൻവലിയേണ്ടിവരുകയും ജ്ഞാനവും ആത്മീയതയുമുള്ളവർ ആദ്ധ്യാത്മികപ്രബോധകരായി രംഗപ്രവേശം നടത്തുകയുംചെയ്യും. സഭ, യേശു വിഭാവനംചെയ്ത ദൈവരാജ്യത്തിന്റെ മാതൃകയിൽ രൂപപ്പെടും.

ഭാവിയുടെ ചക്രവാളത്തിൽ ഭാവനയിൽ തെളിഞ്ഞു കാണാവുന്ന ഈ വിദൂരസാധ്യതയിലേക്കുള്ള ആദ്യപടി, പക്ഷേ, ചർച്ച് ആക്ട് എന്ന വിഷയത്തിലേക്കു ഗൗരവപൂർവ്വം കടക്കുക എന്നതാണ്. അതു പ്രാബല്യത്തിൽ കൊണ്ടുവരാനുള്ള ഭഗീരഥപ്രയത്നങ്ങൾക്ക് ആക്കംകൂട്ടുക എന്നതാണ്. അതിന്, കേരളത്തിലങ്ങോളമിങ്ങോളം ചിതറിക്കിടക്കുന്ന പുലിക്കുന്നേലിന്റെ ആശയശിഷ്യന്മാർ സടകുടഞ്ഞുണർന്ന് കൈകോർക്കേണ്ടിയിരിക്കുന്നു. തലകൾ ചേർത്തുവച്ച്, ചർച്ച് ആക്ടിന്റെ അനിവാര്യതയെക്കുറിച്ച് കേരളക്രൈസ്തവരെയും ജനപ്രതിനിധികളെയും രാഷ്ട്രീയകക്ഷികളെയും ജൂഡീഷ്യറിയെയും ബോധ്യപ്പെടുത്തുവാനുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അടിയന്തിരമായി പ്രവർത്തിച്ചുതുടങ്ങേണ്ടിയിരിക്കുന്നു. ഈ പ്രക്രിയയെ സഹായിക്കാൻ, ഫേസ്ബുക്കിലൂടെയും വാട്ട്സാപ്പിലൂടെയുമെല്ലാം പുരോഹിതവർഗ്ഗത്തെ ധീരമായി ശകാരിച്ചും വെല്ലുവിളിച്ചും വികാരശമനം വരുത്തി കൃതകൃത്യതബോധത്തോടെ ഉറങ്ങുന്ന യുവാക്കളായ നവമാധ്യമവീരന്മാർകൂടി, സഭയെന്ന യഥാർത്ഥ കർമ്മഭൂമിയിലേക്ക് അതേ ധീരതയോടെ കടന്നുവരേണ്ടിയിരിക്കുന്നു. മഹാപുരോഹിതരെയുൾപ്പെടെ ജനസമൂഹത്തിനുമുമ്പിൽ പ്രതികളാക്കി കാലം വച്ചുനീട്ടുന്ന ഇത്തരം അനുകൂലസന്ദർഭങ്ങൾ കളഞ്ഞുകുളിച്ചാൽ ചരിത്രം ഈ തലമുറയ്ക്കു മാപ്പു തരില്ല.

ആദ്യമായിത്തന്നെ, ഈ ഭൂമികുംഭകോണത്തിൽ അന്തർഭവിച്ചിരിക്കുന്ന വിശ്വാസവഞ്ചനകൾ (ഉദാഹരണത്തിന്, ജീവകാരുണ്യപ്രവർത്തനങ്ങൾക്കെന്ന ഒറ്റ നിയോഗത്തിൽ 'അലക്സിയൻ ബ്രദേഴ്സ്' നൽകിയ ഒരേക്കർ സ്ഥലം ആ നിയോഗം പാലിക്കാതെ വിറ്റത്), നികുതിവെട്ടിപ്പ്, അഴിമതി, നിഗൂഢത മുതലായ പ്രശ്നങ്ങൾ അതാതുതലങ്ങളിൽ പരാതികളായും കോടതിക്കേസ്സുകളായും പ്രതിഷേധയോഗങ്ങളും സമരങ്ങളുമായും സജീവമാക്കിനിർത്തേണ്ടതുണ്ട്. 36 ആധാരങ്ങളും ഒരു പ്രത്യേക മതവിഭാഗത്തിലുള്ളവരുടെ പേരിലാണു നടത്തിക്കൊടുത്തതെന്നു കേൾക്കുന്നു. അങ്ങനെയെങ്കിൽ, ഇതിൽ തീവ്രവാദബന്ധവും ഹവാലാപ്പണത്തിന്റെ വിനിയോഗവും നടന്നിട്ടുണ്ടോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട്, അത്തരം കാര്യങ്ങളന്വേഷിക്കുന്ന National Investigation Agency (NIA) -യെ സമീപിച്ച് ആ തലത്തിലുള്ള അന്വേഷണവും ആവശ്യപ്പെടേണ്ടതുണ്ട്. 9 കോടിരൂപ മാത്രമേ ലഭിച്ചുള്ളൂ, വഞ്ചിക്കപ്പെട്ടു, എന്ന് ആലഞ്ചേരിവിഭാഗവും എതിർവിഭാഗവും ഉയർത്തുന്ന പരിദേവനം എത്രമാത്രം വിശ്വസനീയമാണ് എന്ന സംശയം സമൂഹത്തിൽ നിലനിൽക്കുന്നു. കാരണം, ആദ്ധ്യാ

ഉടമസ്ഥരായ വിശ്വാസികളൊന്നിച്ചുകൂടി അവിശ്വസ്തരായ കാര്യസ്ഥന്മാരെ വളഞ്ഞു ചോദ്യംചെയ്യുകയാണു വേണ്ടത്. കാര്യസ്ഥന്മാർ യജമാനന്മാരായിരിക്കുന്ന സഭാവ്യവസ്ഥിതി പൊളിച്ചുപണിയാനുള്ള പ്രവർത്തനങ്ങളിൽ അണിചേരുകയാണുവേണ്ടത്.

ത്മികതയിൽ എത്ര പിറകിലാണെങ്കിലും ഭൗതികവും സാമ്പത്തികവുമായ ഏതുകാര്യത്തിലും തെറ്റുപറ്റാനാവാത്ത വിധം സൂക്ഷ്മതയും ദീർഘദൃഷ്ടിയും വൈദഗ്ദ്ധ്യവുമുള്ളവരാണ് പൊതുവേ വൈദികർ എന്ന് എല്ലാവർക്കും അറിയാം. അതുകൊണ്ട്, ബാക്കിപണം ഈ കച്ചവടവുമായി ബന്ധപ്പെട്ട വൈദികർക്ക് ഹവാലാപണമായി നൽകിയിട്ടുണ്ടാകാം എന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റപ്പെടുത്താനാവില്ല. അതു വീതംവയ്ക്കുന്നതിലുണ്ടായ തർക്കംകൊണ്ടാകാം, ഇതൊരു വിവാദമായി പുറത്തായത് എന്നുപോലും കരുതാം. അതുകൊണ്ട്, അതിനിഗൂഢമായി നടത്തപ്പെട്ട ഈ ഭൂമിയിടപാടു സംബന്ധിച്ച മുഴുവൻ സത്യങ്ങളും പുറത്തുകൊണ്ടുവരണമെന്ന ആവശ്യവും ഉയർത്തേണ്ടതുണ്ട്. അങ്ങനെ, എല്ലാ പ്രകാരത്തിലും ഈ ഇടപാടുമായി ബന്ധമുള്ള സീറോ-മലബാർ സഭയിലെ സകലരെയും, സ്ഥാനവ്യത്യാസമില്ലാതെ, മുൾമുനയിൽ നിർത്തിക്കൊണ്ടും തുറന്നുകാട്ടിക്കൊണ്ടുമാവണം ചർച്ച് ആക്ടിന്റെ അനിവാര്യത ജനങ്ങളെയും ജനപ്രതിനിധികളെയും ബോധ്യപ്പെടുത്തേണ്ടത്.

ഈ മുന്നേറ്റം വിജയിക്കുന്നതിനനുസരിച്ച്, വിശ്വാസിസമൂഹത്തിനാകെത്തന്നെ ആത്മവിശ്വാസവും പ്രതികരിക്കാനുള്ള കരുത്തും വർദ്ധിക്കും. ഓരോ രൂപതയിലും നടന്ന ഇമ്മാതിരി ഭൂമികുംഭകോണങ്ങളും മറ്റു തട്ടിപ്പുകളും നടന്നതായ വാർത്തകൾ അവർതന്നെ പുറത്തുകൊണ്ടുവരും. ഇപ്പോൾത്തന്നെ കൊല്ലം രൂപതയിൽ നടന്ന ഒരു ഭൂമികുംഭകോണത്തിന്റെ വാർത്ത പുറത്തായിരിക്കുന്നു (കാണുക, പേജ് 25). പാവങ്ങളെ വഞ്ചിച്ചുകൊണ്ട് തൃശൂർ രൂപതയിൽ മുമ്പു നടത്തിയ ഒരു ഭൂമിയിടപാടിന്റെ വിവരവും പുറത്തുവന്നിരിക്കുന്നു (കാണുക, പേജ് 26). എറണാകുളം-അങ്കമാലി രൂപതയിൽത്തന്നെയുള്ള എഴുപുന്ന സെന്റ് റാഫേൽ ചർച്ചിന്റെ ഒന്നര ഏക്കർ ഭൂമി ഒരാവശ്യവുമില്ലാതെ വിറ്റതിൽ ഇടവകയ്ക്ക് മൂന്നേകാൽ കോടിയോളം രൂപ നഷ്ടമായെന്ന വാർത്ത 2018 ജനുവരി 12-ലെ ദേശാഭിമാനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ഭൂമികുംഭകോണവിഷയങ്ങളെല്ലാം 'ലൈവ്' ആയി നിലനിർത്തുന്നതിൽ പുലിക്കുന്നേലിന്റെ പുലിക്കുട്ടികൾ വിജയിച്ചാൽ, കേരളത്തിലെ മുഴുവൻ മെത്രാന്മാരെയും കോർണർചെയ്തു നിലയ്ക്കുനിർത്താനും സത്യം ഏറ്റുപറയിക്കാനും 'ചർച്ച് ആക്ടി'നനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാനും എളുപ്പത്തിൽ സാധിക്കും.

മറിച്ച് നാം നിഷ്ക്രിയരായാൽ, എറണാകുളം അതിരൂപതയിലെ 500-ൽത്താഴെ വൈദികരുടെമാത്രം പ്രശ്നമായി ഈ കുംഭകോണം ഒതുക്കപ്പെടും. ഇപ്പോൾത്തന്നെ, വിമതപുരോഹിതവിഭാഗത്തെ അനുനയിപ്പിച്ച് ഇക്കാര്യം ഒതുക്കിത്തീർക്കുകയെന്ന ലക്ഷ്യത്തോടെ സീറോ-മലബാർ മെത്രാൻ സിനഡ് ഒരു അഞ്ചംഗമെത്രാൻസമിതിയെ നിയോഗിച്ചിരിക്കുന്നു! സഭയിലെ എല്ലാ വിഭാഗങ്ങളുടെയും പ്രാതിനിധ്യമുള്ള ഒരു സഭാസിനഡിനുമാത്രമേ സഭയുടെ പൊതുസ്വത്തുമായി ബന്ധപ്പെട്ട് വിഷയങ്ങളിൽ തീർപ്പുണ്ടാക്കുവാനും സമിതികളെ നിയോഗിക്കാനും അധികാരമുള്ളൂ എന്നിരിക്കെയാണ് മെത്രാന്മാരുടെ തികച്ചും അധാർമ്മികമായ ഈ നീക്കം എന്നു കാണേണ്ടതുണ്ട്. മലപോലെ ഉയർന്നുവന്ന ഒരു യഥാർത്ഥ പ്രശ്നത്തെ എലിപ്പോലെയാക്കി മടയിലേക്ക് ഒതുക്കിക്കയറ്റാനുള്ള മെത്രാൻസംഘത്തിന്റെ ഈ നീക്കം വിജയിച്ചാൽ, സഭാസ്വത്തുക്കളുടെ രഹസ്യവില്പനയും അഴിമതിയും ഓരോ രൂപതയിലും വർദ്ധിതവീര്യത്തോടെ തുടർന്നും നടക്കുന്ന സ്ഥിതിയുണ്ടാകും.

ഇവിടെ നാം കാണേണ്ടത്, ഈ മെത്രാൻസംഘവും എറണാകുളം-അങ്കമാലി രൂപതയിലെ പുരോഹിതരും വിയർത്തോ ദാനംചെയ്തോ ഉണ്ടാക്കിയ ഭൂമിയാണു വിറ്റത് എന്നുവരുകിൽമാത്രമേ ഇത് അവർക്കു കൈകാര്യം ചെയ്യാനാകുന്ന ഒരു പ്രശ്നമാകൂ എന്നാണ്. എന്നാൽ, വിറ്റത് എറണാകുളം അതിരൂപതയിലെ, സീറോ-മലബാർ സഭാംഗങ്ങളുടെ പൊതുസ്വത്താണ്. അവരുടെ അംഗീകാരമില്ലാതെ, അതു വിറ്റു എന്നതാണു പ്രശ്നം. അതെങ്ങനെ വൈദികസമിതിയോ മെത്രാൻസിനഡോ വിളിച്ചുകൂട്ടി തീർപ്പാക്കാനാകും?

നഷ്ടക്കച്ചവടമായിപ്പോയി എന്നതാണ് വിമതപുരോഹിതരുടെ ആരോപണമെങ്കിൽ, തങ്ങളറിയാതെ വിറ്റു എന്നതാണ്, സീറോ-മലബാർ സഭാംഗങ്ങളെന്ന നിലയിൽ വിശ്വാസികൾ ഉന്നയിക്കുന്നതും കൂടുതൽ ശക്തമായി ഉന്നയിക്കേണ്ടതുമായ ആരോപണം. ഉടമസ്ഥന്മാരറിയാതെ അവരുടെ സ്വത്തുവകകൾ കാര്യസ്ഥന്മാർ വിറ്റു എന്നതാണു കുറ്റം. നഷ്ടം വരുത്തിവിറ്റ് ലാഭം പങ്കിടുന്നതിലുണ്ടായ തർക്കം ഈ കാര്യസ്ഥന്മാർ തമ്മിൽ പറഞ്ഞുതീർത്തതുകൊണ്ട് ഉടമസ്ഥരോടു ചെയ്ത കുറ്റത്തിനു പരിഹാരമാകുന്നതെങ്ങനെ?

അതുകൊണ്ട്, ഉടമസ്ഥരായ വിശ്വാസികളൊന്നിച്ചുകൂടി അവിശ്വസ്തരായ കാര്യസ്ഥന്മാരെ വളഞ്ഞു ചോദ്യംചെയ്യുകയാണു വേണ്ടത്. കാര്യസ്ഥന്മാർ യജമാനന്മാരായിരിക്കുന്ന സഭാവ്യവസ്ഥിതി പൊളിച്ചുപണിയാനുള്ള പ്രവർത്തനങ്ങളിൽ അണിചേരുകയാണുവേണ്ടത്.

സാമാന്യബുദ്ധിയും സ്വതന്ത്രമായി ചിന്തിക്കാൻ ശേഷിയും അല്പമെങ്കിലും കരുത്തുമുള്ള കേരളത്തിലെ മുഴുവൻ ക്രൈസ്തവരും 'ചർച്ച് ആക്ട്' പ്രാബല്യത്തിൽ കൊണ്ടുവരുക എന്ന ഒരേയൊരു ലക്ഷ്യത്തിൽ, വിശ്വാസപരവും ആചാരപരവുമായ വ്യത്യസ്തതകളെല്ലാം മറന്ന് ഒന്നുചേർന്ന്, യേശുവിൽ ധീരരായി രംഗത്തിറങ്ങി പ്രവർത്തിക്കാൻ കാലമായിരിക്കുന്നു. അതു സംഭവിക്കട്ടെ!

**എഡിറ്റർ**

## KCRM പ്രതിമാസപരിപാടി-പാലാ

# ചർച്ചായോഗവും പൊതുസമ്മേളനവും

## ചർച്ചാ സമ്മേളനം

**2018 ജനു. 27 ശനിയാഴ്ച 1.30 PM മുതൽ, പാലാ, ടോംസ് ചേമ്പർ ഹാളിൽ**

| | | |
|---|---|---|
| വിഷയം | : | **സഭയിലെ ഭൂമികുംഭകോണത്തിന്റെ പശ്ചാത്തലത്തിൽ ചർച്ച് ആക്ടിന്റെ അനിവാര്യത** |
| വിഷയാവതാരകർ | : | **പ്രൊഫ. പി.സി.ദേവസ്യ, അഡ്വ. ജോസ് ജോസഫ്, അഡ്വ. ജോസ് പാലിയത്ത്, ശ്രീ. സി.വി. ജോർജ്** |
| അവശ്യം ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ചു സംസാരിക്കുന്നവർ | : | **പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം, കെ.ജോർജ് ജോസഫ്, പ്രൊഫ. ഇപ്പൻ, ഡോ.എം.കെ. മാത്യു** |
| പൊതുചർച്ച | : | വേദിയിലും സദസിലും ഉള്ളവർ |

## പുലിക്കുന്നേൽ അനുസ്മരണവും ആനുകാലിക സഭാവിഷയങ്ങളിൽ പൊതുസമ്മേളനവും

**അന്നുതന്നെ, 5.30 p.m. മുതൽ പാലാ ളാലം പാലം ജംഗ്ഷനിൽ**

| | |
|---|---|
| അദ്ധ്യക്ഷൻ | : **പ്രൊഫ. എൻ.എം.ജോസഫ്** (മുൻമന്ത്രി) |
| പുലിക്കുന്നേൽ അനുസ്മരണപ്രഭാഷണം | : **ഫാ.ജോസ് കളീക്കൽ** |
| ചർച്ച് ആക്ട് എന്ത്, എന്തിന്? ഭൂമികുംഭകോണവും ചർച്ച് ആക്ടിന്റെ അനിവാര്യതയും -വിശദീകരണപ്രസംഗങ്ങൾ | : **KCRM സാരഥികൾ** |

ബഹുമാന്യരേ,

ഇന്നത്തെ സവിശേഷസഭാസാഹചര്യത്തിൽ, വളരെ പ്രാധാന്യം നൽകി KCRM സംഘടിപ്പിക്കുന്ന ഈ ചർച്ചായോഗത്തിലും പൊതുസമ്മേളനത്തിലും ഭാഗഭാക്കാകാൻ ഹാർദ്ദമായി ക്ഷണിക്കുന്നു. **ചർച്ചാസമ്മേളനം കൃത്യം 1.30-നുതന്നെ ആരംഭിക്കുന്നതാണ്.**

ആദരപൂർവ്വം,

**ഷാജു ജോസ് തറപ്പേൽ** (സെക്രട്ടറി, KCRM)

## KCRM പ്രതിമാസപരിപാടി - തൊടുപുഴ

# വിഷയം: ആലഞ്ചേരിയും നാല്പതു കള്ളന്മാരും

**ചർച്ചാസമ്മേളനം**

**2018- ജനുവരി 28 ഞായർ 2 മണി മുതൽ**

**തൊടുപുഴ വിനായകാ ഓഡിറ്റോറിയത്തിൽ (ചാഴിക്കാട് ആശുപത്രി ജംഗ്ഷൻ)**

സഭയിൽ നടന്ന ഭൂമിവില്പനവിവാദത്തിന്റെ ഓരോ വശവും ചർച്ചചെയ്യുന്നു.

1. ഭൂമിവില്പനയും വാങ്ങലും നിയമത്തിന്റെ കണ്ണുമൂടിക്കൊണ്ടുള്ള ഒരു കള്ളക്കളി.
**നിയമവശം ചർച്ചചെയ്യുന്നത്- അഡ്വ. ജോസ് ജോസഫ്, അരയകുന്നേൽ**

2. "എന്തും ആകാമെന്നു കരുതി ക്രിസ്തുവിന്റെ പുരോഹിതർക്ക് എന്തും ചെയ്യാമോ?"
**ഭൂമി വിവാദത്തിന്റെ - മോറൽ തിയോളജി - അഡ്വ. ജോസ് പാലിയത്ത്**

3. "അത്മായരെ അകറ്റിനിറുത്തി കച്ചവടം പൊടിപൊടിക്കുന്ന ഇന്നത്തെ സ്ഥിതി മാറാൻ ചർച്ച് ആക്റ്റിന്റെ ആവശ്യകത" - **ശ്രീ സി.വി. ജോർജ്**

**ചർച്ചാസമ്മേളനത്തിലേക്ക് എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.**

**പ്രൊഫ. പി.സി ദേവസ്യാ** (യൂണിറ്റ് സെക്രട്ടറി)

പുലിക്കുന്നേൽ, ഭൂമികുംഭകോണം, ചർച്ച് ആക്ട് വിശേഷാൽപ്പതിപ്പ്



# മഹാനായ സഭാനവീകരണപോരാളി ജോസഫ് പുലിക്കുന്നേൽ

**ചാക്കോ കളരിക്കൽ (USA)**

**ഡി**സംബർ 28, 2017 വ്യാഴാഴ്ച പുലർച്ചെ 3.30-ന് ശ്രീ ജോസഫ് പുലിക്കുന്നേൽ അദ്ദേഹം താമസിച്ചിരുന്ന ഓശാനമൗണ്ടിൽവച്ച് അന്തരിച്ചു എന്ന വാർത്ത അതീവസങ്കടത്തോടെയാണ് ഞാൻ ശ്രവിച്ചത്. മരിക്കുമ്പോൾ അദ്ദേഹത്തിന് പ്രായം 85 ആയിരുന്നു.

ഓരോരോ കാലഘട്ടത്തിൽ ഓരോരോ സവിശേഷജന്മങ്ങൾ പ്രത്യക്ഷപ്പെടുമെന്ന് നാം കേട്ടിട്ടുണ്ട്. ആഗോള കത്തോലിക്കാസഭയെയും പ്രത്യേകിച്ച് സീറോ



-മലബാർസഭയെയും നേർവഴിയിലേക്കു തിരിക്കാനുള്ള ഒരു നവയുഗജന്മമായിരുന്നു ശ്രീ ജോസഫ് പുലിക്കുന്നേൽ. ഓശാന ലൈബ്രേറിയനും 'ഏകാന്ത ദൗത്യം-ജോസഫ് പുലിക്കുന്നേലിന്റെ ജീവിതം' എന്ന പുസ്തകത്തിന്റെ എഡിറ്ററുമായ ശ്രീമതി റോസമ്മ എബ്രാഹം തന്റെ ആമുഖത്തിൽ ജോസഫ് പുലിക്കുന്നേലിനെപ്പറ്റി എഴുതിയിരിക്കുന്നത്, "ആശയങ്ങളുടെ ആഴങ്ങൾകൊണ്ട് ഉയരങ്ങൾ കീഴടക്കിയ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്" എന്നാണ്. ജീവിതത്തിൽ അനേകം പ്രതിസന്ധികളെ നേരിടേണ്ടിവന്നിട്ടുള്ള അദ്ദേഹം കഴിഞ്ഞ 45 വർഷത്തിനുമേൽ, കത്തോലിക്കാസഭയും സീറോ-മലബാർസഭയും വളരെ കുഴഞ്ഞുമറിഞ്ഞ ഒരു അന്തരീക്ഷത്തിൽക്കൂടി നീങ്ങിക്കൊണ്ടിരുന്ന അവസരത്തിൽ, മാർത്തോമ്മാക്രിസ്ത്യാനികളുടെ പൗരാണികമായ സാംസ്കാരിക ഈടുവയ്പ്പുകളെ വർത്തമാനകാലത്തിന്റെ മനസ്സിൽ വ്യക്തമായും സുശക്തമായും സഭാമേലധികാരികൾക്കും സമൂഹത്തിനുംമുമ്പിൽ തുറന്നുകാട്ടി. മാർത്തോമ്മായുടെ മുന്തിരിത്തോട്ടത്തിൽ സ്നേഹശൂന്യരും കാരുണ്യശൂന്യരും പണക്കൊതിയരുമായ മെത്രാൻകാട്ടാനകളുടെ ആക്രമണങ്ങൾക്കെതിരായി ഒറ്റയാനായിനിന്ന് ശക്തിയുക്തം അദ്ദേഹം പോരാടി.

പുലിക്കുന്നേലിനെ കേവലം ഒരു അളവുകോലുകൊണ്ട് അളക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. ബഹുമുഖപ്രതിഭകളുടെ ഒരു സമാഹാരമായിരുന്നു, അദ്ദേഹം. ചരിത്രപണ്ഡിതൻ, ബൈബിൾപണ്ഡിതനും വ്യാഖ്യാതാവും, എഴുത്തുകാരൻ, വാഗ്മി, സംഘാടകൻ, ജീവകാരുണ്യപ്രവർത്തകൻ എന്നിങ്ങനെ അനവധി സിദ്ധികളാൽ അനുഗൃഹീതനായിരുന്നു, അദ്ദേഹം. തനിക്കു ലഭിച്ച കഴിവുകൾ, അങ്ങേയറ്റം യാഥാസ്ഥിതികമായിരുന്ന കേരളക്രൈസ്തവസമുദായത്തെ ഉണർത്താൻ ഭയലേശമെന്യേ അദ്ദേഹം എടുത്തു പ്രയോഗിച്ചു. വളരെപ്പേർ ഉണർന്നു. അതിൻഫലമായി, വളരെയധികം പരിവർത്തനങ്ങൾ സഭയിലും സമൂഹത്തിലും സംഭവിക്കുകയും സംഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

പുലിക്കുന്നേൽ ഒരു പ്രസ്ഥാനമായിരുന്നു; സഭയെ നവീകരിക്കന്നതിനായി അവതരിച്ച ഒരു മഹാവ്യക്തിത്വമായിരുന്നു. പള്ളിയിൽ പോകാനും അച്ചന്മാരെ അനുസരിക്കാനും പള്ളിക്ക് സംഭാവന നല്കാനും പ്രാർത്ഥിക്കാനുംമാത്രമേ കടമയുള്ളൂ എന്നു വിശ്വസിച്ചിരുന്ന ഒരു സമൂഹത്തെ ചിന്തിക്കാനും പ്രതികരിക്കാനും ശീലിപ്പിക്കുകയായിരുന്നു അദ്ദേഹം. ഈ പ്രവർത്തനത്തിന് ആശയപരമായ ഒരാവേശം ആവശ്യമാണ്. അത് വേണ്ടുവോളം അദ്ദേഹത്തിനുണ്ടായിരുന്നു. സമൂഹത്തിൽ മാറ്റംവന്നാൽമാത്രമേ സഭാമേലധികാരികൾക്ക് മാറ്റംവരൂ എന്നദ്ദേഹം വിശ്വസിച്ചിരുന്നു. അതിശക്തവും സംഘടിതവും സ്ഥാപനവൽകൃതവുമായ സഭാഘടനയ്ക്കെതിരെയാണ് അദ്ദേഹം പോരാടിയെതെന്നോർക്കണം.

സഭയിലും സമൂഹത്തിലും ആരോഗ്യപരമായ മാറ്റങ്ങൾ സംഭവിക്കുന്നത് സ്വതന്ത്രവിമർശനങ്ങൾ വഴിയാണ്. സത്യത്തിലും നീതിയിലുംനടക്കാത്തവരാണ്, അവയുടെ അടിസ്ഥാനത്തിൽ സഭയെ വിമർശിക്കുന്നവരെ, സഭാദ്രോഹികളാണെന്നു പറഞ്ഞ് വിമർശിക്കുന്നത്. അധികാരകേന്ദ്രീകൃതമായ ഒരു സഭയെയല്ല യേശു സ്ഥാപിച്ചത്. മറിച്ച്, പരസ്പരസ്നേഹത്തിന്റെയും സേവനത്തിന്റെയും കൂട്ടായ്മയെയാണ്. അധികാരകേന്ദ്രീകൃതമായ ഇന്നത്തെ സഭയെ, കർത്താവിന്റെ സഭയാണിത് എന്നുപറഞ്ഞ് കൊണ്ടുനടക്കാൻ നാം ലജ്ജിക്കണമെന്നായിരുന്നു പുലിക്കുന്നേലിന്റെ

അഭിപ്രായം. അദ്ദേഹത്തിന്റെ വിമർശനങ്ങൾ സഭാസമൂഹത്തിൽ മുഴുവനും പരന്നിട്ടുണ്ടെങ്കിലും ആ വിമർശനങ്ങളെ മുഖവിലയ്ക്കെടുത്ത് തങ്ങളുടെ നയങ്ങളെ പുനർവിചിന്തനംചെയ്യാൻ മെത്രാന്മാർ തയ്യാറല്ല. അതിനാൽ ഇന്ന് വ്യവസ്ഥാപിതസഭയും സഭാവിശ്വാസികളും തമ്മിലുള്ള വിടവ് വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

അധികാരത്തിനു വഴിപ്പെടുന്ന മനോഭാവംമൂലം സഭാവിമർശനത്തെക്കുറിച്ച് മോശമായ അഭിപ്രായമാണ് വിശ്വാസിസമൂഹത്തിൽ ഭൂരിപക്ഷത്തിനും ഇക്കാലത്തുമുള്ളത്. അത്തരം ചിന്താഗതിയെ ഊട്ടിവളർത്തുകയാണ് പൗരോഹിത്യമേധാവിത്വം ഇന്നും ചെയ്തുകൊണ്ടിരിക്കുന്നത്. പുലിക്കുന്നേൽ സഭയ്ക്കെതിരായി പ്രവർത്തിക്കുന്ന ഒരാളെന്ന ധാരണ പരക്കെ സൃഷ്ടിക്കപ്പെട്ടു. 'കണ്ടതുപറഞ്ഞാൽ കഞ്ഞിയില്ല' എന്ന അനുഭവമാണ് അദ്ദേഹത്തിനുണ്ടായത്. പുലിക്കുന്നേൽ ചെയ്തതൊക്കെ സഭയെ നശിപ്പിക്കാനാണെന്ന് സഭാധികൃതർ ആരോപിക്കുമ്പോൾ ഉല്പതിഷ്ണുക്കളായ മറ്റൊരുകൂട്ടർ അദ്ദേഹത്തിന്റെ സേവനങ്ങൾ മഹത്തരമാണെന്ന് അനുമാനിക്കുന്നു. സ്വാർത്ഥചിന്തയുള്ള കുറെ അധികാരികൾക്ക് അദ്ദേഹം എന്നും കണ്ണിൽ കരടായിരുന്നു. അപവാദങ്ങൾകൊണ്ട് അപകീർത്തിപ്പെടുത്തി അദ്ദേഹത്തെ ഇല്ലാതാക്കാൻ സഭാധികാരം കിണഞ്ഞുശ്രമിച്ചു. അതിന് ഹീനവും മനുഷ്യത്വരഹിതവുമായ പ്രവൃത്തികൾ ചെയ്യാൻപോലും സഭാധികാരം മടികാണിച്ചില്ല. പുലിക്കുന്നേൽ ഈ വിമർശനങ്ങളെല്ലാം, സ്വന്തം സമുദായത്തിനുവേണ്ടി സ്വയം ഏറ്റുവാങ്ങുകയാണുചെയ്തത്.

അന്ധമായ അധികാരഭയത്തിൽനിന്നു നസ്രാണി ക്രിസ്ത്യാനികളെ മോചിപ്പിച്ചത് പുലിക്കുന്നേലാണ്. സഭാധികാരത്തെയും പൗരോഹിത്യത്തെയും ചോദ്യം ചെയ്യാൻ സമുദായാംഗങ്ങൾക്ക് അദ്ദേഹത്തിന്റെ നിലപാട് ധൈര്യംപകർന്നു. വി. കെ. കുര്യൻസാറിന്റെ മരണാനന്തരശുശ്രൂഷ പള്ളിയധികാരികൾ നടത്തിക്കൊടുക്കാതിരുന്നപ്പോൾ അവരെ വെല്ലുവിളിച്ച് പുലിക്കുന്നേലിന്റെ കാർമികത്വത്തിൽ മരിച്ചടക്ക് നടത്തി. പൗരോഹിത്യം തടസ്സപ്പെടുത്തിയ മുപ്പതിൽപരം വിവാഹങ്ങളും സാക്ഷിയായിനിന്ന് അദ്ദേഹം നടത്തിക്കൊടുക്കുകയുണ്ടായി.

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ ഇടമറ്റം എന്ന ഗ്രാമത്തിൽ 1932 ഏപ്രിൽ 14-ന്, പുലിക്കുന്നേൽ മിഖായേലിന്റെയും എലിസബത്തിന്റെയും മകനായി ജോസഫ് പുലിക്കുന്നേൽ ജനിച്ചു. ഭരണങ്ങാനം സെന്റ് മേരീസ് ഹൈസ്കൂൾ, മൈസൂർ സെൻറ് ഫിലോമിനാസ് കോളേജ്, മദ്രാസ് ലയോള കോളേജ്, മദ്രാസ് പ്രസിഡൻസി കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. സാമ്പത്തികശാസ്ത്രത്തിൽ ബി. എ. ഓണേഴ്സ് കരസ്ഥമാക്കിയ അദ്ദേഹം കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്സ് കോളേജിൽ അധ്യാപകനായി ഔദ്യോഗികജീവിതം ആരംഭിച്ചു. ഇരുപത്തിയാറാം വയസ്സിൽ, ഡിഗ്രിക്കാരിയായ കാവാലം മണ്ഡകപ്പള്ളിൽ കൊച്ചുറാണിയെ വിവാഹം കഴിച്ചു. അദ്ദേഹം കേരളാകോൺഗ്രസിന്റെ സ്ഥാപകനേതാക്കളിൽ ഒരാളാണ്. കൂടാതെ, കേരളാ യൂണിവേഴ്സിറ്റി സെനറ്റുമെമ്പറും ആയിരുന്നിട്ടുണ്ട്. തെറ്റിദ്ധാരണയുടെപേരിൽ കുറ്റമില്ലാതെ ശിക്ഷിക്കപ്പെട്ട് ദേവഗിരി കോളേജിലെ ലെക്ചറർസ്ഥാനത്തുനിന്നു പുറത്തുവന്നു. അതുകൊണ്ട് കേരളക്രൈസ്തവർക്കുവേണ്ടി ഒരുപാട് സേവനങ്ങൾ ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞു. സീറോ-മലബാർ സഭയുടെ വരുംതലമുറയ്ക്ക് വെളിച്ചമേകാൻതക്ക അസാമാന്യമായ ധീരതയും വ്യക്തിപ്രഭാവവും ഇച്ഛാശക്തിയുമുണ്ടായിരുന്ന പുലിക്കുന്നേൽ മറ്റെല്ലാ കർമ്മമേഖലകളും ഉപേക്ഷിച്ച് തന്റെ ജീവിതം സഭാനവീകരണത്തിനായി മാറ്റിവച്ചു. ബൈബിൾ പഠനത്തിനുപുറമേ, ലിറ്റർജി, ദൈവശാസ്ത്രം, കാനോൻനിയമം, സഭാചരിത്രം, സഭാപാരമ്പര്യങ്ങൾ തുടങ്ങിയ വിഷയങ്ങളും സ്വയം പഠിച്ച് അവയിലെല്ലാം അദ്ദേഹം അവഗാഹംനേടി. അല്മായർക്കും സഭാപഠനങ്ങളിൽ നിപുണരാകാമെന്ന് അദ്ദേഹം തെളിയിച്ചു. അദ്ദേഹത്തോട് സംവദിക്കാൻ ഒരു മെത്രാനോ പുരോഹിതനോ ധൈര്യപ്പെട്ടിരുന്നില്ല. ഒരു പുരുഷായുസ്സിൽ ഭാവനചെയ്യാൻ അസാധ്യമായ കാര്യങ്ങൾ സാധിച്ചിട്ടാണ് അദ്ദേഹം നമ്മോടു വിടപറഞ്ഞിരിക്കുന്നത്.

പുലിക്കുന്നേലിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചുപോന്ന 'ഓശാന'മാസികയായിരുന്നു അദ്ദേഹത്തിന്റെ നാവ്. കേരളനസ്രാണികളുടെ മഹത്തായ ഭാരതീയപാരമ്പര്യ-പൈതൃകങ്ങൾ നശിപ്പിച്ച് പാശ്ചാത്യസഭാസ്വഭാവം അടിച്ചേല്പിക്കാൻ സഭാധികാരം കിണഞ്ഞു പരിശ്രമിച്ചപ്പോൾ, അതിനെ



യുക്തിഭദ്രവും ശക്തിയുക്തവുമായി എതിർത്തത് ഓശാനയാണ്. നാട്ടുരാജാക്കന്മാർപോലും പോർട്ടുഗീസ് ഭരണത്തെ അനുകൂലിച്ചു നിലപാട് സ്വീകരിച്ചപ്പോൾ, ആ വിദേശ ശക്തിയോട് എതിർത്ത് തങ്ങളുടെ പള്ളികളുടെ നിയന്ത്രണം അവർക്ക് നൽകാതിരിക്കാൻ നീണ്ടകാലം സമരംചെയ്ത പാരമ്പര്യം നസ്രാണികളായ നമുക്കുണ്ട്. 1653–ൽ മട്ടാഞ്ചേരിയിൽ 4000–നുമേൽ നസ്രാണി പള്ളിപ്രതിനിധികൾ, 'തങ്ങളും തങ്ങളുടെ തലമുറകളും ഉള്ളിടത്തോളം കാലം 'സാമ്പാളൂർ പാതിരിമാരെ (വിദേശാധിപത്യം) അംഗീകരിക്കുകയില്ലെ'ന്നു സത്യംചെയ്തു. കൂനൻകുരിശുസത്യം എന്നറിയപ്പെടുന്ന ഈ സംഭവമാണ് വിദേശീയർക്കെതിരായ ഇന്ത്യാക്കാരുടെ ആദ്യത്തെ സ്വാതന്ത്ര്യസമരം. 1632–ലെ ക്രിസ്മസ് ദിനങ്ങളിൽ നസ്രാണികൾ ഏഴു ദിവസം ഇടപ്പള്ളിയിൽ യോഗംചേർന്നു. അതിന്റെ ഫലമായി, പള്ളിയുടെമേൽ അധികാരഭരണം നടത്തുകയില്ലെന്ന് എഴുതി ഒപ്പിട്ടു കൊടുക്കാൻ ബ്രിട്ടോ മെത്രാൻ നിർബന്ധിതനായി. എങ്കിലും, പോർട്ടുഗീസുകാർ 500 വർഷംമുമ്പ് എന്തു ചെയ്യണമെന്ന് ആഗ്രഹിച്ചോ അതെല്ലാം നാട്ടുമെത്രാന്മാർ കഴിഞ്ഞ 30 വർഷംകൊണ്ട് നടപ്പാക്കിക്കഴിഞ്ഞു. സമുദായത്തിന്റെ കോടിക്കണക്കിനു വിലവരുന്ന സമ്പത്ത് പൗരോഹിത്യ ഏകാധിപത്യഭരണത്തിൻ കീഴിൽ അമർന്നിരിക്കയാണിന്ന്. നസ്രാണിസഭയുടെ പൂർവ്വകാല ചരിത്രവും സമകാലികവ്യവസ്ഥയും കൂട്ടിയിണക്കി പഠിച്ചാൽമാത്രമേ, ഓശാനയുടെ സംഭാവനകൾ എത്ര മഹത്തരമായിരുന്നെന്ന് മനസ്സിലാക്കാൻ സാധിക്കൂ.

സഭയുടെ വിദേശീയഘടനയും സ്വാധീനവും സഭാസമ്പത്തിന്റെ ഏകാധിപത്യപരമായ ഭരണവുമാണ് മതനീതി നഷ്ടപ്പെടാനും സഭയ്ക്കുള്ളിൽ അനീതികൾ നടക്കാനും മുഖ്യകാരണവുമെന്നുള്ള കാഴ്ചപ്പാട് സഭാസമൂഹത്തിൽ പുലിക്കുന്നേൽ അവതരിപ്പിച്ചു. ഓരോ പള്ളിയുടെയും സ്വത്തും സ്ഥാപനങ്ങളും അതത് പള്ളിക്കാരുടേതായിരുന്നു. ആ സ്വത്തുക്കളുടെ ഉടമാവകാശമോ ഭരണാവകാശമോ മെത്രാന് ഉണ്ടായിരുന്നില്ല. പള്ളി വിശ്വാസിസമൂഹത്തിന്റേതാണെന്ന തിരിച്ചറിവ് നസ്രാണികൾക്ക് പണ്ടുണ്ടായിരുന്നു. പുതുതലമുറയ്ക്കും അതുണ്ടാകേണ്ടിയിരിക്കുന്നു.

മെത്രാന്മാരും പുരോഹിതരും അവിടെയും ഇവിടെയും കാട്ടിക്കൂട്ടുന്ന ഒറ്റപ്പെട്ട സംഭവങ്ങളോട് പ്രതികരിക്കുന്നതിലുപരി, മാർത്തോമ്മാക്രിസ്ത്യാനികളുടെ സാമുദായിക ജീവിതത്തിന്റെ ആന്തരിക ഒഴുക്കിനെ നിയന്ത്രിക്കുകയും വികലമാക്കുകയുംചെയ്യുന്ന പുരോഹിതഘടനയ്ക്കെതിരായി പോരാടുന്നതിലും അതിന് നേരായ ദിശാബോധം നല്കുന്നതിലുമാണ് അദ്ദേഹം ഊന്നൽനല്കിയത്. മാർത്തോമ്മായാൽ സ്ഥാപിതമായ അപ്പോസ്തലിക നസ്രാണിസഭയുടെ പുനരുജ്ജീവനമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. 'മാർത്തോമ്മായുടെ മാർഗവും വഴിപാടും' എന്ന നമ്മുടെ പൗരാണികപാരമ്പര്യത്തിലേക്കു സഭയെ തിരികെ കൊണ്ടുവരുവാനുള്ള ആഹ്വാനമായിരുന്നത്.

ആചാരാനുഷ്ഠാനങ്ങൾകൊണ്ട് ദൈവത്തെ പ്രീണിപ്പിച്ച് മോക്ഷം നേടുകയല്ല മനുഷ്യജീവിതത്തിന്റെ ലക്ഷ്യം; മറിച്ച്, ജീവിതം മറ്റുള്ളവർക്കുവേണ്ടി സമർപ്പിച്ചുജീവിക്കുകയെന്നതാണ് യേശുവിന്റെ സന്ദേശമെന്ന് അദ്ദേഹം പഠിപ്പിച്ചു. ആധ്യാത്മികത കേവലം കുറെ ഭക്താഭ്യാസങ്ങളും ധ്യാനപരിപാടികളും വിശുദ്ധരോടുള്ള വണക്കവുമായി അധഃപതിച്ചിരിക്കുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. യേശുവചനങ്ങളെ മനനംചെയ്തു ലഭിക്കുന്ന ആഴത്തിലുള്ള ഒരു ക്രൈസ്തവദർശനം ഉണ്ടാകാനുള്ള സ്വയപരിശ്രമങ്ങൾ ജനങ്ങളിൽ നടക്കുന്നില്ല. അതിനാൽ ധ്യാനാരവങ്ങളിലും തിരുനാളാഘോഷങ്ങളിലും വൈകാരികമായി മുങ്ങിപ്പോകുന്ന ഒരു മതപ്രസ്ഥാനമായി കത്തോലിക്കാസഭ തരം താഴ്ത്തപ്പെടുന്നു.


ഇതു മനസ്സിലാക്കിയാണ് പുലിക്കുന്നേൽ, ലോകമെമ്പാടുമുള്ള ക്രൈസ്തവരുടെ പ്രമാണ ഗ്രന്ഥമായ ബൈബിളിന്റെ മികവാർന്ന ഒരു മലയാളം വിവർത്തനത്തിന് മുൻകൈയെടുത്തത്. എല്ലാ ക്രൈസ്തവവിഭാഗങ്ങൾക്കും സ്വീകാര്യമായ തരത്തിൽ തയാറാക്കിയ മലയാളം ഓശാന ബൈബിളിന്റെ പ്രചാരം വിസ്മയകരമാണ്. പത്തുലക്ഷത്തിലേറെ ഓശാന ബൈബിൾ ഏതാനും വർഷങ്ങൾകൊണ്ട് വിറ്റഴിഞ്ഞു. പുലിക്കുന്നേലിന്റെ സഭാവിമർശനങ്ങൾക്കും സഭാനവീകരണസംരംഭങ്ങൾക്കും ആശയ നേതൃത്വത്തിനും അടിത്തറ ബൈബിൾതന്നെയായിരുന്നു. പുലിക്കുന്നേലിനെപ്പോലെ വിവരമുള്ള അല്മായരുടെ എണ്ണം കൂടിയതോടെ ഔദ്യോഗികസഭ ചർച്ചയ്ക്കുള്ള വേദികളുടെ വാതിലുകളെല്ലാം അടച്ചുപൂട്ടി.

നസ്രാണികൾക്ക് ആത്മാഭിമാനവും ആത്മവിശ്വാസവും പകർന്നുനൽകുന്നതിൽ പുലിക്കുന്നേൽ വഹിച്ച പങ്ക് ചെറുതല്ല. സഭാനവീകരണപ്രസ്ഥാനക്കാരോടുള്ള ഇന്നത്തെ നിലപാടിലും സമീപനത്തിലും ഭാവിയിൽ മാറ്റങ്ങൾ വരുത്താതിരിക്കാൻ മെത്രാന്മാർക്കും പുരോഹിതർക്കും നിർവാഹമില്ലാത്ത ഒരു കാലം ആസന്നമാണ്. പ്രശസ്തി കാംക്ഷിക്കാതെ, ആർഭാടങ്ങൾ ഒഴിവാക്കി, ലളിതജീവിതത്തിന് പ്രാധാന്യംനല്കി, ശുഭ്രവസ്ത്രധാരിയായി ജീവിച്ച അദ്ദേഹം പല സ്ഥാപനങ്ങളും ഓശാന മൗണ്ടിൽ സ്ഥാപിച്ചു. ആശ്രയമില്ലാത്തവർക്ക് അദ്ദേഹം അത്താണിയായി; പാവപ്പെട്ടവർക്കുവേണ്ടി ആവുന്നത്ര സേവനം അദ്ദേഹം ചെയ്തു. ഓശാന മാസിക, ഓശാന മലയാളം ബൈബിൾ, ഗുഡ് സമരിറ്റൻ പ്രോജക്റ്റ്, ക്യാൻസർ പാലിയേറ്റീവ് സെന്റർ, ഓശാന വാലി പബ്ലിക് സ്കൂൾ, പ്രമേഹ രോഗ ബാലികാ ഭവനം, ഭാരതീയ ക്രൈസ്തവപഠനകേന്ദ്രം, സുനാമി ബാധിതർക്ക് വീടുനിർമ്മിച്ചു നൽകൽ തുടങ്ങി പല പ്രസ്ഥാനങ്ങളും ജീവകാരുണ്യപ്രവർത്തനങ്ങളും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്നിരുന്നു.

'ഓശാന'യിൽനിന്നു പ്രസിദ്ധീകരിച്ച സഭാസംബന്ധിയായ ഗ്രന്ഥങ്ങൾക്കുപുറമേ, അപൂർവ്വ ഗ്രനന്ഥങ്ങൾ ഉൾപ്പെടെ മറ്റനേകം പുസ്തകങ്ങളും ഉൾക്കൊള്ളുന്ന ഓശാനയുടെ IICS ലൈബ്രറി കേരളക്രൈസ്തവരെ സംബന്ധിച്ച് വളരെ വിലപ്പെട്ട ഒരു സ്ഥാപനമാണ് അതിനോടനുബന്ധിച്ചുള്ള ഓഡിറ്റോറിയത്തിൽ നടന്നി

പുലിക്കുന്നേൽ, ഭൂമികുംഭകോണം, ചർച്ച് ആക്ട് വിശേഷാൽപ്പതിപ്പ്

# ജോസഫ് പുലിക്കുന്നേൽ, ഒരു ചരിത്രനായകൻ



**ജയിംസ് ഐസക്, കുടമാളൂർ**

എല്ലാ മലയാളപത്രങ്ങളും ശ്രീ. ജോസഫ് പുലിക്കുന്നേലിന്റെ മഹത്വം എടുത്തുകാട്ടി ലേഖനങ്ങൾ എഴുതി. കത്തോലിക്കാപത്രം എന്നഭിമാനിക്കുന്ന ദീപികയ്ക്കുമാത്രം ഒന്നും പറയാനില്ലായിരുന്നു. ദീപികയ്ക്കു എറണാകുളം-അങ്കമാലി രൂപതയിലെ ഭൂമിയിടപാടുകളും വാർത്തയല്ല.

മാർട്ടിൻ ലൂഥർ കത്തോലിക്കാസഭയുടെ ചരിത്രത്തിൽ എന്നും സ്മരിക്കപ്പെടുന്ന വിപ്ലവകാരിയാണ്. കത്തോലിക്കാസഭ മാർട്ടിൻ ലൂഥറിനെ ഔദ്യോഗികമായി പുറത്താക്കി. മുൻപതിവനുസരിച്ച് അദ്ദേഹത്തെ ചുട്ടുകൊല്ലാൻ സഭാമേധാവിത്വത്തിനു കഴിഞ്ഞില്ല. ലൂഥർ അവതരിപ്പിച്ച ചോദ്യങ്ങൾ സഭാനവീകരണത്തിനു വഴിതെളിച്ചു. എങ്കിലും ഒട്ടേറെ സ്വതന്ത്രസഭകളായി ക്രൈസ്തവസമൂഹം പിളർന്നു.



കേരളസഭയിൽ നിലനിൽക്കുന്ന പൗരോഹിത്യമേധാവിത്വം, സാമ്പത്തികചൂഷണം, അന്ധവിശ്വാസപ്രചരണം ഇവയെല്ലാം ചൂണ്ടിക്കാട്ടി സഭയിലെ വിപ്ലവകാരിയായി അറിയപ്പെട്ട ജോസഫ് പുലിക്കുന്നേൽ ഔദ്യോഗികമായി സഭയിൽനിന്നു വേർപെട്ടില്ല. എന്നാൽ സഭയുടെ ചിട്ടവട്ടങ്ങളിൽനിന്നു ബോധപൂർവ്വം ഒഴിഞ്ഞുമാറിയിരുന്നു. കുറവിലങ്ങാട്ട് ശ്രീ. വി.കെ. കുര്യനു സംഭവിച്ചതുതന്നെ തനിക്കും സംഭവിക്കാൻ സാധ്യതയുണ്ടായിരുന്നു. അതിനാൽ വളരെ തന്ത്രപൂർവ്വം സഭയുടെ കൂദാശകൾ വേണ്ടാ എന്നും മൃതദേഹം ഓശാനമൗണ്ടിൽ സൗകര്യപ്രദമായ സ്ഥലത്ത് ദഹിപ്പിക്കണമെന്നും വിൽപത്രത്തിൽ രേഖപ്പെടുത്തി. സംഭവിക്കാൻ സാധ്യതയുണ്ടായിരുന്ന ഒരു വലിയ വിവാദമാണ് ഒഴിവായത്. പുലിക്കുന്നേലിന്റെ മൃതദേഹം സന്ദർശിച്ചു പ്രാർത്ഥിച്ച കൂരിയാബിഷപ്പും പാലാരൂപതാ സഹായമെത്രാനും ആദരണീയമായ മാതൃകകാട്ടി.

എല്ലാ മലയാളപത്രങ്ങളും ശ്രീ. ജോസഫ് പുലിക്കുന്നേലിന്റെ മഹത്വം എടുത്തുകാട്ടി ലേഖനങ്ങൾ എഴുതി. കത്തോലിക്കാപത്രം എന്നഭിമാനിക്കുന്ന ദീപികയ്ക്കുമാത്രം ഒന്നും പറയാനില്ലായിരുന്നു. ദീപികയ്ക്കു ▸▸

▸▸ രുന്ന പഠനക്ലാസ്സുകളും ചർച്ചാസഹവാസങ്ങളുമെല്ലാം ഒട്ടേറെ ക്രൈസ്തവരെ സ്വതന്ത്രചിന്തകരാകാൻ സഹായിച്ചിട്ടുണ്ട്. പുലിക്കുന്നേലിന്റെ 'ഭാരതീയക്രൈസ്തവപഠനകേന്ദ്രം' (IICS) എന്ന പഠനകേന്ദ്രത്തിന്റെ മുദ്രാവാക്യംതന്നെ 'വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനും ഒരിടം' എന്നതാണ്. വളരെ ചെലവുകുറഞ്ഞ പരമ്പരാഗതരീതിയിലും പരിസ്ഥിതി കണക്കിലെടുത്തുകൊണ്ടും ആകാരഭംഗിയോടുകൂടി തടികൊണ്ടു നിർമ്മിച്ച കെട്ടിടങ്ങളാൽ അലംകൃതമായ പതിനൊന്നേക്കറോളം വരുന്ന ഓശാനാമൗണ്ട് ആരെയും ആകർഷിക്കും. പ്രകൃതിസുന്ദരമായ, ശാന്തസുന്ദരമായ, മനോഹരമായ ഓശാന ഗസ്റ്റ് ഹൗസിൽ ഞാനും കുടുംബവും പലവട്ടം, ചിലപ്പോൾ മാസങ്ങളോളം, താമസിച്ചിട്ടുണ്ട്.

മറ്റുള്ളവരെ, പ്രത്യേകിച്ചും ഭിന്നാഭിപ്രായക്കാരെ അംഗീകരിക്കാൻ പുലിക്കുന്നേലിന് സ്വതവേ ബുദ്ധിമുട്ടായിരുന്നു. അതദ്ദേഹത്തിന്റെ ഒരു പ്രത്യേക സ്വഭാവമായിരുന്നുവെന്ന് കരുതിയാൽമതി. എല്ലാവരും എല്ലാം തികഞ്ഞവരല്ലല്ലോ. 'ഓശാനയുടെ 25 വർഷം: വിലയിരുത്തലുകൾ' എന്ന പുസ്തകത്തിൽ ഡോ എം. വി. പൈലി അഭിപ്രായപ്പെട്ടത് ഇപ്രകാരമാണ്: 'ഓശാന അതിന്റെ ദൗത്യം എന്നെന്നും തുടരേണ്ടതാണ്. അതിന്റെ ദൗത്യം നാളെയും തുടരാൻ പറ്റിയ പ്രതിഭകളെ വാർത്തെടുക്കേണ്ടതുണ്ട്.' അതിൽ പുലിക്കുന്നേലിന് പരാജയം പറ്റിയോ? ഭാവി തീരുമാനിക്കട്ടെ, അക്കാര്യം.

വേദജ്ഞാനിയും കർമ്മകുശലനുമായിരുന്ന ശ്രീ പുലിക്കുന്നേലിനെ അത്ഭുതാദരവുകളോടെമാത്രമേ കാണാൻ കഴിയൂ. ഒരു നിർണായക കാലഘട്ടത്തിൽ നീതിക്കുവേണ്ടി പോരാടിയ, ശബ്ദമുയർത്തിയ, ധീരമായി സഭയെ നയിച്ച മഹാനായി ഭാവിയിൽ അദ്ദേഹം അറിയപ്പെടും. ശ്രീ ജെയിംസ് ഐസക് കുടമാളൂരിന്റെ വാക്കുകൾ കടമെടുത്തുകൊണ്ട് ഞാൻ പറയട്ടെ: "കേരളസഭയിൽ അപൂർവമായി പ്രത്യക്ഷപ്പെട്ട മഹാതേജസ്സുകളിൽ ഒന്നായി ഭാവിയിൽ ജോസഫ് പുലിക്കുന്നേൽ അറിയപ്പെടും."

അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും ബന്ധുക്കൾക്കും സ്നേഹിതർക്കും എന്റെയും എന്റെ കുടുംബത്തിന്റെയും സ്നേഹപൂർവ്വമായ ആദരാഞ്ജലികൾ അർപ്പിച്ചുകൊള്ളുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുകയുംചെയ്യുന്നു.

ഫോൺ: (001) 5866015195

# കൂപ്പുകൈകളോടെ



**റോസമ്മ എബ്രാഹം** (IICS ലൈബ്രേറിയൻ, ഓശാനമൗണ്ട്)

**അ**സാധാരണമായ ഉൾക്കരുത്തിന്റെയും മനോബലത്തിന്റെയും ധിഷണാശക്തിയുടെയും കർമ്മശേഷിയുടെയും ആൾരൂപമായിരുന്ന ശ്രീ. ജോസഫ് പുലിക്കുന്നേലിനെ, ആശയലോകത്തിലെ അഭിമന്യു എന്ന് വിശേഷിപ്പിക്കാം.

സഭാവിമർശനത്തിനായി അദ്ദേഹം തുടങ്ങിയ ഓശാന മാസിക നീണ്ട 40 വർഷക്കാലം മുടങ്ങാതെ നടത്തി. അതിനുപുറമേ സപ്ലിമെന്റ് 'ഈവനിംഗ് ഡെയിലി'യിൽ 'മറുവാക്ക്' എന്ന പേരിൽ കാലികപ്രധാനങ്ങളായ വിഷയങ്ങളെ അടിസ്ഥാനമാക്കി ഒരു സ്ഥിരം പംക്തിയും അദ്ദേഹം കൈകാര്യം ചെയ്തിരുന്നു. കലാകൗമുദി, കേരളകൗമുദി, മലയാളം, വായന, കിരണം, പിറവി, അപ്നാദേശ് തുടങ്ങി നിരവധി ആനുകാലികങ്ങളിലും ജന്മഭൂമി, മംഗളം, കേരളശബ്ദം തുടങ്ങിയ ദിനപത്രങ്ങളിലും നിരവധി വിഷയങ്ങളെ ആസ്പദമാക്കി ധാരാളം ലേഖനങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. തന്റെ ഉറച്ച നിലപാടുകളും കാഴ്ചപ്പാടുകളും ഇവയിലൂടെയെല്ലാം അദ്ദേഹം വ്യക്തമാക്കിപ്പോന്നു.

2014-ൽ മാർച്ചിൽ ഓശാന നിർത്തുമ്പോൾ 'യാത്രാമൊഴി' എന്ന പേരിൽ എഴുതിയ എഡിറ്റോറിയൽ ഹൃദയഭേദകമായിരുന്നു. അതിൽ മനംനൊന്ത വായനക്കാരുടെ നിർബന്ധത്തെത്തുടർന്ന്, ത്രൈമാസികമായി ഓശാന ഇറക്കാമെന്ന് അദ്ദേഹം സമ്മതിക്കുകയും ഏതാനും ലക്കങ്ങൾകൂടി ഇറക്കുകയുംചെയ്തു. പിന്നീട് അദ്ദേഹത്തിന്റെ അനാരോഗ്യം അതിനു സമ്മതിച്ചില്ല. എങ്കിലും, അദ്ദേഹത്തിന് അതിൽ ദുഃഖമില്ലായിരുന്നു. 'എനിക്ക് ആവോളം എഴുതുവാൻ സാധിച്ചു, ഇനിയും ആരോഗ്യം അനുവദിച്ചാൽ എഴുതാം' എന്നേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ.

1975-ൽ തുടങ്ങി 2014 മാർച്ചിൽ ഓശാന മാസിക അവസാനിപ്പിക്കുമ്പോൾ സഭാസംബന്ധിയായ വിവിധ വിഷയങ്ങളിൽ എണ്ണിയാൽ തീരാത്തത്ര ലേഖനങ്ങളാണ് സഭയ്ക്കും മലയാളിക്കും ലഭിച്ചത്. വിഷയങ്ങളുടെ അടിസ്ഥാനത്തിൽ സമാഹരിക്കുവാൻ ശ്രമമുണ്ടായാൽ അവ നിരവധി ഗ്രന്ഥങ്ങൾക്കു വകയൊരുക്കും.

അദ്ദേഹത്തിന്റെ 'എഴുത്ത്' ഏറെ സവിശേഷമായ രീതിയിലായിരുന്നു. കൈകൊണ്ടെഴുതുന്നത് വളരെ അപൂർവ്വമായിട്ടുമാത്രമായിരുന്നു. തന്റെ കസേരയിൽ പിറകോട്ടു ചാഞ്ഞ് കണ്ണടച്ചിരുന്ന് ലേഖനം പറഞ്ഞുകൊടുത്തെഴുതിക്കുന്ന ശൈലിയായിരുന്നു, അദ്ദേഹത്തിന്റേത്. ബൈബിൾ മാത്രമല്ല, രാമായണവും മഹാഭാരതവും ഖുറാനും ഉപനിഷത്തുകളുമെല്ലാം ഹൃദിസ്ഥമാക്കുകയും, ആനുകാലികസംഭവങ്ങളെയെല്ലാം ▸▸

▸▸ എറണാകുളം-അങ്കമാലി രൂപതയിലെ ഭൂമിയിടപാടുകളും വാർത്തയല്ല. ഈ വിഷയം ചാനലുകളും മറ്റു പത്രങ്ങളും ചർച്ചയ്ക്കുവിധേയമാക്കിയെങ്കിലും ദീപിക മൗനം പാലിച്ചു. എന്തിന്? പുലിക്കുന്നേൽ ആരോഗ്യത്തോടെ ജീവിച്ചിരുന്നെങ്കിൽ ശക്തമായ പ്രതികരണം ഉണ്ടാകുമായിരുന്നു.

ഓശാനയുടെ ആദ്യലക്കം മുതലാണ് ശ്രീ. പുലിക്കുന്നേലുമായി അടുക്കുന്നത്. അദ്ദേഹത്തിന്റെ പ്രോട്ടസ്റ്റന്റ് വീക്ഷണങ്ങളെ ഞാൻ വിമർശിച്ചിരുന്നെങ്കിലും ചരിത്രപണ്ഡിതനായ അദ്ദേഹത്തിന്റെ ബോധ്യങ്ങളെ ആദരിച്ചിരുന്നു. 'ഇതാ, നിഷ്കപടനായ ഒരു ഇസ്രായേൽക്കാരൻ' എന്ന് നാഥാനിയേലിനെക്കുറിച്ചു കർത്താവു പറഞ്ഞതുപോലെ, 'തന്റെ ബോധ്യങ്ങൾക്കനുസരിച്ചു ജീവിക്കുന്ന ഒരു യഥാർത്ഥക്രിസ്ത്യാനി' (കത്തോലിക്കൻ അല്ല) എന്ന് ജോസഫ് പുലിക്കുന്നേലിനെക്കുറിച്ചും പറയാം.

എളിയവനായ എന്റെ അഭിപ്രായങ്ങളും ഓശാനയിൽ പ്രസിദ്ധീകരിച്ചിരുന്നു. മാസംതോറുമുള്ള പ്രസിദ്ധീകരണം മുടങ്ങിയശേഷവും മൂന്നുമാസം കൂടുമ്പോൾ ഓശാന പ്രസിദ്ധീകരിച്ചിരുന്നു. അപ്പോഴും എന്തെങ്കിലും എഴുതാൻ അദ്ദേഹം എന്നെ പ്രോത്സാഹിപ്പിച്ചിരുന്നു.

പുലിക്കുന്നേലുമായി ചേർന്ന് സഭയെ നശിപ്പിക്കാനാണ് ഞാൻ ഒരുമ്പെടുന്നതെന്നു സ്വന്തം ഇടവക വികാരി എന്നെ കുറ്റപ്പെടുത്തി. എന്നാൽ സദുദ്ദേശ്യത്തിന്റെ പേരിലാണ് ഞാൻ ചെറുലേഖനങ്ങൾ എഴുതിയിരുന്നത്. ഞാൻ അയച്ച എല്ലാ ലേഖനങ്ങളും ഓശാന പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വി. അൽഫോൻസാമ്മയുടെ നാമകരണവേളയിൽ ചങ്ങനാശ്ശേരിയിൽനിന്നുള്ള 'സത്യദർശനമാല' ഒരു വിശേഷാൽപതിപ്പ് ഇറക്കി. അതിൽ വിചിത്രമായ ഒരു ഐക്കൺ കണ്ടു. ചെമപ്പുനിറമുള്ള അകവസ്ത്രവും നീല പുറം വസ്ത്രവും ധരിച്ച് കൈയിൽ മാർത്തോമ്മാസ്ലീവായും പിടിച്ചുനിൽക്കുന്ന അൽഫോൻസാമ്മയുടെ ചിത്രമാണ് സത്യദർശനമാലയിൽ കണ്ടത്. അതു കണ്ട ദിവസംതന്നെ ഞാൻ ഒരു കുറിപ്പു തയ്യാറാക്കി, 'അൽഫോൻസാമ്മ അപമാനിതയാകുന്നു' എന്ന തലക്കെട്ടിൽ ലഘുലേഖയായി അച്ചടിച്ച് കുറെ സുഹൃത്തുക്കൾക്ക് അയച്ചു. ലഘുലേഖ എവിടെയോ കണ്ട ശ്രീ. പുലിക്കുന്നേൽ എന്നെ ഫോണിൽ വിളിച്ച്, സത്യദർശനമാലയുടെ കോപ്പിയും എന്റെ ലഘുലേഖയും ഉടൻ അയച്ചു കൊടുക്കണം എന്നു നിർദ്ദേശിച്ചു. ഞാൻ തയ്യാറാക്കിയ ലഘുലേഖയുടെ നൂറുക്കണക്കിനു കോപ്പികൾ ഓശാന വിതരണം ചെയ്യുകയും മാസികയുടെ സപ്ലിമെന്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്തായാലും അൽഫോൻസാമ്മയുടെ ഐക്കൺ പിന്നീട് ഒരിടത്തും കണ്ടില്ല.

ശ്രീ. ജോസഫ് പുലിക്കുന്നേൽ കേരളസഭയിൽ സൃഷ്ടിച്ച ചലനങ്ങൾ വിശദമായ ഒരു ചർച്ചയ്ക്കു വിധേയമാകണം. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ!

ഫോൺ:



സൂക്ഷ്മമായി നിരീക്ഷിക്കുകയും ചെയ്തിരുന്ന അദ്ദേഹത്തിന് ഏതു വിഷയത്തെക്കുറിച്ചും എഴുതാൻ കഴിയുമായിരുന്നു. ലക്ഷണമൊത്ത ഒരു പഠനലേഖനം രൂപപ്പെടുത്താൻ അരമണിക്കൂർ, കൂടിയാൽ ഒരു മണിക്കൂർ മതിയായിരുന്നു; അദ്ദേഹത്തിന്!

അദ്ദേഹത്തിന്റെ വാഗ്മിത്വവും എടുത്തുപറയേണ്ട ഒന്നാണ്. എഴുത്തുപോലെതന്നെ പ്രസംഗവും പഠനങ്ങളുടെ അടിസ്ഥാനത്തിലുള്ളതായിരുന്നു. ഏതു വിഷയവും യുക്തിപരമായി പഠിച്ച് ശക്തിയോടും അവേശത്തോടുംകൂടി അവതരിപ്പിക്കുന്ന ഒരു ശൈലിയായിരുന്നു അദ്ദേഹത്തിന്റേത്, എന്നു പൊതുവേ പറയാം. ആരെയും പിടിച്ചിരുത്താൻ പോരുന്നതായിരുന്നു, ആ പ്രഭാഷണശൈലി. ജാതി-മത-രാഷ്ട്രീയഭേദമില്ലാതെ, പ്രസംഗത്തിന് ആരു ക്ഷണിച്ചാലും, അത് ഏതു വിഷയത്തെക്കുറിച്ചായാലും, അദ്ദേഹം ചെല്ലുകയും തന്റെ അഭിപ്രായങ്ങൾ ശക്തമായി പ്രകടിപ്പിക്കുകയും ചെയ്യുമായിരുന്നു.

മലയാളിസമൂഹം എക്കാലവും സ്മരിക്കുന്ന അദ്ദേഹത്തിന്റെ ഏറ്റവും മികച്ച സംഭാവനകളിലൊന്നാണ് മലയാളം ബൈബിൾ. അതിന്റെ പത്തു ലക്ഷത്തിലധികം കോപ്പികൾ കുറഞ്ഞ വിലയായ 25-ഉം 30-ഉം രൂപായ്ക്ക് നൽകിക്കൊണ്ട് കേരളത്തിന്റെ എല്ലാ കോണുകളിലും ക്രിസ്തുസന്ദേശം പകർന്നുകൊടുക്കാൻ അദ്ദേഹത്തിനു സാധിച്ചു.

സാന്ത്വനം തേടിയെത്തുന്ന കാൻസർ രോഗികൾക്ക് ഒരു അത്താണിയായിരുന്നു, ഈ മനുഷ്യസ്നേഹി. ഒരിക്കൽ അദ്ദേഹം സ്ഥാപിച്ച 'വേർഡ് ആന്റ് ഡീഡ്' ആശുപത്രിയിൽ കാൻസർ ബാധിച്ച് കണ്ണു രണ്ടും വീർത്തു പൊട്ടാറായ ഒരു കൊച്ചു കുട്ടിയെക്കണ്ട്, 'ഈ കുഞ്ഞിന് ഇനിയും കർത്താവേ ആയുസ്സ് നീട്ടിക്കൊടുക്കരുതേ എന്ന് അദ്ദേഹം അറിയാതെ പ്രാർത്ഥിച്ചുപോയതോർക്കുന്നു.

അനിതരസാധാരണമായ മനക്കരുത്തിന്റെ ഉടമയായിരുന്നു, അദ്ദേഹം. തീർത്തും രോഗശയ്യയിലായിരുന്നപ്പോൾപോലും, ഈ മനക്കരുത്തിനു ക്ഷയമുണ്ടായില്ല. അദ്ദേഹത്തെ കാണാനെത്തുന്നവരോട്, 'രോഗങ്ങളൊക്കെ ഉണ്ടാകും, എല്ലാം പതുക്കെ മാറും' എന്നാണ് വളരെ ലാഘവബുദ്ധിയോടെ അദ്ദേഹം പറഞ്ഞിരുന്നത്. സാധാരണയായി, രോഗാവസ്ഥയിലായതിന്റെ ആവലാതിയും വിഷമവുമായിരിക്കുമല്ലോ മിക്കവർക്കും പറയാനുള്ളത്.

അവാർഡുകൾ അദ്ദേഹം ഒരിക്കലും ആഗ്രഹിച്ചിരുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ മാനുഷികമായ പ്രവർത്തനങ്ങളെ മാനിച്ച്, 2002-ൽ, 'മാൻ ഓഫ് ദ ഇയർ 2002' ആയി 'കിരണം' മാസിക അദ്ദേഹത്തെ തെരഞ്ഞെടുക്കുകയുണ്ടായി. 2010-ൽ അദ്ദേഹത്തിന് 'കേരളക്രൈസ്തവകേസരി'പ്പട്ടം നൽകി 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ' (JCC) ആദരിച്ചു.

അദ്ദേഹത്തിന്റെ തലചില്ലുകൂട്ടിൽ സൂക്ഷിക്കേണ്ടതാണ് എന്നാണ് അദ്ദേഹത്തെ അറിയാവുന്നവർ പറയുന്നത്. അതെ, അദ്ദേഹത്തിന്റെ സ്വന്തം തലയാണ്, അദ്ദേഹം നടത്തിയിട്ടുള്ള എല്ലാ എഴുത്തുകുത്തുകളും ഓശാനയുടെ തുടക്കംമുതലുള്ള എല്ലാ ലക്കങ്ങളും അദ്ദേഹത്തിന്റെ ജീവിതത്തിലെതന്നെ നാഴികക്കല്ലായ മലയാളം ബൈബിളിന്റെ കോപ്പികളും സൂക്ഷിക്കുന്ന, അദ്ദേഹം പടുത്തുയർത്തിയ സ്വന്തം ലൈബ്രറി. ഇവിടെയുള്ള ഓരോ പുസ്തകവും അദ്ദേഹത്തിന്റെ സ്വന്തം സെലക്ഷനാണ്. അവയെല്ലാം അദ്ദേഹം സ്വയം ഹൃദിസ്ഥമാക്കിയിട്ടുള്ളവയുമാണ്.അതുകൊണ്ട്, ഈ ലൈബ്രറി അദ്ദേഹത്തിന്റെ ആശയാദർശങ്ങളുടെ പ്രതിഫലനമായി, കലവറയായി, സ്മാരകമായി, അദ്ദേഹത്തിന്റെ തലയായി എന്നും നിലനിൽക്കട്ടെ എന്ന് ആശംസിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ധീരമായ ആശയങ്ങളുടെയും മനുഷ്യസ്നേഹപരമായ സേവനങ്ങളുടെയും ഒരു കലവറയായിരുന്ന അദ്ദേഹത്തിന്റെ വിയോഗം മാനവരാശിക്കു നികത്താനാവാത്ത നഷ്ടംതന്നെയാണ്. തീർച്ചയായും, അദ്ദേഹത്തിന് പകരക്കാരനില്ല. 2008 ഫെബ്രുവരി 22-നു മരിച്ച തന്റെ പ്രിയതമയുടെ സമീപത്തേക്ക് അദ്ദേഹം യാത്രയായിരിക്കുന്നു. ഭാര്യയുടെ മരണാനന്തരം വളരെയേറെ മാനസ്സികവ്യഥ അനുഭവിച്ചിരുന്ന അദ്ദേഹം തന്റെ ഏകാന്തതകളിൽ 'കൊച്ചുറാണീ, കൊച്ചുറാണീ' എന്ന് തന്റെ പ്രിയതമയെ ഉറക്കെ വിളിക്കുന്നത് കേട്ടിട്ടുണ്ട്. എന്താ സാർ, ഇങ്ങനെ എന്നു ചോദിച്ചാൽ മറുചോദ്യം, 'പിന്നെ ആരെയാണ് ഞാൻ വിളിക്കേണ്ടത്?' എന്നായിരുന്നു. ഈ ലേഖികയോടുതന്നെ അദ്ദേഹം ഇങ്ങനെ പറഞ്ഞിട്ടുണ്ട്.

അസാധാരണമനക്കരുത്തിന്റെയും നിർഭയത്വത്തിന്റെയും പ്രതിഭാവിലാസത്തിന്റെയും കർമ്മശേഷിയുടെയും ഉടമയായിരുന്ന ഈ ബഹുമുഖപ്രതിഭയുടെ കീഴിൽ കുറെ വർഷങ്ങൾ പ്രവർത്തിക്കാൻ കഴിഞ്ഞത് ഭാഗ്യമായി കരുതുന്നു. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുമ്പിൽ കൂപ്പുകൈകളോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു!!

ഫോൺ: 9645636499

# ഇത് ഭാരത ക്രൈസ്തവരുടെ ജന്മാവകാശം

**ജോസഫ് പുലിക്കുന്നേൽ**

*[2011 മെയ് 23-ാം തീയതി സെന്റ്തോമസ് മൗണ്ടിൽവെച്ചു കൂടിയ മെത്രാൻ സമിതിക്ക് 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ' ഒരു മെമ്മോറാണ്ടം നൽകുകയുണ്ടായി. മെമ്മോറാണ്ടസമർപ്പണത്തിനുമുമ്പു നടന്ന യോഗത്തിൽ പുലിക്കുന്നേൽ സാർ നടത്തിയ ഉദ്ഘാടനപ്രസംഗം, അദ്ദേഹത്തിന്റെ സ്മരണ ജ്വലിപ്പിക്കാൻ താഴെകൊടുക്കുന്നു. കടപ്പാട്: 'ഓശാന' 2011 ജൂൺ ലക്കം]*

**ക**ത്തോലിക്കാസഭയുടെ വിശ്വാസങ്ങൾക്ക് രണ്ട് അടിസ്ഥാനഘടകങ്ങളാണുള്ളത് 1. ബൈബിൾ, 2. പാരമ്പര്യം.

ലോകത്തിലെ ഏറ്റവും പ്രാചീനമായ സഭകളിലൊന്നാണ് ഭാരതത്തിലുള്ളത്. റോമിന്റെയും അന്ത്യോക്യയുടെയും അതേ പാരമ്പര്യം. 1599-ൽ ഉദയംപേരൂരിൽ പോർട്ടുഗീസ് മെത്രാൻ അലക്സീസ് മെനേസീസ് വിളിച്ചുകൂട്ടിയ സൂനഹദോസിൽ ഈ സഭയുടെ പാരമ്പര്യത്തിനു വിരുദ്ധമായ അനേകം കാര്യങ്ങൾ സഭയുടെമേൽ അടിച്ചേൽപിക്കുകയുണ്ടായി. സഭാചരിത്രകാരനായ റവ. ഡോ.സേവ്യർ കൂടപ്പുഴ ഈ പാശ്ചാത്യവൽക്കരണം സഭയിലുണ്ടാക്കിയ അടിസ്ഥാനമാറ്റങ്ങളെക്കുറിച്ചു പറയുന്നുണ്ട്. *"വിവാഹജീവിതം നയിക്കുന്നവർ പൗരോഹിത്യപദവിക്ക് അർഹരല്ലെന്ന പാശ്ചാത്യപാരമ്പര്യം ഭാരതത്തിലും നിർബന്ധമാക്കി. ഇത് പൗരസ്ത്യസഭാപാരമ്പര്യങ്ങൾക്കെതിരാണ്. ഇടവക വിഭജനരീതി പാശ്ചാത്യസഭയിലേതിനോട് അനുരൂപപ്പെടുത്തി. ഇടവകയുടെയും രൂപതയുടെയും ഭരണരീതി പാശ്ചാത്യസഭയുടേതിനോട് അനുരൂപപ്പെടുത്തി. അനിയന്ത്രിതമായ അധികാരകേന്ദ്രീകരണത്തിന് ഇതു വഴിതെളിച്ചു. ദൈവജനപങ്കാളിത്തം കുറച്ചു"* (ഭാരത സഭാചരിത്രം, മൂന്നാം പതിപ്പ്, പേജ് 327).

രണ്ടാം വത്തിക്കാൻ കൗൺസിൽ പൗരസ്ത്യദേശത്തെ സഭകൾക്കുവേണ്ടിയുള്ള ഡിക്രിയിൽ ഇങ്ങനെ പറയുന്നു. *"അതിനാൽ പൗരസ്ത്യസഭകൾക്കും പാശ്ചാത്യസഭകളെപ്പോലെ തന്നെ തങ്ങളുടെ പ്രത്യേക ശിക്ഷണത്തിനനുസരിച്ച് സ്വയം ഭരിക്കാനുള്ള അവകാശവും കടമയുമുണ്ടെന്ന് ഈ കൗൺസിൽ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നു. സംപൂജ്യമായ പൗരാണികത്വത്തിൽ വിശ്വാസികളുടെ ആചാരാനുഷ്ഠാനങ്ങൾ ഏറ്റം ഒത്തുപോകുന്നതും ആത്മാക്കളുടെ നന്മയ്ക്കു കൂടുതൽ ഉപകരിക്കുന്നതുമാണ്. അതിനാൽ അവ അത്യന്തം അഭിനന്ദനീയം തന്നെ. നിയമാനുസൃതമായ ആരാധനക്രമങ്ങളും ശിക്ഷണങ്ങളും സംരക്ഷിക്കാമെന്നും സംരക്ഷിക്കണമെന്നും എല്ലാ പൗരസ്ത്യ സഭകളും സുനിശ്ചിതമായി അറിഞ്ഞിരിക്കട്ടെ. ജീവാത്മകമായ വളർച്ചയ്ക്കുവേണ്ടി മാത്രമല്ലാതെ യാതൊരു മാറ്റവും അവയിൽ വരുത്താവുന്നതല്ല; അതിനാൽ, ഏറ്റവും വിശ്വസ്തതയോടെ ഇവയെല്ലാം പൗരസ്ത്യർതന്നെ അനുസരിക്കണം. മുമ്പത്തേക്കാൾ കൂടുതലായി ഇവ പഠിക്കുകയും പൂർണ്ണമായി ആചരിക്കുകയും വേണം. കാലത്തിന്റെയോ വ്യക്തികളുടെയോ സാഹചര്യങ്ങൾക്ക് അടിപ്പെട്ട് തങ്ങൾക്കു ചേരാത്ത വിധത്തിൽ ഇവയിൽനിന്നും വ്യതിചലിച്ചുപോയിട്ടുണ്ടെങ്കിൽ പൗരാണികപാരമ്പര്യത്തിലേയ്ക്ക് തിരിയുവാൻ അവർ ശ്രദ്ധിക്കേണ്ടതാണ്"* (രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ).

അപ്പോസ്തലിക പാരമ്പര്യമുള്ള ഈ സഭയുടെമേൽ പാശ്ചാത്യസഭ നടത്തിയ കൈയേറ്റങ്ങൾ കണ്ടുപിടിച്ച് നമ്മുടെ തനതായ പാരമ്പര്യത്തിലേക്കു മടങ്ങിപ്പോകാൻ വത്തിക്കാൻ സൂനഹദോസ് നൽകിയ അവകാശം നമ്മുടെ ജന്മാവകാശമാണ്. അതിനെ നിഷേധിക്കാൻ ആർക്കും - മാർപാപ്പായ്ക്കുപോലും - അധികാരമില്ല. കാരണം, സൂനഹദോസ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് മാർപാപ്പാമാർ അവരുടെ ആദ്ധ്യാത്മിക ശുശ്രൂഷ നടത്തേണ്ടത്.




*2008 സെപ്തംബർ 10-ന് തൃശ്ശൂർ സാഹിത്യഅക്കാദമിയിൽ 'കാത്തലിക് ആക്ഷൻ കൗൺസി'ലിന്റെ ആഭിമുഖ്യത്തിൽ ക്രൈസ്തവസഭാവക സ്വത്തുഭരണത്തിന് നിയമനിർമ്മാണം ആവശ്യമാണോ എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ വിഷയം അവതരിപ്പിച്ചുകൊണ്ട് പ്രൊഫസ്സർ ജോസഫ് പുലിക്കുന്നേൽ പ്രസംഗിക്കുന്നു.*

സുവിശേഷപാരമ്പര്യമനുസരിച്ച് ആദിമസഭയിൽ മൂപ്പന്മാരെ (മെത്രാന്മാരെ) തെരഞ്ഞെടുക്കുകയായിരുന്നു എന്നതിന് അനേകം തെളിവുകളുണ്ട്. സഭയെ റോമാ സാമ്രാജ്യത്തിന്റെ ഭരണവകുപ്പാക്കുന്നതുവരെ ക്രൈസ്തവരുടെ ഈ ജന്മാവകാശം പാശ്ചാത്യസഭയിലും നിലനിന്നിരുന്നു.

മാത്രമല്ല, ആ വ്യവസ്ഥയായിരുന്നു ക്രിസ്തു തന്റെ പഠനങ്ങളിലൂടെ അപ്പോസ്തലന്മാരെ പഠിപ്പിച്ചതും. അവിടുന്ന് അർത്ഥശങ്കക്കിടയില്ലാതെ അപ്പോസ്തലന്മാരോട് കല്പിച്ചു. '*'അപ്പോൾ, നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാലു കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം കാലു കഴുകണം. ഞാൻ നിങ്ങൾക്ക് ഒരു മാതൃക കാണിച്ചു തന്നിരിക്കുന്നു; ഞാൻ ചെയ്തതുതന്നെ നിങ്ങളും ചെയ്യണം. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ഭൃത്യൻ യജമാനനെക്കാൾ വലിയവനല്ല; അയയ്ക്കപ്പെട്ടവൻ അയച്ചവനെക്കാൾ വലിയവനല്ല. നിങ്ങൾ ഇക്കാര്യം മനസ്സിലാക്കി അതനുസരിച്ചു പ്രവർത്തിച്ചാൽ അനുഗൃഹീതരാണ്"* (യോഹ. 13: 14-17, കാണുക: മത്താ. 20:20-, മർക്കോ. 10 :35-45, ലൂക്കാ 22:24-30).

റോമാ സാമ്രാജ്യത്തിലൂടെ സഭാഘടനയിലേക്ക് വിജാതീയരുടെ ഭരണരീതി കടന്നുകയറി. എന്നാൽ ഭാരതസഭ അപ്പോസ്തല പാരമ്പര്യം 16 നൂറ്റാണ്ടുകാലം അഭംഗുരം തുടർന്നു. ഉദയംപേരൂർ സൂനഹദോസിനു ശേഷം സ്ഥാപിതമായ വിജാതീയ ഭരണസമ്പ്രദായത്തിനെതിരെ നമ്മുടെ പൂർവികർ പോരാടിപ്പോന്നു. നമ്മുടെ പൂർവികർ പോരാടിയിരുന്നത് സുവിശേഷ നിർദ്ദേശിതമായ സഭാഭരണസമ്പ്രദായം പുനഃസ്ഥാപിക്കാൻവേണ്ടിയായിരുന്നു.

കൂനൻകുരിശു സത്യത്തിനുശേഷം ഭാരതസഭയുടെ മൂപ്പനായി തിരഞ്ഞെടുത്തത് പറമ്പിൽ ചാണ്ടിക്കത്തനാരെയായിരുന്നു. കടുത്തുരുത്തിയിൽ വിളിച്ചുകൂട്ടിയ നസ്രാണികളുടെ പ്രതിനിധിയോഗമാണ് ചാണ്ടിക്കത്തനാരെ മെത്രാൻ സ്ഥാനത്തേക്ക് നിർദ്ദേശിച്ചത് (ഭാരതസഭാചരിത്രം മൂന്നാം പതിപ്പ്, പേജ് 381).

ഇവിടെ 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ' സമർപ്പിക്കുന്ന മെമ്മോറാണ്ടത്തിലെ മെത്രാന്മാരെ തിരഞ്ഞെടുക്കാനുള്ള അവകാശം സഭയ്ക്കാണെന്ന വാദം സുവിശേഷാധിഷ്ഠിതവും നമ്മുടെ പാരമ്പര്യങ്ങളോട് ഒത്തുപോകുന്നതുമാണ്.

ഈ മെമ്മോറാണ്ടത്തിലെ മറ്റൊരാവശ്യം സഭാവക സ്വത്തുക്കളുടെ ഭരണം സഭയ്ക്കു വിട്ടുകൊടുക്കുന്നതിനു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കരടുനിയമത്തെ മെത്രാന്മാർ സ്വാഗതം ചെയ്യണമെന്നുള്ളതാണ്.

സഭയുടെ സ്വത്തുഭരണം എങ്ങനെയായിരിക്കണമെന്ന് സുവിശേഷത്തിൽ വ്യക്തമായി അപ്പോസ്തലന്മാർ നിർദ്ദേശിച്ചിട്ടുണ്ട്. '*'ആ ദിവസങ്ങളിൽ ശിഷ്യരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നു. അപ്പോൾ, ദിവസംതോറുമുള്ള വിഭവവിതരണത്തിൽ തങ്ങളുടെ വിധവകൾ അവഗണിക്കപ്പെടുന്നു എന്ന് ഗ്രീക്കുകാർ എബ്രായർക്കെതിരെ പിറുപിറുത്തു. അതുകൊണ്ട്, ആ പന്ത്രണ്ടുപേർ. ശിഷ്യസമൂഹത്തെ വിളിച്ചുകൂട്ടി പറഞ്ഞു : ഞങ്ങൾ ദൈവവചനപ്രഘോഷണം ഉപേക്ഷിച്ച് ഭക്ഷണവിതരണത്തിൽ ഏർപ്പെടുന്നത് ശരിയല്ല. അതിനാൽ., സഹോദരരേ നിങ്ങളുടെ ഇടയിൽനിന്നു സമ്മതരും വിജ്ഞാനവും ആത്മാവും നിറഞ്ഞവരുമായ ഏഴുപേരെ തിരഞ്ഞെടുക്കുക. അവരെ ഞങ്ങൾ ഈ ജോലിക്കായി നിയോഗിക്കാം. ഞങ്ങളാകട്ടെ, പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഏകാഗ്രചിത്തരായി ഇരുന്നുകൊള്ളാം"* (അപ്പോ. പ്രവ. 6 : 1-4).

സഭയിലെ 12 ശിഷ്യന്മാരും ഒത്തൊരുമിച്ചെടുത്ത ഒരു തീരുമാനമായിരുന്നു, സഭയുടെ ഭൗതികഭരണം വിശ്വാസികൾ തെരഞ്ഞെടുക്കുന്നവർ നിർവഹിക്കണമെന്നുള്ളത്. അപ്പോസ്തലന്മാരുടെ പിൻഗാമികളെന്ന് സ്വയം വിവരിക്കുന്ന മെത്രാന്മാർ അപ്പോസ്തലന്മാരുടെ ആ തീരുമാനത്തെ അംഗീകരിച്ച് നടപ്പിലാക്കണമെന്നു മാത്രമാണ് ഇന്ന് ഈ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെടുന്നത്. ആദ്യത്തെ സൂനഹദോസിൽ പങ്കെടുത്ത മാർത്തോമ്മായാണ് ഭാരതസഭയ്ക്ക് തുടക്കംകുറിച്ചതെന്ന് വിശ്വസിച്ചുപോരുന്നു. പാശ്ചാത്യസഭയുടെ ആധിപത്യത്തിനുമുമ്പുവരെ ഇവിടെ നിലനിന്നിരുന്ന സഭാഭരണവ്യവസ്ഥയെ എല്ലാ ചരിത്രകാരന്മാരും വിവരിക്കുന്നത് "മാർത്തോമ്മായുടെ നിയമ"മെന്നാണ്. തൃശൂർ ആർച്ചുബിഷപ്പും ചരിത്രകാരനുമായ മാർ ആൻഡ്രൂസ് താഴത്ത് പോർട്ടുഗീസുകാരുടെ വരവിനുമുമ്പുണ്ടായിരുന്ന സഭാഭരണസമ്പ്രദായത്തെ വിവരിച്ചുകൊണ്ട് 'Law of Thomas' എന്ന പേരിൽ ഒരു ഗ്രന്ഥംതന്നെ രചിച്ചിട്ടുണ്ട്.

സഭാചരിത്രകാരനും വടവാതൂർ സെമിനാരി മുൻ സഭാചരിത്ര പ്രൊഫസറുമായ റവ.ഡോ. സേവ്യർ കൂടപ്പുഴ ഇങ്ങനെ എഴുതിയിരിക്കുന്നു: *'ഇടവകയുടെ ഭരണം നടത്തിയിരുന്നത് പള്ളിയോഗമാണ്. കുടുംബത്തലവന്മാരും തദ്ദേശവൈദികരും ഉൾപ്പെട്ട ഒരു യോഗമാണ് ഓരോ സ്ഥലത്തെയും പള്ളിഭരണം നടത്തിയിരുന്നത്. ഇടവകവൈദികരിൽ പ്രായംചെന്ന ആളാണ് പള്ളിയോഗത്തിന്റെ അദ്ധ്യക്ഷൻ. അദ്ദേഹം തന്നെയാണ് പള്ളിയിലെ മതകർമ്മാനുഷ്ഠാനങ്ങൾ നിയന്ത്രിച്ചിരുന്നതും. പള്ളിയോഗം പള്ളിയുടെ ഭൗതികസ്വത്തുക്കളുടെ മാത്രമല്ല ഇടവകയിലെ ക്രിസ്തീയജീവിതം മുഴുവന്റെയും മേലന്വേഷണം വഹിച്ചിരുന്നു. പരസ്യപാപം സംബന്ധിച്ച കേസുകൾ തീരുമാനിച്ചിരുന്നത് ഈ യോഗമാണ്. വ്യക്തികളെ സഭാസമൂഹത്തിൽനിന്ന് തല്ക്കാലത്തേക്ക് പുറന്തള്ളുവാൻ അധികാരവും യോഗത്തിനുണ്ടായിരുന്നു. സഭ ദൈവജനമാണെന്ന അടിസ്ഥാനതത്വവും സഭാഭരണത്തിലുള്ള കൂട്ടുത്തരവാദിത്വവും പള്ളിയോഗം പ്രസ്പഷ്ടമാക്കുന്നു* (ഭാരതസഭാചരിത്രം, റവ. ഡോ. സേവ്യർ കൂടപ്പുഴ, പേജ് 198, 199).

'ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ' ഇന്നു സമർപ്പിക്കുന്ന ഈ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും സുവിശേഷവിരുദ്ധമോ പാരമ്പര്യവിരുദ്ധമോ ആണെങ്കിൽ അതു ചൂണ്ടിക്കാണിച്ചു തിരുത്താൻ മെത്രാന്മാർക്കു ബാദ്ധ്യതയുണ്ട്. ചർച്ച് ആക്ട് നിയമമായാൽ സഭയുടെ ഭരണത്തിൽ സർക്കാർ ഇടപെടും എന്ന ഭയം ആനുഷംഗികമായി



# സഭ കുഴിച്ച തെമ്മാടിക്കുഴിയിൽ സഭതന്നെ വീണു!

**സാമുവൽ കൂടൽ**

**പ**ള്ളിക്കു സ്ഥലംകൊടുത്തവനെയും പള്ളി പണിയിച്ചവനെയുമുൾപ്പെടെ തങ്ങളെ വിമർശിച്ച വർക്കെല്ലാം തെമ്മാടിക്കുഴിതീർത്ത കത്തോലിക്കാസഭയെത്തന്നെ, കാലം സാക്ഷിയായി 2017 ഡിസം. 29-ന്, ശ്രീ. ജോസഫ് പുലിക്കുന്നേൽ തെമ്മാടിക്കുഴിയിൽ അടക്കംചെയ്തു. സ്വയം എരിഞ്ഞടങ്ങിക്കൊണ്ട് വരുംതലമുറയിലെ ക്രൈസ്തവർക്കൊരു 'പുതിയനിയമ'ത്തിന്റെ മാതൃക സ്വയം കാണിച്ച് അദ്ദേഹം യാത്രയായി! ഹാ, ധന്യജന്മമേ, പുണ്യ മാനസാ, പ്രണാമം! മനനമുള്ള സകല മനുഷ്യരും ഒരുനാളും നിന്നെ മറക്കില്ല... വണക്കം മഹാനുഭാവാ, കാലം നിന്നെ അനുകരിക്കും; ഗുരുവേ വന്ദനം!

സഭയുടെ തെമ്മാടിത്തരങ്ങൾക്കെതിരെ ക്രിസ്തുവിനെപ്പോലെ ചാട്ടവാറെടുക്കാതെ വെറും തൂലികയിലൂടെ ചോദ്യംചെയ്ത നിന്നെ അവർ കുരിശിലേറ്റിയില്ല എന്നതിന് ഇന്നത്തെ നീതിനിയമക്കരുത്തുതന്നെ കാരണം. സഭയും ആടുകളും ഒറ്റപ്പെടുത്തിയിട്ടും അതിൽ പതറാതെ, താൻ കണ്ടെത്തിയ സത്യം ലോകത്തോട് പറയാൻ,

''ഈശനെന്റെ ബോധമാണെന്നോർത്തിടാതല്ലോ

നീചസഭ എന്നെയെന്നും ഏകനെന്നോതി

ഏകനല്ല ഞാനിനിയും; മാനവരാകെ കേരളത്തിൽ

ഞാൻ തെളിച്ച പാതയാനം തേടിയെത്തുമേ"

എന്ന് സദാ മൂളിപ്പാടുന്ന നിന്റെ ആത്മതേജസിനെ ഞാൻ വണങ്ങുന്നു!



ആഭാസന്മാരായ റോബിൻഅച്ചന്മാരെ കാലത്തിനുമുൻപേ കണ്ടറിഞ്ഞ ദീഘദർശീ,

അഭയമാരുടെ മരണരോദനം കാലേ കേട്ടറിഞ്ഞ സൂക്ഷ്മദർശീ,

ഭൂമികുംഭകോണപരമ്പരകളുടെ നാറ്റം നേരത്തെ മണത്തറിഞ്ഞ ത്രികാലജ്ഞാനീ, നിനക്ക് മംഗളം!

ഇന്ന് നീ കാലത്തിനനുകരിക്കാൻ കാണിച്ചുകൊടുത്ത മഹത്തായ കൂദാ ശാബഹിഷ്ക്കരണ മാതൃക പാതിരിമാരെ പട്ടിണിക്കാരാക്കുമല്ലോ!

വെറും 30 വെള്ളിക്കാശിനെ കൂദാശചെയ്തു കോടാനുകോടികളാക്കിയ മാമോനുകൾ ഇനിയും തേങ്ങിക്കരയുമല്ലോ!

ഒരേ കള്ളം കോടാനുകോടിത്തവണ ആവർത്തിച്ചാലും സത്യമാവില്ല എന്നതിന്റെ തെളിവല്ലേ നിന്റെയീ 'കൂദാശാബഹിഷ്ക്കരണം?' കാലമിതു കണ്ടുപഠിക്കട്ടെ... സ്വന്തമായിത്തിരി മണ്ണുള്ളവൻ ആ മണ്ണിലലിയട്ടെ, അവിടുത്തെ ആകാശത്തിൽ അലിയട്ടെ! എന്തിനീ പള്ളിപ്പറമ്പും സെമിത്തേരിയിലെ തമ്മിൽ തല്ലും? ഓർത്തുനോക്കൂ. ഓരോ പഞ്ചായത്തിലും ഒരു സെമിത്തേരിവീതം സർക്കാർ ജനത്തിനുവേണ്ടി പണിതാൽ ഈ പാതിരിക്കളി താനേ കാടുകയറും! 'മുത്തലാക്കു' നിർത്തലാക്കിയതുപോലെ, നാടാകെയുള്ള നാടിനെ ശവപ്പറമ്പാകുന്ന നാട്ടിലെ നൂറുകണക്കിനു പള്ളിസെമിത്തേരികൾ ഇല്ലാതെയാക്കട്ടെ!

ഫോൺ: 9447333494

---

മെത്രാന്മാർ പ്രകടിപ്പിച്ചതായി അറിയുന്നു. അങ്ങനെ ഏതെങ്കിലും വകുപ്പ് കരടു നിയമത്തിൽ ഉണ്ടെങ്കിൽ അത് തിരുത്തിയെടുക്കുന്നതിന് 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ' മുമ്പോട്ടു വരുമെന്നാണ് എന്റെ വിശ്വാസം. ഭാരതത്തിലെ ഹിന്ദു, മുസ്ലീം, സിഖ് സമുദായങ്ങളുടെ പൊതുസ്വത്ത് ഭരിക്കുന്നതിന് ഇന്നു നിയമമുണ്ട്. ഭരണഘടന 25,26 വകുപ്പുകൾ ചേർത്തു വായിക്കുമ്പോൾ ഇത്തരം നിയമം അത്യന്താപേക്ഷിതമാണെന്ന് കാണാം. ശത്രുതാമനോഭാവം വെടിഞ്ഞ് ജോയിന്റ് ക്രിസ്ത്യൻ കൗൺസിലുമായി ഈ പ്രശ്നം ചർച്ചചെയ്യാൻ മെത്രാന്മാർ തയ്യാറാകും എന്നാണ് എന്റെ പ്രതീക്ഷ. ●

# മെത്രാൻതിരഞ്ഞെടുപ്പ് സുവിശേഷവൽക്കരിക്കുക, ചർച്ച് ആക്ട് അംഗീകരിക്കുക

*[സീറോ - മലബാർ സിനഡ് മുമ്പാകെ, 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ' 2011 മെയ് 23-നു സമർപ്പിച്ച അവകാശപത്രിക. കടപ്പാട്: 'ഓശാന', 2011 ജൂലൈ ലക്കം]*

**ക**ത്തോലിക്കാസഭയിലെ മെത്രാൻനിയമനം സുവിശേഷമൂല്യങ്ങൾക്കോ ജനാധിപത്യമര്യാദകൾക്കോ നിരക്കാത്ത രീതിയിലാണ് ഇന്നു നടന്നുകൊണ്ടിരിക്കുന്നത് എന്നാണ് ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായം. പരിശുദ്ധാരൂപിയുടെ ഇടപെടലോടെയാണെന്നുള്ള അവകാശവാദം നിങ്ങൾ ഉന്നയിക്കുന്നുണ്ടെങ്കിലും പലപ്പോഴും ചില മെത്രാന്മാരുടെ സ്പോൺസറിങ്വഴി അവരുടെ പാർശ്വവർത്തികളും പാദസേവകരുമായി അറിയപ്പെടുന്ന പുരോഹിതരെയാണ് മെത്രാന്മാരായി ആയുഷ്കാലത്തേക്ക് നിയമിക്കുന്നത്. യൂദാസിന്റെ ആത്മഹത്യക്കുശേഷം ആദിമസഭയിൽ പകരക്കാരനായി മത്തിയാസിനെ കണ്ടെത്തിയത് ജനാധിപത്യപരമായ തിരഞ്ഞെടുപ്പിലൂടെയായിരുന്നുവെന്ന് നടപടിപുസ്തകം അദ്ധ്യായം 1, 23 മുതൽ 26 വരെ വാക്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. രണ്ടാം നൂറ്റാണ്ടിൽ സഭയെ നയിച്ച ഹിപ്പോളിറ്റസ് മാർപാപ്പയും ഇങ്ങനെ എഴുതുന്നു: "*മേലന്വേഷകനെ* (മെത്രാനെ) *ജനങ്ങൾ തിരഞ്ഞെടുത്തശേഷംവേണം വാഴിക്കാൻ. എല്ലാവർക്കും പ്രിയങ്കരനായ ഒരാൾ നിർദ്ദേശിക്കപ്പെട്ടശേഷം ജനങ്ങൾ ദൈവത്തിന്റെ ദിനത്തിൽ പ്രബോധകരുടെയും* (പുരോഹിതരുടെയും) *മേലന്വേഷകരുടെയും* (മെത്രാന്മാരുടെയും) *സാന്നിദ്ധ്യത്തിൽ യോഗംചേർന്ന് അംഗീകരിക്കുകയും അതിനുശേഷംമാത്രം മേലന്വേഷകർ* (മെത്രാന്മാർ) *കൈവെപ്പുശുശ്രൂഷ നടത്തുകയും വേണം*" (The Faith of the Early Fathers, Vol 1, page 166).

മേലുദ്ധരിച്ച സുവിശേഷതത്വങ്ങൾക്കും സഭാപാരമ്പര്യത്തിനും കടകവിരുദ്ധമായ രീതിയിലാണ് സീറോ-മലബാർ സഭ ഏതാനും മാസങ്ങൾക്കുമുമ്പ് ആറു മെത്രാന്മാരെ നിയമിച്ചത്. കൽദായവൽക്കരണമെന്ന വിതണ്ഡവാദമുയർത്തി സഭയെ പിളർപ്പിന്റെ വക്കോളമെത്തിക്കുകയും അർദ്ധനഗ്നനായി കുരിശിൽ തൂങ്ങിക്കിടക്കുന്ന യേശുവിനെ കുരിശോടെ പള്ളികളിൽനിന്ന് എടുത്തുമാറ്റുകയും, പകരം പാഷണ്ഡകുരിശായ മാനിക്കേയൻകുരിശിനെ മാർത്തോമാകുരിശെന്ന ഓമനപ്പേരിട്ട് പ്രതിഷ്ഠിക്കുകയും ചെയ്ത മാർ പവ്വത്തിൽ അതിമെത്രാൻ, തന്റെ ഭരണകാലത്ത് പൗരസ്ത്യതിരുസംഘത്തിൽ അവിഹിതസ്വാധീനം ചെലുത്തി സ്വന്തം പാർശ്വവർത്തികളെ മെത്രാന്മാരും അതിമെത്രാന്മാരുമായി നിയമിച്ചത് കേരളസഭയിൽ കോളിളക്കമുണ്ടാക്കിയിരുന്നു. സഹായമെത്രാനായി രണ്ടുവർഷം പോലും തികയാത്ത മാർ താഴത്ത്മെത്രാൻ ഇരുപതും ഇരുപത്തിയഞ്ചും വർഷം മെത്രാൻ പദവിയിലിരുന്ന സീനിയർ മെത്രാന്മാരുടെ തലയ്ക്കു മുകളിലൂടെ അവിഹിതമായി ഇരട്ടപ്രൊമോഷൻ നേടി തൃശൂർ അതിമെത്രാനായ ചരിത്രവും കേരളകത്തോലിക്കർ മറന്നിട്ടില്ല.

സീറോ-മലബാർ സഭയിലെ മെത്രാൻതിരഞ്ഞെടുപ്പ് ഇന്നത്തെ മെത്രാൻ സ്പോൺസറിങ് സമ്പ്രദായത്തിനുപകരം ജനാധിപത്യ-സുവിശേഷാനുസൃതമാക്കാൻ ഇനിയെങ്കിലും വേണ്ടപ്പെട്ടവർ തയ്യാറാകണം. ഇതിനായി ഒരു സ്വതന്ത്ര തിരഞ്ഞെടുപ്പു കമ്മീഷനെ നിയമിക്കുകയാണ് ആദ്യം വേണ്ടത്. ഈ കമ്മീഷൻ സഭയിലൊട്ടാകെയുള്ള പുരോഹിതരിൽനിന്ന് ഒരു അർഹതാ മെറിറ്റ്ലിസ്റ്റ് തയ്യാറാക്കണം. ചുരുങ്ങിയത് 15 വർഷമെങ്കിലും സേവനം പൂർത്തിയാക്കുകയും അതിൽ 10 വർഷമെങ്കിലും ഇടവകവൈദികനായി പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള വൈദികരെമാത്രമേ ഈ അർഹതാലിസ്റ്റിൽ ഉൾപ്പെടുത്താവൂ. വിദ്യാഭ്യാസയോഗ്യത, പ്രവർത്തനപരിചയം, കാര്യപ്രാപ്തി, അത്മായരോടുള്ള മാന്യമായ പെരുമാറ്റം, സർവോപരി അവശരോടും ആലംബഹീനരോടുമുള്ള കാരുണ്യം എന്നിവയായിരിക്കണം അർഹതാലിസ്റ്റിൽ പേരുൾപ്പെടുത്താനുള്ള മാനദണ്ഡം. ഈ അർഹതാലിസ്റ്റിൽനിന്ന് മെത്രാന്മാർക്കും പുരോഹിതർക്കും അത്മായർക്കും തുല്യപ്രാതിനിധ്യമുള്ള സിനഡായിരിക്കണം മെത്രാനെ തിരഞ്ഞെടുക്കേണ്ടത്.

മെത്രാൻ 5 വർഷത്തിൽക്കൂടുതൽ ഒരു രൂപതയിൽ സേവനംചെയ്യാൻ പാടില്ല. അതിനുശേഷം മറ്റേതെങ്കിലും രൂപതയിലേക്കു സ്ഥലംമാറിപ്പോകണം. പരമാവധി 15 വർഷമായിരിക്കണം ഒരു മെത്രാന്റെ സേവനകാലാവധി. വിരമിക്കുന്ന മെത്രാനോ അതിമെത്രാനോ പിന്നീട് എല്ലാ ആദ്ധ്യാത്മികഭൗതികസ്ഥാനങ്ങളിൽനിന്നും ഒഴിവായി പ്രാർത്ഥനാരൂപിയിലും ആദ്ധ്യാത്മികശുശ്രൂഷയിലും വിശ്രമജീവിതം നയിക്കേണ്ടതാണ്.

മുൻകാലങ്ങളിലെ തെറ്റിന്റെ തനിയാവർത്തനംതന്നെയാണ് ഇപ്പോൾ നടക്കുന്ന മേജർ ആർച്ചുബിഷപ്പ് തിരഞ്ഞെടുപ്പിലും അരങ്ങേറാൻ പോകുന്നത്. മേജർ ആർച്ച് ബിഷപ്പായി ഒരു പുരോഹിതനെയോ അത്മായനെയോവരെ നിയമപരമായി തെരഞ്ഞെടുക്കാമെന്നിരിക്കെ, തെരഞ്ഞെടുപ്പിനുള്ള ഇലക്ടൊറൽ കോളജായ സിനഡിൽ പുരോഹിതർക്കും അത്മായർക്കും പ്രാതിനിധ്യം വേണമെന്ന ആവശ്യം തികച്ചും ന്യായവും ജനാധിപത്യപരവുമാണ്. ജനാധിപത്യസംവിധാനത്തിലൂടെ മെത്രാൻ, അതിമെത്രാൻ, മേജർ ആർച്ചുബിഷപ്പ് എന്നീ സ്ഥാനികളുടെ തെരഞ്ഞെടുപ്പ് സുവിശേഷവൽക്കരിക്കപ്പെടുമ്പോൾ ഇന്ന് സഭയിൽ നിലവിലുള്ള സർവാധിപത്യസമ്പ്രദായത്തിനു അറുതിവരികയും അവർക്ക് വിശ്വാസികളോട് ആത്മീയപ്രതിബദ്ധത വളരുകയും സഭ യേശുമാർഗ്ഗത്തിൽ പുരോഗമിക്കുകയും ചെയ്യും. ആയതിനാൽ മേജർ ആർച്ച് ബിഷപ്പിന്റേതുൾപ്പെടെ എല്ലാ മെത്രാൻ തെരഞ്ഞെടുപ്പിലും അത്മായപ്രതിനിധികൾക്ക് പങ്കെടുക്കാനുള്ള അവസരം സൃഷ്ടിക്കണമെന്നു ഞങ്ങൾ ശക്തിയുക്തം ആവശ്യപ്പെടുന്നു.

കേരളക്രൈസ്തവ സമൂഹത്തിൽ സമൂലമായ മാറ്റങ്ങൾക്കു തിരികൊളുത്താനുതകുന്ന 'ചർച്ച് ആക്ട് ' എന്നു ചുരുക്കപ്പേരിൽ അറിയപ്പെടുന്ന 'The Kerala Christian Church Properties & Institutions Trust Bill-2009' നിയമപരിഷ്കരണ കമ്മീഷൻ സർക്കാരിലേക്കു സമർപ്പിച്ചിട്ട് രണ്ടുവർഷം കഴിഞ്ഞിരിക്കുന്നു. ചർച്ച് ആക്ട് നടപ്പാക്കണമെന്നാവശ്യപ്പെട്ട് കേരളത്തിലങ്ങോളമിങ്ങോളമുള്ള ക്രൈസ്തവ സംഘടനകളും അവയുടെ ഏകോപനസമിതിയായ 'ജോയിന്റ് ക്രിസ്ത്യൻ കൗൺസി'ലും ശക്തമായ ബോധവൽക്കരണ, പ്രചാരണ, സമരപരിപാടികൾ കഴിഞ്ഞ രണ്ടുവർഷമായി നടത്തിവരുന്നു. പത്മഭൂഷൻ എം.വി.പൈലി, പത്മഭൂഷൻ ജസ്റ്റീസ് കെ.ടി.തോമസ്, മുൻമന്ത്രി പ്രൊഫ. എൻ.എം.ജോസഫ്, ഓശാന പത്രാധിപരും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ് ഡയറക്ടറുമായ പ്രൊഫ. ജോസഫ് പുലിക്കുന്നേൽ തുടങ്ങിയ ക്രൈസ്തവസമുദായത്തിലെ ഉന്നതശീർഷർ ചർച്ച് ആക്ടിനെ അനുകൂലിച്ചും, അതു നടപ്പിലാക്കുക കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭരണഘടനാപരമായ കടമയാണെന്നു പ്രഖ്യാപിച്ചും സമൂഹമദ്ധ്യത്തിലേക്കു ഇറങ്ങിക്കഴിഞ്ഞു. പ്രമുഖരായ ചില വൈദികർപോലും ചർച്ച് ആക്ടിനെ അനുകൂലിച്ചുതുടങ്ങിയിരിക്കുന്നു.

എന്നാൽ കേരളത്തിലെ മെത്രാന്മാർമാത്രം ഇതൊന്നും അറിഞ്ഞില്ലെന്നമട്ടിൽ ഉറക്കംനടിച്ചു കഴിയുന്നു. ഈ രണ്ടു വർഷക്കാലയളവിൽ സിനഡുകളായും സംസ്ഥാനതല മെത്രാൻ കോൺഫറൻസുകളായും (KCBC) കത്തോലിക്കാ മെത്രാന്മാർ പല കാര്യങ്ങളും ചർച്ചചെയ്തെങ്കിലും, സമുദായത്തെ സംബന്ധിച്ച് അതിപ്രധാനമായ ചർച്ച് ആക്ടിനെപ്പറ്റിമാത്രം യാതൊരു അഭിപ്രായപ്രകടനവും നടത്തിയതായി സമൂഹം അറിഞ്ഞിട്ടില്ല. ഇക്കാലയളവിൽ മറ്റു പല വിഷയങ്ങളെ സംബന്ധിച്ചും ഒട്ടേറെ ഇടയലേഖനങ്ങളും സർക്കുലറുകളും ഇറക്കിയെങ്കിലും ചർച്ച് ആക്ടിനെ അനുകൂലിച്ചോ പ്രതികൂലിച്ചോ ഒരു പ്രസ്താവനപോലും നടത്തിയിട്ടില്ല.

നിങ്ങൾ മെത്രാന്മാരോട് ഞങ്ങൾ ഇപ്പോൾ ആവശ്യപ്പെടുന്നത് ഈ മുഖംമൂടി അഴിച്ചുവച്ച് ഇനിയെങ്കിലും ചർച്ച് ആക്ടിനെ സംബന്ധിച്ചു പ്രതികരിക്കണമെന്നാണ്. ചർച്ച് ആക്ടിൽ ബൈബിളിലെ പഠനങ്ങൾക്കോ, സംപൂജ്യമായ നമ്മുടെ പൂർവപാരമ്പര്യങ്ങൾക്കോ, മാർത്തോമാമാർഗത്തിൽ അധിഷ്ഠിതമായ പള്ളിയോഗസമ്പ്രദായത്തിനോ നിരക്കാത്തതായി എന്തെങ്കിലുമുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കാൻ നിങ്ങൾക്കു ബാധ്യതയുണ്ട്. ഇനി എതിർക്കപ്പെടേണ്ടതായി യാതൊന്നും കണ്ടെത്തിയിട്ടില്ലെങ്കിൽപ്പോലും, 'ആദ്ധ്യാത്മികാധികാരം പുരോഹിതർക്കും ഭൗതികാധികാരം അത്മായർക്കും' എന്ന അടിസ്ഥാനപ്രമാണത്തിന് വിരുദ്ധമല്ലാത്ത വിധത്തിൽ ചർച്ച് ആക്ടിനെ കൂടുതൽ ബൈബിളധിഷ്ഠിതവും ഭാരതീയ ക്രൈസ്തവപാരമ്പര്യങ്ങൾക്ക് അനുയോജ്യവുമാക്കി മാറ്റുന്നതിനുള്ള സൃഷ്ടിപരമായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാനും നിങ്ങൾക്കു സ്വാതന്ത്ര്യമുണ്ട്. ഇന്ത്യയിലെ എല്ലാ മതങ്ങളുടെയും പൊതുസ്വത്തുക്കൾ നിയമനിർമ്മാണ സഭകൾ പാസ്സാക്കുന്ന നിയമപ്രകാരമാണ് ഭരിക്കേണ്ടതെന്ന് ഭരണഘടനയുടെ 26-ാം അനുച്ഛേദം അനുശാസിക്കുന്നു. ഇപ്രകാരം രൂപംകൊടുത്ത നിയമങ്ങൾക്കു വിധേയമായാണ് ക്രൈസ്തവരൊഴികെ മറ്റെല്ലാ മതസ്ഥരുടെയും മതസമ്പത്തും സ്ഥാപനങ്ങളും ഭരിക്കപ്പെടുന്നത്. നിയമത്തിനുമുമ്പിൽ ക്രൈസ്തവരോടുമാത്രമുള്ള ഈ വിവേചനത്തിനെതിരെയാണ് ക്രൈസ്തവജനത ഇപ്പോൾ പ്രതിഷേധിക്കുന്നത്.

ചർച്ച് ആക്ട് നിയമമാക്കേണ്ടത് ഭാരതത്തിലെ ക്രൈസ്തവസമൂഹത്തെ സംബന്ധിച്ച് അടിയന്തിരാവശ്യമാണെന്ന അവബോധം കേരളത്തിലും ഇതരസംസ്ഥാനങ്ങളിലും അതിവേഗം വ്യാപിച്ചു കൊണ്ടിരിക്കുകയാണ്. മറ്റു മതസ്ഥരെപ്പോലെ ഇവിടുത്തെ ക്രൈസ്തവർക്കും തങ്ങളുടെ മതസ്വത്ത് ഭരണഘടനയ്ക്കു വിധേയമായി പൗരാവകാശത്തോടെ ഭരിക്കാൻ അവകാശമുണ്ടെന്ന് അവരിന്നു കൂടുതൽകൂടുതലായി മനസ്സിലാക്കിവരുന്നു. തീർച്ചയായും അധികം വൈകാതെ ഇവിടത്തെ ക്രൈസ്തവസമൂഹം നേരിടുന്ന മതവിവേചനം നിയമനിർമ്മാണത്തിലൂടെ പരിഹരിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിർബന്ധിതമാകും. ഇത്തരുണത്തിൽ തിരസ്കൃതരും പരിഹാസ്യരും ആയിത്തീരാതിരിക്കാനെങ്കിലും നിങ്ങൾ മൗനം വെടിഞ്ഞേ മതിയാകൂ. ആയതിനു പ്രാരംഭമെന്നനിലയിൽ 2011 മെയ് 23 മുതൽ ചേരുന്ന സീറോ-മലബാർ മെത്രാൻ സിനഡിൽത്തന്നെ ചർച്ച് ആക്ട് ചർച്ച ചെയ്യണമെന്നും ഇതു സംബന്ധമായ ഔദ്യോഗികതീരുമാനം കൈക്കൊള്ളണമെന്നും 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ' ആവശ്യപ്പെടുന്നു.

ജോയിന്റ് ക്രിസ്ത്യൻ കൗൺസിലിനുവേണ്ടി,

**ജോയി പോൾ പുതുശ്ശേരി** (ജനറൽ സെക്രട്ടറി)




**കർദ്ദിനാൾ മാർ ആലഞ്ചേരി റോമിലേക്കു പോകുന്നതിനു മുമ്പ് 116 കോടി വിലമതിക്കുന്ന ഭൂമികുംഭകോണത്തിൽ ജനങ്ങൾക്ക് വിശദീകരണം നൽകണമെന്ന് ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ. ചർച്ച് ആക്ട് നടപ്പിലാക്കേണ്ടത് അനിവാര്യമെന്ന് പൊതുയോഗം.**

*'ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ' ജനുവരി 9-ന് എറണാകുളത്ത്, 'കത്തോലിക്കാസഭയും ഭൂമിവിവാദവും' സംബന്ധിച്ച് നടത്തിയ സംവാദം ശ്രീ.ഫെലിക്സ് പുല്ലൂടൻ ഉദ്ഘാടനം ചെയ്യുന്നു. സി.എ.ജേക്കബ്ബ്, ആന്റോ കോക്കാട്ട്, ജോർജ് കട്ടിക്കാരൻ, ജോസഫ് വെളിവിൽ, സന്തോഷ് ജേക്കബ്ബ്, അഡ്വ. നോയൽ ജോസഫ്, അഡ്വ പോളച്ചൻ പുതുപ്പാറ എന്നിവർ സമീപം.*

പുലിക്കുന്നേൽ, ഭൂമികുംഭകോണം, ചർച്ച് ആക്ട് വിശേഷാൽപ്പതിപ്പ്

# മേജർ ആർച്ചുബിഷപ്പിന്റെ ഭൂമി കച്ചവടവും മെത്രാന്മാരുടെ എപ്പിക്കൂരിയനിസവും



**എം.എൽ. ജോർജ് മാളിയേക്കൽ**
(ജന. സെക്രട്ടറി, Catholic Laymen's Association)

**പ**രേതനായ മേജർ ആർച്ച്ബിഷപ്പ് വർക്കി വിതയത്തിൽ, സീറോ-മലബാർ സഭയിൽ പിശാച് ബാധിച്ചിരിക്കുന്നു എന്ന് സ്ഥിരീകരിച്ചിട്ടുള്ളത് ഇന്ന് കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കയാണ്. പിശാചുബാധ തുടങ്ങിയിട്ട് നാല് പതിറ്റാണ്ട് കാലത്തോളമായി. വിശുദ്ധ ഇടങ്ങളിൽ വ്യാപരിക്കുന്ന മെത്രാന്മാരിലും അവരുടെ അനുയായികളായ ഒരു വിഭാഗം വൈദികരിലുമാണ് ഈ ബാധ പ്രവേശിച്ചിട്ടുള്ളത്. അധികാരവും ആധിപത്യവും ആർഭാടവും ധൂർത്തും കാപട്യവും ചൂഷണവും ആഭിചാരവും അസന്മാർഗ്ഗികതയും വഞ്ചനയും തട്ടിപ്പും സ്വാർത്ഥതയും സുഖലോലുപതയും കൈമുതലാക്കി കത്തോലിക്കാ മെത്രാന്മാർ ദൈവനിഷേധപ്രവർത്തനങ്ങളിൽ വ്യാപരിച്ച് ക്രിസ്തീയ ജീവിത ശൈലി കൈവിട്ടിരിക്കയാണ്.

യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരെല്ലാവരും ഒരു സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായിത്തീരുകയും ചെയ്യുമ്പോഴാണ് ക്രിസ്തീയ ജീവിതശൈലി ഉടലെടുക്കുന്നത്. എ.ഡി. 52-ൽ യേശുവിന്റെ 12 ശിഷ്യരിൽ ഒരാളായ വി. തോമ്മാശ്ലീഹായാൽ ഭാരതത്തിൽ തുടക്കമിട്ട ക്രൈസ്തവസഭ ക്രിസ്തീയ ജീവിതശൈലിയിൽ അടിയുറച്ചതാണ്. വിശ്വാസിസമൂഹം ഒരു ഹൃദയവും ഒരു ആത്മാവുമായി വ്യാപരിച്ചു. സഭാസ്വത്തുക്കൾ ആരും തങ്ങളുടെ സ്വന്തമെന്ന് അവകാശപ്പെട്ടിരുന്നില്ല. എല്ലാം പൊതുവായിരുന്നു. ദേശിയതയിൽ അടിയുറച്ച് ജനാധിപത്യവ്യവസ്ഥിതിയിലാണ് സഭ പ്രവർത്തിച്ചുപോന്നിട്ടുള്ളത്. ഇതു തികച്ചും ക്രൈസ്തവമായിരുന്നു.

സഭാപ്രവർത്തനം ആത്മീയമണ്ഡലമെന്നും ഭൗതികമണ്ഡലമെന്നും വിഭജിക്കപ്പെട്ടിരിക്കുന്നു. ആത്മീയകാര്യങ്ങളിൽ വ്യാപരിക്കുന്ന മെത്രാന്മാരെയും വൈദികരെയും ഭൗതികകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽനിന്നും യേശു വിലക്കിയിട്ടുള്ളതാണ് (മത്താ. 10:9-10, മർക്കോ. 6:7-9, ലൂക്കാ 9:3-6). ആത്മീയശുശ്രൂഷയ്ക്കായി സത്യപ്രതിജ്ഞ എടുക്കാത്തവരായ അൽമായസമൂഹത്തെ ഭൗതികമണ്ഡലത്തിന്റെ ശുശ്രൂഷയ്ക്കായി യേശു ചുമതലപ്പെടുത്തി (അപ്പ.പ്രവ. 6:2-4, ലൂക്കാ 10:8). സ്വകീയരും ലൗകികരായിരിക്കുന്നവരും ലോകത്തിൽ ജീവിച്ചുകൊണ്ട് സഭയുടെ ദൗത്യത്തിൽ പങ്കുചേരുന്നവരും, പട്ടമോ സന്ന്യാസവ്രതമോ സ്വീകരിക്കാത്തവരുമായ ക്രിസ്തീയവിശ്വാസികളെയാണ് അൽമായർ എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്. മാമ്മോദീസവഴി അൽമായർ യേശു

## സത്യജ്വാല സാമ്പത്തികസ്ഥിതി

2017 ഡിസംബർ ലക്കം അച്ചടിച്ചുകഴിയുമ്പോൾ 7000 -ത്തോളം രൂപാ കടമുണ്ടാകുമെന്നായിരുന്നു വല്ലോ കണക്കാക്കിയിരുന്നത്.

അതിനുശേഷം, 'KCRM-നോർത്ത് അമേരിക്ക'യുടെ സുഹൃത്തുക്കൾ നൽകിയ 25203 രൂപയുൾപ്പെടെ, 42518 രൂപാ വരിസംഖ്യയായും, അതേ അമേരിക്കൻ സുഹൃത്തുക്കൾ നൽകിയ 35828 രൂപയുൾപ്പെടെ 51288 രൂപാ സംഭാവനയായും 2018 ജനുവരി പകുതിവരെ ലഭിച്ചു. അപ്പോൾ ഈ കാലയളവിലെ ആകെ വരവ് 93746 രൂപായാണ്.

കടംവീട്ടിയുള്ള ഇപ്പോഴത്തെ നീക്കിയിരിപ്പ് ഉദ്ദേശം 87000 രൂപാ.

2018 ജനുവരിലക്കം വിശേഷാൽപ്പതിപ്പ് അയച്ചുകഴിയുമ്പോൾ സത്യജ്വാലയ്ക്ക് 60000-ത്തോളം രൂപാ നീക്കിയിരിപ്പുണ്ടായേക്കാം എന്നാണ് പ്രതീക്ഷിക്കുന്നത്.

## സംഭാവന

**2017 ഡിസംബർ -2018 ജനുവരി**

| | |
|---|---|
| ഒരു അഭ്യുദയകാംക്ഷി | 1000 |
| കെ. പി. ജോൺ കുന്നപ്പള്ളി | 1000 |
| പ്രൊഫ. എൻ. എം. ജോസഫ് | 6000 |
| നോയൽ മാത്യു (ഫ്ളോറിഡ, യു. എസ്. എ) | 6000 |
| അലക്സാണ്ടർ വാണിശ്ശേരി | 1400 |
| KCRM - നോർത്ത് അമേരിക്ക | 35828 |
| ഈ കാലയളവിലെ ആകെ സംഭാവന | 51288 |

ഉദാരമായി സംഭാവന നൽകിയ എല്ലാവർക്കും, വിശിഷ്യാ സത്യജ്വാലയ്ക്കുവേണ്ടി സംഘടിതമായി പ്രവർത്തിക്കുന്ന 'KCRM-നോർത്ത് അമേരിക്ക'യുടെ സുഹൃത്തുക്കൾക്കും പ്രത്യേകം നന്ദി!

**-സർക്കുലേഷൻ മാനേജർ & എഡിറ്റർ**



ക്രിസ്തുവിനോടു ചേർന്ന് ഒരു ശരീരമായിത്തീരുന്നു. അവർ യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിലും രാജത്വത്തിലും സ്വർഗ്ഗീയമായ രീതിയിൽ പങ്കുകാരാണ്. ഭൗതികമായ എല്ലാ വ്യവഹാരങ്ങളിലും ജോലികളിലും ഏർപ്പെട്ടുകൊണ്ട് കുടുംബസംബന്ധവും സാമൂഹികവുമായ ജീവിതത്തിൽ തങ്ങളുടെ അസ്തിത്വവുമായി ബന്ധപ്പെട്ടുകിടക്കുന്ന ലോകത്തിലെ സാധാരണ സാഹചര്യത്തിലാണ് അൽമായർ ജീവിക്കുന്നത്. സഭയുടെ ഭൗതിക കാര്യങ്ങളെ ദൈവേഷ്ടപ്രകാരം നിയന്ത്രിച്ചും നിർവ്വഹിച്ചും ക്രമീകരിച്ചും സ്വന്തം ദൈവവിളിക്കനുസൃതമായി ദൈവരാജ്യം അന്വേഷിച്ചും ജീവിക്കുക എന്നതാണ് അൽമായരുടെ പ്രഥമമായ കടമ. ഇങ്ങനെ അൽമായർ ജീവിതമാതൃകയിലും വിശ്വാസം, ശരണം, ഉപവി എന്നീ ദീപ്തിയാലും മറ്റുള്ളവർക്ക് യേശുവിനെ വെളിപ്പെടുത്തിക്കൊടുക്കുന്നു. ഇതനുസരിച്ചാണ് അൽമായർ സഭയിലെ ഭൗതികകാര്യങ്ങളുടെ ശുശ്രൂഷാ ചുമതല നിർവ്വഹിച്ചുപോന്നിട്ടുള്ളത്. അതോടൊപ്പം വിശ്വാസം, പ്രത്യാശ, ഉപവി ഇവയിൽ തിളങ്ങിക്കൊണ്ട് സഭാസമൂഹത്തിൽ നീതിപൂർവ്വകമായ നിയമനിർമ്മാണം നടത്താനും ലോക വിശുദ്ധീകരണത്തിന്റെ പുളിമാവാകാനും അൽമായർക്കാണ് അവകാശവും കടമയും ദൈവവിളിയുമുള്ളത്. "ഒരു ഭൃത്യന് രണ്ട് യജമാനന്മാരെ സേവിക്കുവാൻ സാധിക്കുകയില്ല. ഒന്നുകിൽ അവൻ ഒരുവനെ ദ്വേഷിക്കുകയും മറ്റവനെ സ്നേഹിക്കുകയും ചെയ്യും. അല്ലെങ്കിൽ ഒരുവനോട് ഭക്തികാണിക്കുകയും മറ്റവനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും ധനത്തെയും ഒരുമിച്ച് സേവിക്കുവാൻ നിങ്ങൾക്ക് കഴിയുകയില്ല' (ലൂക്കാ 16:13).

ആത്മീയ മണ്ഡലത്തിൽ വ്യാപരിക്കുന്ന മെത്രാന്മാർക്കും അവരുടെ അനുയായികളായ വൈദികർക്കും യേശു നൽകിയിട്ടുള്ള നിർദ്ദേശമാണത്. ഈ ക്രിസ്തീയ തത്ത്വങ്ങളെ അവഗണിച്ച് മെത്രാന്മാർ ആത്മീയമണ്ഡലത്തിന്റെയും ഭൗതികമണ്ഡലത്തിന്റെയും കൈകാര്യസ്ഥരായതാണ് ഇന്ന് സഭ നേരിട്ടുകൊണ്ടിരിക്കുന്ന മൂല്യച്യുതിക്കും അപവാദങ്ങൾക്കും വിവാദങ്ങൾക്കും സാമ്പത്തിക ക്രമക്കേടുകൾക്കും ദുഷ്പ്പേരിനും കാരണമായിട്ടുള്ളത്. ആത്മീയ ശുശ്രൂഷ മറികടന്ന് മെത്രാന്മാർ ഭൗതികശുശ്രൂഷയുടെ കൈകാര്യസ്ഥരായതോടെ അവർ ആഭിചാരകാർമ്മികരായി മാറി. ആഭിചാരം എന്നാൽ ഇംഗ്ലീഷിൽ 'ബ്ലാക്ക് മാജിക്ക്' എന്നാണർത്ഥം. ക്രിസ്തീയ ആത്മീയത എന്ന വ്യാജേന തങ്ങൾക്ക് വിലക്കപ്പെട്ട ഭൗതികം കൈകാര്യംചെയ്യുമ്പോൾ ആഭിചാരം ഉടലെടുക്കുന്നു. ഇത്തരം ആഭിചാരപ്രവൃത്തികളാണ് ഇന്ന് കത്തോലിക്കാസഭയിൽ നടമാടുന്നത്.

യേശുനാഥൻ ശിഷ്യരെ അടുത്തുവിളിച്ചു പറഞ്ഞു: "വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്തം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നു എന്നും നിങ്ങൾക്കറിയാമല്ലോ? എന്നാൽ നിങ്ങളുടെ ഇടയിൽ അങ്ങനെയാകരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനുമായിരിക്കണം. മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നൽകാനുമത്രെ (മർക്കോ. 10: 42-45, മത്താ. 20: 25-28, ലൂക്കാ. 22:24-27). കത്തോലിക്കാമെത്രാന്മാർ ക്രിസ്തീയതയ്ക്കെതിരായി അധികാരവും ആധിപത്യവും സ്ഥാപിച്ച് ദൈവജനത്തിനുമേൽ യജമാനത്തം പുലർത്തുന്നതിനുവേണ്ടി വിശ്വാസത്തിന്റെ ഭാഗമെന്ന വ്യാജേന ഏകാധിപത്യ കാനൻനിയമങ്ങൾ നിർമ്മിച്ചു നടപ്പിലാക്കി ആഭിചാരകർമ്മങ്ങളിൽ അഭിരമിക്കുകയാണ്.

"ക്രിസ്തുവിനോടൊപ്പം നിങ്ങൾ ഉയിർപ്പിക്കപ്പെട്ടെങ്കിൽ ദൈവത്തിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന ക്രിസ്തു വസിക്കുന്ന ഉന്നതത്തിലുള്ളവയെ അന്വേഷിക്കുവിൻ. ഭൂമിയിലുള്ള വസ്തുവകകളിലല്ല, പ്രത്യുത ഉന്നതത്തിലുള്ളവയിൽ ശ്രദ്ധിക്കുവിൻ. എന്തെന്നാൽ, നിങ്ങൾ മൃതരായിരിക്കുന്നു. നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടൊപ്പം ദൈവത്തിൽ നിഗൂഢമായി സ്ഥിതിചെയ്യുന്നു" (കൊളോ. 3:1-4) ആത്മീയശുശ്രൂഷയ്ക്ക് സത്യപ്രതിജ്ഞ എടുത്തിട്ടുള്ള മെത്രാന്മാരും വൈദികരും ജഡികമായി മരിച്ച് ആത്മാവിൽ പുനർജന്മം സ്വീകരിച്ചവരാണ്. അവർ സ്വർഗ്ഗരാജ്യകാര്യങ്ങൾ അന്വേഷിക്കേണ്ടവരാണ്. ഭൂമിയിലുള്ള ഭൗതികകാര്യങ്ങൾ അന്വേഷിക്കേണ്ടവരല്ല. എന്നാൽ, ആത്മീയശുശ്രൂഷകരായിരിക്കേണ്ട മെത്രാന്മാരും വൈദികരും ക്രിസ്തുവിനോടൊപ്പം ദൈവത്തിൽ നിഗൂഢമായി സ്ഥിതിചെയ്യേ

ണ്ടതിനുപകരം മാമോനിൽ പരസ്യമായി സ്ഥിതിചെയ്തുകൊണ്ട് ബ്രഹ്മരക്ഷസ്സുകളുടെ അവതാരങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ബ്രഹ്മരക്ഷസ്സ് എന്നാൽ ബ്രഹ്മജ്ഞാനം നേടിയശേഷം അതിൽനിന്നു വ്യതിചലിച്ച് പാപം ചെയ്തുനശിച്ച പരേതാത്മാക്കളാണ്.

യേശു ശിഷ്യന്മാരോട് പറഞ്ഞു: സഞ്ചിയോ രണ്ടുടുപ്പോ ചെരിപ്പോ മടിശ്ശീലയോ നിങ്ങൾ കൊണ്ടുപോകരുത്. നിങ്ങൾ ഏതുവീട്ടിൽ പ്രവേശിച്ചാലും ആ വീടിന് സമാധാനം ആശംസിക്കണം. അവർ നിങ്ങൾക്ക് വിളമ്പുന്നത് ഭക്ഷിക്കുവിൻ (ലൂക്കാ 10). എന്നാൽ മെത്രാന്മാർ യേശുവിന്റെ ഈ കല്പന ലംഘിച്ച് എളിമയിലും ലാളിത്യത്തിലും പങ്കുകാരാകാതെ ആർഭാടവും ധൂർത്തും കാപട്യവും ചൂഷണവും കൈമുതലാക്കി, യേശുവിനു പകരം ഇടതുവശത്തെ ക്രൂശിതനായ കവർച്ചക്കാരന്റെ ജീവിതശൈലി പിൻതുടർന്ന് സഭാസമ്പത്ത് കവർന്നുഭക്ഷിച്ചുകൊണ്ടിരിക്കയാണ്. അൽമായസമൂഹം വിയർപ്പുചിന്തി കഠിനാദ്ധ്വാനംചെയ്ത് ജീവകാരുണ്യപ്രവർത്തനങ്ങൾക്കുവേണ്ടി സ്വരൂപിച്ച സഭാസമ്പത്തുകൾ തങ്ങളുടെ ആഡംബരജീവിതത്തിനും ആർഭാടത്തിനുമായി ധൂർത്തടിച്ചുകൊണ്ടിരിക്കുകയാണ്.

ക്രൈസ്തവസഭ രൂപംപ്രാപിച്ചിട്ടുള്ളതുതന്നെ ട്രസ്റ്റ് ആയിട്ടാണ്. ട്രസ്റ്റിന്റേതായ എല്ലാ മാനദണ്ഡങ്ങളും അവഗണിച്ചുകൊണ്ട് സഭയ്ക്കും സമൂഹത്തിനും യാതൊരു ഗുണവും ലഭിക്കാത്തതും വൻസാമ്പത്തികനഷ്ടം വരുത്തിക്കൊണ്ട് വിദേശരാഷ്ട്രങ്ങളിലേക്കുള്ള വിമാനയാത്രകളും രാജകീയപര്യടനങ്ങളും കോടികൾ മുടക്കിയുള്ള മെത്രാസനമന്ദിരങ്ങളും അതിലെ അത്യാധുനിക സജ്ജീകരണങ്ങളും ജീവിതചര്യകളും ദശലക്ഷങ്ങൾ വിലയുള്ള ആഡംബരക്കാറുകളും, തിന്നുകുടിച്ച് ഉന്മത്തരാകാൻ ആവശ്യമായ വൈനറികളും ഭോഗാസക്തിയെ തൃപ്തിപ്പെടുത്താനുള്ള സംവിധാനങ്ങളും രൂപതകൾതോറും നടപ്പിലാക്കിക്കൊണ്ട് മെത്രാന്മാർ എപ്പിക്യൂരിയൻ ജീവിതക്രമത്തിനുതകുന്നതെല്ലാം സ്വായത്തമാക്കിയിരിക്കയാണ്. എപ്പിക്കൂരിയനിസം – ഇന്ന് തിന്നുകുടിച്ച് ആനന്ദിക്കുക, നാളെ നമ്മുടേതല്ല എന്നതാണ്. പള്ളികൾ, ആശുപത്രികൾ, അനാഥമന്ദിരങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, പാർപ്പിടങ്ങൾ തുടങ്ങിയ സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുവേണ്ടി വിശ്വാസികൾ നൽകിവരുന്ന കോടിക്കണക്കിനു രൂപ യഥാവിധി വിനിയോഗിക്കാതെ വകമാറ്റി ചെലവഴിച്ച് തട്ടിപ്പു നടത്തിയശേഷം ഇതേ ആവശ്യങ്ങൾക്കുവേണ്ടി സഭാവിശ്വാസികളുടെപേരിൽ വിദേശത്തു പോയി അവരറിയാതെ പണം സമാഹരിച്ച് മെത്രാന്മാർ തദ്ദേശിയരും വിദേശിയരുമായ അൽമായരെ ഇരട്ടത്തട്ടിപ്പിന് വിധേയരാക്കുകയാണ്. ഇത്തരത്തിലുള്ള തട്ടിപ്പിന്റെ ഏറ്റവും പുതിയ പതിപ്പാണ് മേജർ ആർച്ച് ബിഷപ്പ് ജോർജ്ജ് ആലഞ്ചേരിയും സംഘവും എറണാകുളം അതിരൂപതയിൽ നടത്തിയിട്ടുള്ള ഭൂമിവില്പന.

ക്രിസ്തീയസഭ ഒരു ട്രസ്റ്റ് ആയതിനാൽ സഭയുടെ കണക്കിൽ പൊരുത്തക്കേടും നീക്കിബാക്കിയിൽ കുറവും കണ്ടാൽ നഷ്ടം വരുത്തിയ വ്യക്തി ആരാണോ, അവരിൽനിന്ന് ആ നഷ്ടം ഈടാക്കണമെന്നാണ് സഭാനിബന്ധന. സഭാസ്വത്തുക്കളുടെ വില്പന യാതൊരു കാരണവശാലും രഹസ്യമാകാൻ പാടില്ല. മുൻകൂറുള്ള പരസ്യനോട്ടീസിന്റെ അടിസ്ഥാനത്തിൽ ലേലമോ വില്പനയോ ആകാം. ഏതാണോ കൂടുതൽ അഭികാമ്യമായിട്ടുള്ളത് അതാണ് സ്വീകരിക്കേണ്ടത്. എല്ലാ ഇടപാടുകളും പണം സ്വീകരിച്ചുമാത്രം നടത്തേണ്ടതും പ്രതിഫലത്തുക അതാതു ദിവസത്തെ സഭാ കണക്കിൽ ഉണ്ടാകേണ്ടതുമാണ്. പൂർണ്ണമായ പ്രതിഫലം പറ്റാതെ ആർക്കെങ്കിലും എന്തെങ്കിലും കൊടുത്തിട്ടുണ്ടെങ്കിൽ കൊടുത്ത വ്യക്തി വസ്തുവിന്റെ യഥാർത്ഥ വില (Market Value) സഭയിൽ അടയ്ക്കുവാൻ ബാധ്യസ്ഥനാണ്. സഭയുടെ സ്ഥലങ്ങളോ കെട്ടിടങ്ങളോ ഉരുപ്പടികളോ വിൽക്കുകയോ പാട്ടത്തിനു കൊടുക്കുകയോ വാടകയ്ക്ക് നൽകുകയോ ചെയ്യേണ്ടത് സഭയുടെ നൈയാമികമായ എല്ലാ നടപടിക്രമങ്ങൾ പാലിച്ചും നിയമോപദേശങ്ങൾ തേടിക്കൊണ്ടുമായിരിക്കണമെന്നാണ് സഭയുടെ ചട്ടം. സഭയുടെ ആരംഭംമുതൽ നിലനിന്നുപോരുന്നതാണ് ഈ ആചാരം. ഒരു ആചാരം 30 വർഷം തുടർച്ചയായി നിലനിന്നുപോന്നാൽ ആ ആചാരത്തിന് നിയമത്തിന്റെ പ്രാബല്യമുണ്ട്. അത് കാനൻ നിയമത്തിനെതിരാണെന്നോ കാനൻനിയമത്തിൽ ഇല്ലാത്തതാണെന്നോ ഉള്ള തടസ്സവാദങ്ങൾ ഉന്നയിക്കാൻ മെത്രാന്മാർക്കോ പോപ്പിനുപോലുമോ അധികാരമില്ല. ഈ വസ്തുത പോപ്പിനും എല്ലാ മെത്രാന്മാർക്കും അറിവുള്ളതുമാണ്.

വസ്തുതകൾ ഇതായിരിക്കെ, ഒരു വിഭാഗം മെത്രാന്മാരും വൈദികരും വിവാദമായ ഭൂമി വില്പനയിടപാടിലെ കാനോനിക നടപടിക്രമങ്ങളുടെ ലംഘനങ്ങൾ ചൂണ്ടിക്കാണിച്ച് നടപടികൾ ആവശ്യപ്പെട്ട് പോപ്പിനെ സമീപിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു. അൽമായ സമൂഹത്തിന്റെ അധികാരാവകാശങ്ങൾക്ക് പുകമറസൃഷ്ടിക്കുന്നതിനുള്ള ഗൂഢലക്ഷ്യമാണ് ഇതിനു പിന്നിലുള്ളത്. വത്തിക്കാൻ രാഷ്ട്രത്തലവനായ പോപ്പിന് ഇക്കാര്യത്തിൽ ഇടപെടാൻ നിയമപരമായ യാതൊരവകാശവും ഇല്ല. പോപ്പിന് ഇക്കാര്യത്തിൽ തീർപ്പെടുക്കാൻ അവകാശം ലഭിക്കണമെങ്കിൽ ഇൻഡ്യൻ ഭരണഘടനയ്ക്കു വിധേയമായി പോപ്പ് ഇവിടെ വസ്തുവകകൾ സമ്പാദിച്ചിരിക്കണം. ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം പോപ്പിൽ നിക്ഷിപ്തമാക്കാത്ത സമ്പത്തിന്മേൽ പോപ്പിന് യാതൊരുവിധ അവകാശാധികരങ്ങളും ഇല്ല. പോപ്പിന്റെ പ്രതിനിധികളായ ഇൻഡ്യയിലെ മെത്രാന്മാർക്കും യാതൊരുവിധ അവകാശങ്ങളും ഇല്ല. എറണാകുളം അതിരൂപതയിലെ വസ്തുവില്പന ഇൻഡ്യൻ ട്രസ്റ്റ് ആക്ടിന്റെയും ഭൂനിയമങ്ങളുടെയും ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടീസ് ആക്ടിന്റെയും ലംഘനമാണ്. ശതകോടിയിൽപരം രൂപ മൂല്യമുള്ള ഭൂമി തുച്ഛമായ വിലകാണിച്ച് പ്രമാണങ്ങൾ ചമച്ചതും, ക്രൈസ്തവസമൂഹത്തെ വഞ്ചിച്ചതും, സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലും രജിസ്ട്രേഷൻ ഫീസ് ഇനത്തിലും പൊതുഖജനാവിലെത്തിച്ചേരേണ്ടതായ ലക്ഷക്കണക്കിന് രൂപ ഖജനാവിലടയ്ക്കാതെ സർക്കാരിനെ വെട്ടിച്ചതും ക്രിമിനൽ കുറ്റകൃത്യങ്ങളാണ്. ഈ കുറ്റകൃത്യങ്ങൾക്കെതിരെ നടപടിയെടുക്കേണ്ടത് വത്തിക്കാനിലെ പോപ്പല്ല, ഈ വസ്തുവകകൾ സമ്പാദിച്ച ഇവിടത്തെ വിശ്വാസിസമൂഹവും ഇവിടെ ഭരണം നടത്തുന്ന സർക്കാരുമാണ്. അതിനാൽ ഭരണം കൈയാളുന്ന സർക്കാർ ഈ കുറ്റകത്യങ്ങൾക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കണം. അതോടൊപ്പംതന്നെ, സഭാസമ്പത്തിന്റെ ഉടമകളായ വിശ്വാസി (അൽമായ) സമൂഹവും കുറ്റവാളിക്കെതിരെ ക്രിമിനലായും സിവിൽ ആയും നിയമനടപികൾ സ്വീകരിക്കാൻ മുന്നോട്ടു വരേണ്ടതാണ്. (തുടരും)

ഫോൺ: 9400953632

# നസ്രാണി കത്തോലിക്കാസഭയിലെ ധനവും കടവും

ഡോ. സ്കറിയാ സക്കറിയ



**മാ**ധ്യമങ്ങളിൽ കാണുന്നതനുസരിച്ചാണെങ്കിൽ, സീറോ-മലബാർ സഭയിൽ (നസ്രാണി കത്തോലിക്കാ സമുദായത്തിൽ) വലിയൊരു സംഘർഷം രൂപപ്പെടുകയാണ്. ഈ ധാരണ വിശദമായ പരിശോധനയും വ്യാഖ്യാനവും അർഹിക്കുന്നു.

ഇത്തരം കൊടുങ്കാറ്റുകൾ ഇതിനുമുമ്പും സുറിയാനി കത്തോലിക്കരുടെയിടയിൽ ഉണ്ടായിട്ടുണ്ട്. അവയിൽ കുറ്റം ചാർത്തപ്പെടുന്നവർ മങ്ങൂഴത്തിലാവുന്നതോ അച്ചടക്കനടപടിക്കു വിധേയരാവുന്നതോ കണ്ടിട്ടുമുണ്ട്. എന്നാൽ, അത്തരം സന്ദർഭങ്ങളിൽ എന്താണു സംഭവിച്ചതെന്ന് സത്യസന്ധമായ ഒരു വിവരണം കിട്ടാറില്ല. വിഷയം മറിയക്കുട്ടി കൊലപാതകമോ ധനാപഹരണമോ ബാലപീഡനമോ എന്തുമാകാം. വിചാരണയോ വിശദീകരണമോ ഇല്ലാതെ അത്തരം സംഭവങ്ങളും വ്യക്തികളും മറവിയുടെ ഇരുട്ടുകുഴിയിലേക്ക് തള്ളപ്പെടുന്നു. ഇപ്പോൾ നടക്കുന്ന തീവ്രവിവാദത്തിനും ഇതുതന്നെ സംഭവിക്കും എന്ന് ഭയപ്പെടുന്നു.

മറിച്ചാണെങ്കിൽ, സഭാനിയമങ്ങളും രാജ്യത്തിന്റെ നിയമങ്ങളും കൃത്യമായി പിന്തുടർന്ന് വസ്തുതകൾ കണ്ടെത്തുന്ന സുതാര്യത സഭയിലുണ്ടാക്കണം. 'മലർന്നുകിടന്ന് തുപ്പരുത്' എന്ന ന്യായംപറഞ്ഞ് കുറ്റവാളികളെ ഒളിപ്പിക്കരുത്. ചരിത്രത്തിലുടനീളം ഇത്തരം സംഭവങ്ങൾ കേരളക്രൈസ്തവസമൂഹത്തിൽ അരങ്ങേറിയിട്ടുണ്ട്. അരങ്ങേറുന്നുമുണ്ട്. ഇതിൽ സാധാരണ വിശ്വാസികൾക്കും വൈദികർക്കും മെത്രാന്മാർക്കും വ്യക്തമായ പങ്കുണ്ട്. സഭാവക സ്ഥാപനത്തിൽ നടക്കുന്ന കൊള്ളരുതായ്മകളെല്ലാം ന്യായീകരിക്കുന്നതിനാണ് ദൈവരാജ്യം പ്രതിഫലമായി ലഭിക്കുകയെന്ന വിശ്വാസം വ്യാപകമാണ്. മോഷണവും ധൂർത്തും സുകൃതങ്ങളായി മാറുന്നതെങ്ങനെ? നികുതി വെട്ടിപ്പും കോഴയും സഭാസ്നേഹമായി വാഴ്ത്തപ്പെടുന്നത് എത്രയോ സന്ദർഭങ്ങളിൽ കേട്ടിട്ടുണ്ട്. കോടിക്കണക്കിന് രൂപ മുടക്കി മഹാദേവാലയങ്ങൾ നിർമ്മിക്കുന്നവർ മാത്രമല്ല, കണക്കു ചോദിക്കാതെ കണക്കറ്റ ധനം നൽകുന്നവരും ഈ പാപകർമ്മത്തിൽ പങ്കാളികളാണ്. ഈ അപകടം പലപ്പോഴും സഭയിലെ ചുരുക്കം ചില മെത്രാന്മാരും വൈദികരും തിരിച്ചറിയുന്നു. സാമ്പത്തികക്രമക്കേട് കാട്ടിയവരെ ഫ്രാൻസീസ് പാപ്പ പുറത്താക്കിയത് മറന്നുകൂടാ. ബാലപീഡകരെ ഔദാര്യപൂർവം മാറ്റിനിർത്തുകമാത്രമേ അദ്ദേഹം ചെയ്തുള്ളു. ഇത്തരം ധാരാളം വൈരുദ്ധ്യങ്ങൾ നിലനിൽക്കുന്ന സഭാസംവിധാനത്തിൽ വീണ്ടുവിചാരത്തിനുള്ള ഒരു ശബ്ദവും ഒരിടത്തുനിന്നും ഉയർന്നുകേൾക്കുന്നില്ല. പള്ളിപ്പണത്തിനും വസ്തുവകകൾക്കും കണക്കുവയ്ക്കണം എന്നു പറയുന്നതിൽ യാതൊരു പുതുമയുമില്ല. കണക്കു പറയാനും കണക്കു ചോദിക്കാനും തത്വനിഷ്ഠമായി ചർച്ചചെയ്യാനും സുതാര്യമായി തീരുമാനമെടുക്കാനും കഴിയുന്ന സംവിധാനങ്ങൾ ഉണ്ടാകണം.

മർത്തോമ്മാ നസ്രാണികൾക്കാണ് ഇക്കാര്യത്തിൽ അനന്യമായ പാരമ്പര്യമുള്ളത്. സഭയുടെ സാമ്പത്തിക കാര്യങ്ങളിലെ നടത്തിപ്പും പള്ളിയോഗമെന്ന സംവിധാനത്തിന്റെ ചുമതലയായിരുന്നു. ഇന്നും പള്ളിയോഗമുണ്ട് പക്ഷേ അതിന് വെറും ഉപദേശകസമിതിയുടെ സ്ഥാനംമാത്രം നൽകി ചരിത്രാവശിഷ്ടമായി സൂക്ഷിക്കുന്നു. ഇത്തരം ചർച്ചകളിലേക്ക് കേരളക്രൈസ്തവസമുദായം ഉണരേണ്ട സന്ദർഭമാണിത്. മറിച്ച്, പ്രാദേശിക സംഘർഷമായോ ആരാധനക്രമവിവാദമായോ ഏതാനും പുരോഹിതരുടെ വഴിപിഴച്ച പോക്കായോ ഇതിനെ ലഘൂകരിച്ച് കാണരുത്. ഇത് സംവിധാനപരമായ പിഴവാണ്. സംവിധാനങ്ങൾ പൊളിച്ച് പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്തി സുതാര്യത നഷ്ടപ്പെടുത്താതെ പള്ളിവക സ്വത്തുക്കളുടെ നടത്തിപ്പ് മുന്നോട്ടു കൊണ്ടുപോകാൻ കഴിയണം. ഇതാണ് കേരളക്രൈസ്തവപാരമ്പര്യം. മറിച്ച്, ഇന്നു നടക്കുന്നത് ചക്കളത്തിലെ പോരാണ്. ഏതാനും ദിവസങ്ങൾ കഴിയുമ്പോൾ മെത്രാന്മാരും പുരോഹിതരും തിരശ്ശീലയ്ക്കു പിന്നിലേക്ക് പിൻവാങ്ങും. അതോടെ മാധ്യമങ്ങൾ നിശ്ശബ്ദമാകും. യഥാർത്ഥ കാരണങ്ങളിലേക്കു കടന്നുചെല്ലാൻ പലരും ആഗ്രഹിക്കുന്നില്ല. വ്യത്യസ്ത അഭിപ്രായമുള്ളവരെ ഭരണവലയത്തിന് പുറത്തുനിർത്തി ദൈവരാജ്യം സ്ഥാപിക്കാനാണ് മെത്രാൻമാരും വൈദികരും സഭാസ്നേഹികളായ അല്മായരും തത്രപ്പെടുന്നത്. സുതാര്യതയല്ല, രഹസ്യാത്മകതയാണ് അവർക്ക് വിശിഷ്ട സുകൃതം.

ഫോൺ: 9874164632

# അവിടെ ആലഞ്ചേരി കർദ്ദിനാൾ!
# ഇവിടെ സ്റ്റാൻലി റോമൻ 'തിരുമനസ്സ്!'

അഡ്വ. ബോറീസ് പോൾ




ഇതോടൊപ്പമുള്ള ചിത്രത്തിൽ കാണുന്ന വിലയാധാരം ഒരേക്കർ ഏഴ് സെന്റ് വസ്തു കച്ചവടം ചെയ്തതിന്റേതാണ്.

കണ്ണായ സ്ഥലം, തങ്കശ്ശേരി ലൈറ്റ് ഹൗസി നടുത്ത്!

വിറ്റത്, കൊല്ലം കത്തോലിക്കാ രൂപതയ്ക്കുവേണ്ടി മേലദ്ധ്യക്ഷൻ റൈറ്റ് റവറണ്ട് മോൺസിഞ്ഞോർ സ്റ്റാൻലി റോമൻ 'തിരുമനസ്സ്!'

കൊല്ലം കത്തോലിക്ക രൂപതയിലെ അംഗങ്ങളായ അൽമായരേ, നിങ്ങൾക്ക് ഈ കച്ചവടത്തിന്റെ വിശദ വിവരങ്ങൾ അറിയാമോ?

പാതിരിമാരുടെ വലംകൈകളായി നിൽക്കുന്ന സ്വയംപ്രഖ്യാപിത അൽമായ'നേതാക്കളേ', നിങ്ങൾക്ക് ഇതേക്കുറിച്ചെന്തെങ്കിലും അറിയാമോ?

ഇല്ല; അറിയില്ല! കൂടെയുള്ള പല പാതിരിമാർക്കുമറിയില്ല. പിന്നല്ലേ?

യാതൊരു സുതാര്യതയുമില്ലാത്ത കച്ചവടം!

യഥാർത്ഥത്തിൽ 'തിരുമനസ്സ്' കൈപ്പറ്റിയ കോടികൾ ആധാരത്തിലില്ല.

ആധാരം വിശ്വസിക്കാമെങ്കിൽ, 'തിരുമനസ്സി'ന്റെ ആ വലിയ മനസ്സ് നമുക്ക് ബോധ്യപ്പെടും.

സെൻറിന് വെറും ഒരു ലക്ഷം ചിലവാനം!

എന്തായാലും കടൽത്തീരത്തിനു സമീപമുള്ള ഈ ഒരേക്കർ വസ്തു പാവപ്പെട്ട കത്തോലിക്കാ ദരിദ്രവാസികൾക്കല്ല 'തിരുമനസ്സ്' വിറ്റത്!

ഒരു പ്രമുഖപത്രത്തിലും പരസ്യം ചെയ്തിട്ടല്ല വിറ്റത്. കാനോൻ ചട്ടങ്ങൾ പാലിച്ചതായി ആധാരത്തിൽപ്പോലും പറയുന്നില്ല!

എറണാകുളത്ത് ആലഞ്ചേരി തിരുമനസ്സിന്റെ മനസ്സ് പുറത്തറിഞ്ഞപ്പോൾ വൈദികരുൾപ്പെടെയുള്ള അൽമായർ പ്രതികരിച്ചുതുടങ്ങി!

കാലം മാറിയത് കൊല്ലത്തെ വൈദികരും അൽമായരും തിരിച്ചറിയുക!

സ്റ്റാൻലി റോമൻ 'തിരുമനസ്സ്' വിറ്റുതുലച്ചത് ഒന്നും രണ്ടും വസ്തുക്കളല്ല!

ബാക്കിയുള്ളവയുടെ വിവരങ്ങൾ പുറത്തുവന്നാൽ ഈ തിരുമനസ്സിനെ കടലിന്റെ മക്കൾ കടലിൽ കെട്ടിത്താഴ്ത്താനിടയുണ്ട്! അതുകൊണ്ട് ഘട്ടംഘട്ടമായി പുറത്തുവിടാം.

പാവങ്ങളുടെ നേർച്ചപ്പണം കട്ടുമുടിക്കുന്നവർക്ക് നരകംതന്നെയല്ലേ വിധിക്കുക?

ആ വിധി നമ്മൾ ഇവിടെത്തന്നെ ഈ 'തിരുമനസ്സി'നു നൽകാൻ മനസ്സുണ്ടാകണമേ, പ്രിയരേ.....

അല്ലെങ്കിൽ ക്രിസ്തു നിങ്ങളോട് പൊറുക്കില്ല.

NB : 'തിരുമനസ്സെ'ന്ന് സ്വയം വിലയാധാരത്തിൽപ്പോലും എഴുതിവച്ചതിലുള്ള പുച്ഛത്തോടെ...

ഫോൺ: 9447332516

# ‘കളി നമ്മളോടാ!’

അഡ്വ. ഇന്ദുലേഖാ ജോസഫ്



**ക**ത്തോലിക്കാസഭയെ അണിയറയിലിരുന്നു നയിക്കുന്ന ഈവിൾ ജീനിയസിന്റെ മറ്റൊരു പൊറാട്ടു നാടകം. ബുദ്ധിയുള്ളവർ മനസിലാക്കുക.

രംഗം 1: എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭൂമിയിടപാടുമായി ബന്ധപ്പെട്ട് വൈദികസമിതി യോഗം വിളിക്കുന്നു.

രംഗം 2: പാസ്റ്ററൽ കൗൺസിൽ എന്ന അത്മായരുടെ വിനീതമായ പാവസംഘടനയുടെ മുന്നിൽ റിപ്പോർട്ട് അവതരിപ്പിച്ചതിന് ശേഷംമാത്രം വൈദികസമിതി യോഗം കൂടുക എന്ന ആവശ്യവുമായി കെന്നഡി കരുമ്പുംകാല, വി.വി. അഗസ്റ്റിൻ, സാബു ജോസ് എന്നിവരുൾപ്പെട്ട മൂവർസംഘം ആലഞ്ചേരി പിതാവിനെ സമീപിക്കുന്നു.

രംഗം 3: അത്മായർ തന്നെ ബലമായി തടഞ്ഞുവെച്ചതിനാൽ വൈദികസമിതി യോഗത്തിൽ പങ്കെടുക്കാൻ കഴിയില്ല എന്ന് പിതാവ്!

രംഗം 4: അത്മായർ പിതാവിനെ തടഞ്ഞുവെച്ചു എന്നു വൈദികർ!

രംഗം 5: തങ്ങൾ പിതാവിനെ തടഞ്ഞുവെച്ചില്ലെന്നും അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കാൻ ശ്രമിച്ച വൈദികരിൽനിന്നു സംരക്ഷിക്കുകയായിരുന്നെന്നും മൂവർസംഘം!

അങ്ങനെ, ‘ബലമായി തടഞ്ഞുവെച്ചു’ എന്ന് തങ്ങൾക്കെതിരെ ആരോപണമുന്നയിച്ച പിതാവിനോട് മൂവർസംഘത്തിലെ മഹാന്മാർ ക്ഷമിച്ചു. പോരാ, പിതാവിനുവേണ്ടി നിലനിൽക്കുമെന്നുകൂടി പറഞ്ഞ് ക്രിസ്തുവിനെപ്പോലും തോൽപ്പിച്ചു.

**നിഗമനങ്ങൾ:**

1. രഹസ്യബാലറ്റുവഴി സഭാമക്കൾ തിരഞ്ഞെടുക്കുന്ന സമിതി സഭയുടെ സ്വത്തു കൈകാര്യം ചെയ്യുന്നതിനായുള്ള ചർച്ച് ബില്ലിനെ എതിർക്കുക. ഇതുവഴി കോടതികളുടെ ഇടപെടൽ തടയുക. (ദേവസ്വം ബോർഡിലും വഖഫ് ബോർഡിലും അഴിമതി ഉണ്ടായാൽ കോടതിയെ സമീപിക്കാം. എന്നാൽ ക്രിസ്ത്യാനികൾക്ക് അതിനു കഴിയില്ല)

2. അത്മായർ ഗുണ്ടകൾ ആണെന്ന് സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുക. അതിനുവേണ്ടി കെന്നഡിയെയും അഗസ്റ്റിനെയും പോലെയുള്ള സഭാഗുണ്ടാപ്രമാണികളെ അത്മായപ്രതിനിധികളാണെന്ന വ്യാജേന രംഗത്തിറക്കുക. അവരെക്കൊണ്ടു മനപ്പൂർവം ഗുണ്ടാ സ്റ്റൈലിൽ സംസാരിപ്പിച്ച്, അത്മായർ സ്വത്തുഭരണം ഏല്പിക്കാൻ കൊള്ളാത്തവരാണെന്ന ധാരണ പരത്തുക.

ഇവർ വിശ്വാസികൾ തിരഞ്ഞെടുക്കാത്ത സഭാനേതൃത്വത്തിന്റെ എച്ചിൽ തിന്നു വളരുന്നവരാണ്. സഭയുടെ സില്ബന്ധികളാണ്, പാസ്റ്ററൽ കൗൺസിലിലും പാരിഷ് കൗൺസിലിലും ഉള്ളത്.

3. വിശ്വാസികൾക്കിടയിൽ പുകമറ സൃഷ്ടിക്കുക. ആലഞ്ചേരിയോടുള്ള സഹതാപതരംഗംകൊണ്ട് ചർച്ച് ബില്ലിനെ ഹൈജാക്ക് ചെയ്യുക.

4. അച്ചൻപക്ഷവും ബിഷപ്പ്പക്ഷവും ചർച്ച് ആക്ടിനെ ഒതുക്കാൻ കളിച്ച ബുദ്ധിപരമായ കളി!

5. അധികാരവെറി പൂണ്ട അച്ചന്മാർ ഇരിക്കുന്ന കമ്പു മുറിച്ചിട്ടാണെങ്കിലും മേജർ ആർച്ചുബിഷപ്പിനെ ഒതുക്കാൻ നോക്കി. സാമ്പത്തികത്തട്ടിപ്പു പുറത്തുവന്നാൽ ചർച്ച് ആക്ട് എന്ന ഭൂതം വെളിയിൽ ചാടും എന്ന് അവർ സ്വപ്നേപി നിരീച്ചില്ല.

പൊതുവായ ഒരു ശത്രു വരുമ്പോൾ വൈരികൾ ഒന്നായി തിമിർത്താടിയ ഈ വാണിയനും വാണിയത്തിയും കളി കണ്ടു കൈകൊട്ടി ചിരിച്ചുകൊള്ളുക.

ഫോൺ: 9400721252

## കാരുണ്യപ്രവർത്തനങ്ങളുടെ മറവിൽ പാവങ്ങളുടെ മണ്ണ് വിറ്റു!

[*2017 ഡിസം. 31-ലെ കേരളകൗമുദിയിൽ വന്ന വാർത്ത*]

തൃശൂർ: ജോൺപോൾ രണ്ടാമൻ മാർപാപ്പ തൃശൂർ സന്ദർശിച്ചതിന്റെ സ്മരണയ്ക്ക് പാവങ്ങൾക്കു വീടുവയ്ക്കാൻ വാങ്ങിയ ഭൂമിയുടെ ഒരു ഭാഗം തൃശൂർ അതിരൂപത മറിച്ചുവിറ്റു. ഏഴേക്കറോളം ഭൂമിയിൽ അമ്പതിലേറെ കൊച്ചുവീടുകൾ പണിതെങ്കിലും അവശേഷിച്ച പകുതിയോളം ഭൂമിയാണ് മൂന്നുവർഷംമുമ്പ് വിറ്റത്.

നിയമപരമായി വിൽക്കാനുള്ള അധികാരം അതിരൂപതയ്ക്ക് ഉണ്ടെങ്കിലും, ജീവകാരുണ്യപ്രവർത്തനങ്ങളുടെ മറവിലുള്ള വിശ്വാസവഞ്ചന വിശ്വാസികളിൽ കടുത്ത എതിർപ്പുണ്ടാക്കിയിട്ടുണ്ട്. എറണാകുളത്തെ കോടി

# ഒരുവശത്ത് ഭൂമികുംഭകോണം, മറുവശത്ത് ഭൂമിതട്ടിയെടുക്കൽ!



**കെ. ജോർജ് ജോസഫ്**

**ആ**യിരത്തിലൊന്നുമാത്രമായി പുറത്തായ ഭൂമികുംഭകോണമെന്ന അവിഹിതം പാളയത്തിൽ പടമൂലമാണ് സമൂഹത്തിൽ ചർച്ചയായതെന്നത് ശ്രദ്ധേയമാണ്. ഇത്തരം അനാശാസ്യങ്ങൾ പത്രസമ്മേളനം നടത്തിയും സമരത്തിലൂടെയും ജനമധ്യത്തിൽ ചർച്ചയാക്കാനും പ്രതിരോധം സൃഷ്ടിക്കാനും വർഷങ്ങളായി ശ്രമിച്ചുകൊണ്ടിരിക്കുന്ന KCRM സംഘടനയ്ക്ക് ഇതൊരു പുതുമയുള്ള സംഭവമല്ല. 'ചർച്ച് ആക്റ്റ്', അഥവാ പള്ളിസ്വത്തുഭരണത്തിന് ഭരണഘടനാപരമായ ഒരു നിയമം ആവശ്യമാണെന്നുള്ള ഞങ്ങളുടെ വാദം ശരിയായിരുന്നു എന്നു സാധൂകരിക്കാൻ ഒരു സംഭവംകൂടി ഉണ്ടായി എന്നതുമാത്രമാണ് ഇതിന്റെ പ്രസക്തി. ഞങ്ങൾ അനുഭവിച്ച അവഹേളനവും അവഗണനയും അന്യായമായിരുന്നു എന്നുകൂടി ഇതു തെളിയിക്കുന്നുണ്ട്. കാരണം, ഇത്തരം സംഭവങ്ങൾ ചൂണ്ടിക്കാണിച്ച് ഞങ്ങളുന്നയിച്ചിട്ടുള്ള ആരോപണാക്ഷേപങ്ങൾ മാധ്യമങ്ങളും സമൂഹവും അവഗണിക്കുകയോ തമസ്ക്കരിക്കുകയോ ചെയ്യുന്ന പ്രവണത അനുസ്യൂതം തുടരുകയായിരുന്നു, ഇതുവരെ.

തമസ്ക്കരണം അവസാനിപ്പിച്ച് തിരുത്തലിന് അണിചേരാൻ അഭ്യർത്ഥിച്ചുകൊണ്ട്, പുരോഹിതവഞ്ചന ഉൾപ്പെട്ട ഒരു പുതിയ സംഭവം കൂടി പങ്കുവയ്ക്കട്ടെ:



കോതമംഗലം രൂപതയിൽ വാഴക്കുളത്ത് തോട്ടക്കര ഇടവകയിൽ കൊറ്റഞ്ചേരിൽ വീട്ടിൽ ഡോ. ജോസ് ജോർജ് (59 വയസ്) എന്ന തീവ്രവിശ്വാസിയെ വഞ്ചിക്കുകയോ ആക്ഷേപിച്ച് അപമാനിക്കുകയോ മാത്രമല്ല, ധനപരമായ അവിശ്വാസ്യതയ്ക്ക് പാത്രമാക്കുകകൂടി ചെയ്ത ഹീനസംഭവമാണ് പറയാനുള്ളത്.

ഡോ. ജോസ് ജോർജ് പറയുന്നതനുസരിച്ച് ലോകത്തിലെ ആദ്യത്തെ ഹീമോഫീലിക് (ജന്മനാ രക്തത്തിന്റെ

---

കൾ വിലമതിക്കുന്ന ഭൂമി നിസാരവിലയ്ക്ക് വിറ്റതിനു പിന്നാലെയാണ് ഉത്തരവാദപ്പെട്ട പുരോഹിതന്മാരിൽനിന്നു തന്നെ വിശ്വാസികൾക്ക് ഈ രഹസ്യവിവരം ലഭിക്കുന്നത്.

തൃശൂർ മുണ്ടൂർ പാപ്പാനഗറിൽ മൂന്ന് സെന്റിൽ ഒരു മുറിയുള്ള വീടുകളാണ് പണിതു നൽകിയത്. തൃശൂർ അതിരൂപതയുടെ ജീവകാരുണ്യ പ്രസ്ഥാനമായ 'സാന്ത്വനം' ആയിരുന്നു ഈ വീടുകളുടെ ചുമതല വഹിച്ചിരുന്നത്. പാപ്പാനഗറിൽ നിർമ്മിച്ച പള്ളി നിലവിലുണ്ടെങ്കിലും, കന്യാസ്ത്രീ ഹൗസും ഭൂമിയോടൊപ്പം മൂന്നുവർഷം മുമ്പ് പലപ്പോഴായി വിറ്റു. ഹിന്ദുമത വിശ്വാസികൾ ദാനമായി നൽകിയ ഭൂമിയും ഇതിലുണ്ട്.

ദാനമായി നൽകുമ്പോൾ രജിസ്ട്രേഷൻ സംബന്ധിച്ച തടസ്സങ്ങൾ ഒഴിവാക്കാൻ നിസ്സാരവിലയ്ക്കാണ് വാങ്ങിയത്. സെന്റിന് രണ്ടു ലക്ഷത്തോളം രൂപ വിലയുള്ള ഭൂമിയാണ് പാതിവിലപോലും ലഭിക്കാതെ ഒരു മുൻ ജനപ്രതിനിധി ഉൾപ്പെടെയുള്ളവർക്ക് വിറ്റതെന്ന് സഭയുമായി ബന്ധപ്പെട്ടവർ രഹസ്യമായി സമ്മതിക്കുന്നുണ്ട്. മുള്ളൂർക്കര റെയിൽവേ സ്റ്റേഷനടുത്ത് നിർദ്ധനർക്ക് സ്വയംതൊഴിൽ നൽകാനുള്ള ഭൂമിയും ഇതുപോലെ വിറ്റെന്ന് ആരോപണമുണ്ട്.

കട്ടപിടിക്കുന്ന സ്വഭാവം നഷ്ടപ്പെട്ട രോഗമുള്ളയാൾ) ഹോമിയോ ഡോക്ടറാണ് അദ്ദേഹം. രോഗംമൂലം സ്വയം സഞ്ചരിക്കാനാവാതെ വർഷങ്ങളായി അദ്ദേഹം വീൽ ചെയറിലാണ്. മക്കളില്ലാത്ത അദ്ദേഹവും ഭാര്യയുംകൂടി ഹോമിയോ ക്ലിനിക് നടത്തിയാണ് ഉപജീവനം നടത്തുന്നത്. സ്വന്തമായി രൂപപ്പെടുത്തിയ ഏതാനും മരുന്നുകൾ വിപണനം ചെയ്യുന്നുമുണ്ട്. വടക്കേന്ത്യയിലെ മിഷൻ മേഖലകളിൽ സൗജന്യമായി മരുന്ന് എത്തിച്ചു നൽകുന്ന സേവനം വർഷങ്ങളായി അദ്ദേഹം തുടരുന്നുണ്ട്. വർഷങ്ങളായി തന്നെ സഹായിച്ചുകൊണ്ടിരിക്കുന്ന ഫാർമസിസ്റ്റിന് സ്വന്തം ജാതിത്തോട്ടം വെട്ടി വീടുവെച്ചു കൊടുത്തു!

ഭക്തിയിൽ മുക്തി കണ്ടെത്തിയ അദ്ദേഹം 2014-ൽ തന്റെ 3 ഏക്കർ പുരയിടത്തിൽനിന്ന് 1.75 ഏക്കർ ഭൂമി, തന്റെയും ഭാര്യയുടെയും ആത്മീയ-ശാരീരിക സംരക്ഷണം ഏറ്റെടുക്കണം എന്ന വ്യവസ്ഥയിൽ, കോതമംഗലം രൂപതയ്ക്ക് തീറാധാരം ചെയ്തുനൽകി.

ആധാരവും കരാറും രജിസ്റ്റർ ചെയ്യാനേൽപിച്ചതുമുതൽ പുരോഹിതർ തരികിട തുടങ്ങിയത്രേ! എഴുത്തുകാരനോട് കരാർ രജിസ്റ്റർ ചെയ്യേണ്ടെന്നു നിർദ്ദേശിച്ച് കള്ളക്കളി ആരംഭിച്ചു. നിരന്തരാവശ്യത്തെത്തുടർന്ന് രണ്ടു മാസമായപ്പോൾ അതു പരിഹരിച്ചു. താൻ നൽകിയ വസ്തുവിൽ നിർമിച്ച 'ഇമ്മാനുവേൽ' ധ്യാനകേന്ദ്രത്തിലെത്തി കർമങ്ങളിൽ പങ്കെടുക്കുന്നതിന് വീൽചെയർ കയറ്റാനായി റാമ്പ് നിർമിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ചെയ്തു കൊടുത്തില്ല. ധ്യാനകേന്ദ്രത്തിലെത്തിയ അദ്ദേഹത്തിന് പരിക്കേറ്റതിനാൽ ഒരു വലിയ തുകയുടെ ചികിത്സ വേണ്ടിവന്നു. അതിനും സഹായമുണ്ടായില്ല. മാത്രമല്ല, പരിഹാസവും ഉണ്ടായത്രേ! മേലിൽ പോകില്ലെന്ന് തീരുമാനിച്ച് അദ്ദേഹം CCTV സംവിധാനത്തിലൂടെ ചടങ്ങുകൾ കാണാനുള്ള സംവിധാനമേർപ്പെടുത്തി. 3 ദിവസത്തിനുശേഷം അതു തകരാറിലായി. അന്വേഷണത്തിൽ കേബിൾ മുറിച്ചതായി കണ്ടെത്തി. പഴയത് മാറ്റി, പുതിയ കേബിളിട്ട് ശരിയാക്കിയെങ്കിലും മൂന്നാംദിനം വീണ്ടും തകരാറിലായി. ഇത് ധ്യാനകേന്ദ്രം ഡയറക്ടർതന്നെ ചെയ്യിച്ചതാണെന്ന് കണ്ടെത്തി. കാരണം തിരക്കിയപ്പോഴാണ് അവിഹിതമായ പലതും ഇതുവഴി പുറത്താകുമെന്ന ഭയമാണ് ഡയറക്ടറെ ഇതിനു പ്രേരിപ്പിച്ചതെന്ന വസ്തുത നാട്ടുകാർ പറഞ്ഞത്. ഇദ്ദേഹം എവിടെ സ്ഥലംമാറിപ്പോയാലും ഒരു ജോലിക്കാരി കൂടെയുണ്ടായിരുന്നതായി പലരും പറയുന്നു (ടി സ്ത്രീയുടെ ഭർത്താവ് സ്ഥിരം മദ്യപാനിയാണത്രേ!). ഈ ആരോപണം ചെറുക്കാൻ ഡോക്ടറുടെ ഭാര്യയെക്കുറിച്ച് അപവാദം പരത്താനായി ഒരു ടീമിനെത്തന്നെ പണവും മദ്യവും നൽകി ഏർപ്പെടുത്തിയത്രേ! കൂടുതൽ ശമ്പളവും വീട് ടൈലിടാൻ രണ്ടു ലക്ഷം രൂപയും നൽകി ഡോക്ടറുടെ സഹായിയായിരുന്ന ഫാർമസിസ്റ്റിനെ ധ്യാനകേന്ദ്രത്തിൽ നിയമിച്ച് ഡോക്ടറുടെ ചിറകരിഞ്ഞു! ആളുകൾ ഡിസ്പൻസറിയിൽ വരാതായെന്നു മാത്രമല്ല, കണ്ടാൽ ഒഴിഞ്ഞുമാറുന്ന സ്ഥിതിയായി. മരുന്നു വിൽപന തകർന്നു. അപവാദവും സാമ്പത്തിക ബുദ്ധിമുട്ടും ആ കുടുംബത്തെ തളർത്തി...

എഗ്രിമെന്റുപ്രകാരം ഒരു വേലക്കാരിയെ അവർ ആവശ്യപ്പെട്ടു. കൊടുത്തില്ല. സാമ്പത്തികസഹായം ആവശ്യപ്പെട്ടു. നൽകിയില്ലെന്നു മാത്രമല്ല, വസ്തുവിന് 50 ലക്ഷം നൽകിയതിനു പുറമേ 40 ലക്ഷംകൂടി നൽകിയെന്നും വീണ്ടും പണം ആവശ്യപ്പെട്ട് ശല്യപ്പെടുത്തുകയാണെന്നും പ്രചരിപ്പിച്ചു! (90 ലക്ഷത്തിനു പുറമേ 50 ലക്ഷം കൂടി ആവശ്യപ്പെട്ടെന്ന പ്രചരണവും നടക്കുന്നുണ്ടെന്നറിയുന്നു!)

പരാതിയുമായി മെത്രാനെ സമീപിച്ചപ്പോൾ, പതിവുപോലെ അന്വേഷിക്കട്ടെ, പരിഹാരമുണ്ടാക്കാമെന്ന പല്ലവി കേട്ടു. വീണ്ടും വീണ്ടും പരാതിപ്പെട്ടതിനേത്തുടർന്ന് ഫാ. മഠത്തിപ്പറമ്പിൽ ഇതേക്കുറിച്ച് അന്വേഷിച്ചു. പണം നൽകിയതിന്റെ രേഖയില്ലെങ്കിലും, ജർമനിയിൽനിന്നു കിട്ടിയ ഒരു 50 ലക്ഷവും മറ്റു ചില ഫണ്ടുകളും അരമനക്കണക്കിലില്ലെന്ന കാര്യം അതോടെ പുറത്തായി. ആ പണം ചില'വായി'പ്പോയെന്ന് അറിഞ്ഞെങ്കിലും ഒരു നടപടിയും ഉണ്ടായില്ലത്രേ! വീണ്ടും മെത്രാനെക്കണ്ട ഡോക്ടറെയും ഭാര്യയെയും മഠത്തിക്കണ്ടം മെത്രാൻ അപമാനിച്ചയയ്ക്കുകയും ചെയ്തു.

താൻ വഞ്ചിക്കപ്പെട്ടെന്ന് ബോധ്യമായ ഡോക്ടർ നിയമനടപടിക്കൊരുങ്ങി. ഇതിനായി എഗ്രിമെന്റിന് സാക്ഷിയായിരുന്ന അഡ്വ. ടോമി ജോൺ കളമ്പാട്ടുപറമ്പിലിനെക്കൊണ്ട് വക്കീൽ നോട്ടീസയപ്പിച്ചു. ഏതാനും ദിവസങ്ങൾക്കുശേഷം ആ വക്കീലിന് മെത്രാൻവഴി 'ദൈവവിളി'യുണ്ടായതിനെത്തുടർന്ന്, കാലുമാറാൻ വെളിപാടുണ്ടായതായി പറയപ്പെടുന്നു. മറ്റൊരു വക്കീൽ കേസ് ഏറ്റെടുത്തെങ്കിലും പിന്നീട് സമ്മർദ്ദത്തിലായതായി സൂചനയുണ്ടെന്നാണ് ഡോക്ടർ പറഞ്ഞത്. പുതിയ ഡയറക്ടർ വീടു സന്ദർശിച്ച് പ്രാർഥിച്ചെങ്കിലും ഇപ്പോഴും മഞ്ഞുരുകുന്നില്ല.

നാട്ടുകാർ ഒറ്റപ്പെടുത്തിയ, ആരും സഹായിക്കാനില്ലാത്ത ഈ ദമ്പതികൾ സഭാധികാരികൾ ഏർപ്പെടുത്തിയ ഊരുവിലക്കിൽ മനംനൊന്തു കഴിയുകയാണ്. ഈ കുടുംബത്തെ സഹായിക്കാൻ KCRM-നു കഴിയുമോ എന്ന ചോദ്യത്തെത്തുടർന്നാണ് ഞാൻ അവിടെയെത്തിയതും ഇത്രയും കാര്യങ്ങൾ അറിഞ്ഞതും... ശേഷം പിന്നീട്.

NB. ബാക്കി സ്ഥലം സ്വന്തം പിതാവിന്റെപേരിൽ ഒരു ട്രസ്റ്റ് രൂപീകരിച്ച്, അതിന്റെകീഴിൽ ഒരു 'ഓൾഡ് ഏജ് ഹോം' നടത്തുന്നതിനായി ഡോക്ടർ കെട്ടിടം നിർമിച്ചെങ്കിലും അതാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതൊരു സ്വപ്നപദ്ധതിയാണെന്നവർ സൂചിപ്പിച്ചു. അതിന്റെ പ്രവർത്തനത്തിൽ സഹകരിക്കാൻ താൽപര്യമുള്ളവരിൽനിന്ന് ഡോ. ജോസ് ജോർജ് നിർദ്ദേശ, സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ഫോൺ: 9037078700

# ബോണക്കാട് കുരിശുയുദ്ധം!



ഡോ. എം.പി. മത്തായി



**വീ**ണ്ടും ഒരു കുരിശുയുദ്ധത്തിനു കേരളത്തിലെ പൊതുസമൂഹം മാപ്പുസാക്ഷിയാകുന്നു. എ.ഡി. 312-ൽ, യുദ്ധത്തിൽ ഏർപ്പെട്ടിരുന്ന കോൺസ്റ്റന്റൈൻ ചക്രവർത്തി മിൽവിയൻ പാലത്തിൽനിന്നു സൂര്യനെ നോക്കിയപ്പോൾ വെളിച്ചം കുരിശിന്റെ ആകൃതിയിൽ കാണപ്പെടുകയും, 'ഈ അടയാളത്തിൽ നീ യുദ്ധം ചെയ്യുക' എന്ന അശരീരി കേൾക്കുകയും ചെയ്തതോടെയാണ് കുരിശ് വെട്ടിപ്പിടുത്തതിനും തട്ടിപ്പറിക്കും ഉപയോഗിക്കാവുന്ന വിശുദ്ധവസ്തുവായി ഉപയോഗിക്കപ്പെടാൻ തുടങ്ങിയത്. മഹാത്യാഗത്തിന്റെയും സമ്പൂർണ സ്വയംസമർപ്പണത്തിന്റെയും ചിഹ്നവും പ്രതീകവുമായ മരക്കുരിശിനു സംഭവിച്ച പരിണാമങ്ങൾ നീതിബോധമുള്ള ആരെയും ഞെട്ടിക്കുന്നതാണ്. കേരളത്തിൽ നിലയ്ക്കലിലും മതികെട്ടാനിലും മൂന്നാറിലും കുരിശിന്റെ മ്ലേച്ഛമായ ദുരുപയോഗം നമ്മൾ കണ്ടതാണ്. ഇപ്പോൾ ഇതാ ബോണക്കാട്ടും കുരിശുയുദ്ധം!

മേൽസൂചിപ്പിച്ച സ്ഥലങ്ങളിലൊന്നും, യേശുക്രിസ്തുവിനോടോ കുരിശിനോടോ ഉള്ള ഭക്തിയോ ക്രൈസ്തവമൂല്യങ്ങൾ പാലിക്കാനുള്ള താല്പര്യമോ അല്ല, കുരിശുമായി നടക്കുന്നവരെയും, കുരിശുവണങ്ങാനെന്ന വ്യാജേന കാടുതാണ്ടുന്നവരെയും പ്രേരിപ്പിക്കുന്നത് എന്ന് പകൽപോലെ വ്യക്തമാണ്. കുരിശിന്റെ പിന്നിൽ നിഷ്ക്കളങ്കരായ വിശ്വാസികളെ അണിനിരത്തി ഭൂമികൈയേറാൻ പുരോഹിതരുൾപ്പെടെ സ്ഥാപിതതാല്പര്യക്കാർ നടത്തുന്ന കുൽസിതശ്രമങ്ങളെ സത്യവിശ്വാസികൾ തിരിച്ചറിയുകയും, അത്തരം കെണികളിൽപ്പെടാതെ സൂക്ഷിക്കുകയും ചെയ്യണം. കുരിശിനെ പരിചയാക്കി തട്ടിപ്പും കൈയേറ്റവും നടത്താൻ ശ്രമിക്കുന്നവർ ക്രിസ്തുവിന്റെ പാത പിൻപറ്റുന്നവരല്ല എന്നതുകൊണ്ടുതന്നെ അവരെ സാമൂഹികവിരുദ്ധരായി കണക്കാക്കി കർശനമായി കൈകാര്യം ചെയ്യുകയാണു വേണ്ടത്. വോട്ടുബാങ്ക് രാഷ്ട്രീയം മാറ്റിവെച്ചു സർക്കാർ നടപടി സ്വീകരിക്കുമെന്നാണ് സാധാരണ പൗരന്മാർ പ്രതീക്ഷിക്കുന്നത്.

ഫോൺ: 9447575322

*(കടപ്പാട്: ഫേസ്ബുക്ക്)*

# സീറോ-മലബാർ റീത്തിന്റെ ചെന്നൈഅധിനിവേശം!

## പി.സി. ജോസഫ്, ചെന്നൈ

40 വർഷത്തെ ദീർഘമായ കുത്സിതപരിശ്രമങ്ങൾക്കൊടുവിൽ, മദ്രാസ്-മൈലാപ്പൂർ ലത്തീൻ രൂപതാതിർത്തിയിലുണ്ടായിരുന്ന കേരളകത്തോലിക്കരെ തങ്ങളുടെ ഭരണത്തിൻകീഴിലാക്കാൻ സീറോ-മലബാർ സഭാധികാരത്തിനു കഴിഞ്ഞിരിക്കുന്നു!

1982-83 കാലയളവിലാണ്, ആർച്ചുബിഷപ്പ് മാർ ആന്റണി പടിയറ, കേരളത്തിനു പുറത്തു ജീവിക്കുന്ന സുറിയാനി പാരമ്പര്യമുള്ള കേരളകത്തോലിക്കരുടെ കാത്തലിക് അല്ലാത്ത (Un-Catholic) ആദ്ധ്യാത്മികജീവിതം സംബന്ധിച്ച് ഒരു റിപ്പോർട്ട് റോമിനു സമർപ്പിച്ചത്. അതിൽ, അവരുടെ ശരിയായ ആത്മീയപരിപാലത്തിനും കൂടാതെ മിഷണറി പ്രവർത്തനങ്ങൾക്കുമായി, കേരളത്തിനുപുറത്ത് പ്രത്യേകം രൂപതകൾ സ്ഥാപിക്കാൻ സീറോ-മലബാർ സഭയെ അനുവദിക്കണമെന്ന ഒരു അപേക്ഷ മുന്നോട്ടുവച്ചിരുന്നു. കാനോൻ നിയമപ്രകാരം, ഒരു രൂപതാതിർത്തിക്കുള്ളിൽ മറ്റൊരു രൂപത സ്ഥാപിക്കാൻ നിലവിലുള്ള രൂപതാമെത്രാന്റെ സമ്മതം (Consent) ആവശ്യമാണ്. അതായത്, കേരളത്തിനു പുറത്തെവിടെയെങ്കിലും ഒരു സീറോ-മലബാർ രൂപത സ്ഥാപിക്കണമെങ്കിൽ, ആ പ്രദേശത്തെ ലത്തീൻ രൂപതാമെത്രാൻ അതിനു സമ്മതിക്കണം.

അന്നു മദ്രാസിൽ ആർച്ചുബിഷപ്പായിരുന്ന ആർ. അരുളപ്പയും ഇടവകവൈദികരും ചേർന്ന്, ചെന്നൈയിലുള്ള കേരളകത്തോലിക്കരുടെ എല്ലാ

ആദ്ധ്യാത്മികകാര്യങ്ങളും തങ്ങളുടെ പള്ളികളിൽ വേണ്ടപോലെ നടത്തിക്കൊടുക്കുന്നുണ്ടെന്നും, അതുകൊണ്ട് തങ്ങളുടെ രൂപതയ്ക്കുള്ളിൽ അവർക്കായി മറ്റൊരു രൂപത സ്ഥാപിക്കേണ്ടതിന്റെ യാതൊരു ആവശ്യവുമില്ലെന്നും അറിയിച്ച് വത്തിക്കാന് എഴുതി. തുടർന്നുവന്ന അഞ്ച് ആർച്ചുബിഷപ്പുമാരും തങ്ങൾ നടത്തിയ സാഹചര്യപഠനങ്ങളുടെ വെളിച്ചത്തിൽ കാര്യങ്ങൾ വിശദീകരിക്കുകയും സീറോ-മലബാർ രൂപതാസ്ഥാപനത്തിനെതിരെ വിസ്സമ്മതം അറിയിക്കുകയുംചെയ്തു. 2004-ൽ നടന്ന രൂപതാ സിനഡ് അത് അംഗീകരിക്കുകയും നിലപാടുറപ്പിക്കുകയും ചെയ്തു. എന്നാൽ മുംബൈയിൽ, പൂനയും നാസിക്കും ഉൾപ്പെടുത്തി 'കല്യാൺ' രൂപത എന്ന പേരിൽ, കേരളത്തിനു വെളിയിൽ ആദ്യമായി ഒരു സീറോ-മലബാർ രൂപത സ്ഥാപിക്കുവാൻ സീറോ-മലബാർ സഭാധികാരത്തിന് 1983-ൽത്തന്നെ കഴിഞ്ഞിരുന്നു. തുടർന്ന്, കോയമ്പത്തൂരിലും ബാംഗ്ലൂരിലും അടുത്തകാലത്ത് ഡൽഹിയിലും തങ്ങളുടെ രൂപതകൾ സ്ഥാപിക്കാൻ അവർക്ക് കഴിയുകയുണ്ടായി.

ഇന്ത്യയിലെ മുഴുവൻ മെത്രാന്മാർക്കുമായി ഒരു കത്തയയ്ക്കാൻ മാർപാപ്പാ നിർബന്ധിതനായി. സീറോ-മലബാർ പൈതൃകമുള്ള മുഴുവൻ വിശ്വാസികൾക്കും, അവർ ജീവിക്കുന്ന പ്രദേശത്ത് സീറോ-മലബാർ രൂപത സ്ഥാപിതമായാൽത്തന്നെയും, അവർ അംഗങ്ങളായിരുന്ന ലത്തീൻ ഇടവകകളിൽ തുടരാനും അതിന്റെ പ്രവർത്തനങ്ങളിൽ പൂർണ്ണമായി ഭാഗഭാക്കാകാനും അവകാശമുണ്ട് എന്നതായിരുന്നു ആ കത്തിന്റെ ചുരുക്കം

ഇത്രയുമായപ്പോൾ മാത്രമാണ്, ലത്തീൻ റീത്തിലുള്ള മെത്രാന്മാർക്ക് ഈ സീറോ-മലബാർ നീക്കത്തിന്റെ ചൂടനുഭവപ്പെട്ടത്. 2016-ൽ അവർ റോമിലേക്ക് ഒരു നിവേദകസംഘത്തെ അയച്ചു. റീത്തിന്റെയും ഭാഷയുടെയും പേരിൽ കത്തോലിക്കർ വിഭജിക്കപ്പെടാൻ അനുവദിക്കരുതെന്നും, അങ്ങനെ സംഭവിച്ചാൽ ഉയർന്നുവരുന്ന സാമുദായികശക്തികളെ പ്രതിരോധിക്കാനാകാത്തവിധം കത്തോലിക്കാസമുദായം ദുർബലപ്പെടുമെന്നും അവർ വാദിച്ചു. അതിന്റെ ഫലമായി, ലത്തീൻ റീത്തുരൂപതകളുടെ അതിർത്തികൾക്കുള്ളിൽ ഇനിമേൽ ഒരു സീറോ-മലബാർ രൂപതയും സ്ഥാപിക്കപ്പെടുകയില്ലെന്ന് 2017-ലെ അവരുടെ കോൺഫറൻസിൽ എട്ടംഗ കർദ്ദിനാൾക്കമ്മിറ്റിയിൽപ്പെട്ട കർദ്ദിനാൾ ഓസ്‌വാൾഡ് ഗ്രേഷ്യസ് ലത്തീൻ ബിഷപ്പുമാർക്ക് ഉറപ്പുനൽകി. അതൊരു കെണിയായിരുന്നെന്ന് മനസ്സിലാക്കാതെ ലത്തീൻ ബിഷപ്പുമാർ ആ വാക്കുകൾ വിശ്വസിച്ചു.

എന്നാൽ നടന്നതിതാണ്. ഇന്ത്യ മുഴുവനിലും അധികാരത്തോടുകൂടിയ (with jurisdiction all over India) ഒരു സീറോ-മലബാർ രൂപത സെക്കന്തരാബാദ് ആസ്ഥാനമാക്കി സ്ഥാപിക്കുകയും 2017 ഒക്ടോബറിൽ മാർ തട്ടിൽ അവിടെ രൂപതാദ്ധ്യക്ഷനായി അവരോധിക്കപ്പെടുകയുംചെയ്തു. തുടർന്നു വൈകാതെ, പ്രദേശത്തെ ബിഷപ്പുമാരുടെയൊന്നും സമ്മതം നേടാതെതന്നെ, തമിഴ്നാട്ടിൽ ഹൊസൂർ (Hozur) രൂപത സ്ഥാപിക്കുകയും മാർ സെബാസ്റ്റ്യൻ പുഴോലിപ്പറമ്പിൽ ആദ്യ ബിഷപ്പായി സ്ഥാനമേൽക്കുകയും ചെയ്തു. മദ്രാസ്, പോണ്ടിച്ചേരി, ചെങ്കൽപ്പെട്ട്, ധർമ്മപുരി എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്നതാണ് ഹൊസൂർ സീറോ-മലബാർ രൂപത. വത്തിക്കാനിലെ സീറോ-മലബാർ ലോബി, മാർപാപ്പായുടെ തെറ്റാവരമുള്ള സമ്മതവും ഒപ്പും നേടിയെടുത്തുകൊണ്ട്, തങ്ങളുടെ ശക്തി തെളിയിച്ചിരിക്കുന്നു!

കാനോൻ നിയമപ്രകാരം, സീറോ-മലബാർ റീത്തിൽ ജന്മംകൊണ്ട ഒരുവൻ എക്കാലവും സീറോ-മലബാർ റീത്തുകാരനായിരിക്കും; പരിശുദ്ധ സിംഹാസനത്തിന്റെ അനുമതികൂടാതെ റീത്തുമാറുവാൻ സാധ്യമല്ല. മാത്രമല്ല, ഒരു സീറോ-മലബാർ രൂപത എവിടെ സ്ഥാപിക്കപ്പെട്ടാലും, ആ രൂപതാതിർത്തിയിൽ ജീവിക്കുന്ന സീറോ-മലബാറുകാരെല്ലാം അവരറിയാതെതന്നെ (automatically) ആ രൂപതയുടെയും അതിന്റെ കീഴിലുള്ള ഇടവകയുടെയും അംഗങ്ങളായിത്തീരുന്നു; അതുവരെ അവർ അംഗങ്ങളായിരുന്ന ലത്തീൻ ഇടവകകളിലെ അംഗത്വം നഷ്ടമാകുകയും ചെയ്യുന്നു. ഇങ്ങനെ എഴുതിപ്പിടിപ്പിച്ച ബുദ്ധിമാന്മാരായ കർദ്ദിനാളന്മാർ വിചാരിച്ചത്, തങ്ങളുടെ സാദാ കുഞ്ഞാടുകൾ ഇതൊന്നും അറിയില്ലെന്നായിരുന്നു.

പക്ഷേ, അവർ അതറിയുകയും ഉണരുകയും പ്രതികരിക്കുകയും ചെയ്തു. അതിന്റെ ഫലമായി, ഇന്ത്യയിലെ മുഴുവൻ മെത്രാന്മാർക്കുമായി ഒരു കത്തയയ്ക്കാൻ മാർപാപ്പാ നിർബന്ധിതനായി. സീറോ-മലബാർ പൈതൃകമുള്ള മുഴുവൻ വിശ്വാസികൾക്കും, അവർ ജീവിക്കുന്ന പ്രദേശത്ത് സീറോ-മലബാർ രൂപത സ്ഥാപിതമായാൽത്തന്നെയും, അവർ അംഗങ്ങളായിരുന്ന ലത്തീൻ ഇടവകകളിൽ തുടരാനും അതിന്റെ പ്രവർത്തനങ്ങളിൽ പൂർണ്ണമായി ഭാഗഭാക്കാകാനും അവകാശമുണ്ട് എന്നതായിരുന്നു ആ കത്തിന്റെ ചുരുക്കം. അംഗത്വമില്ലാത്ത ലത്തീൻ ഇടവകകളിൽ സീറോ-മലബാറുകാർക്ക് എങ്ങനെ പൂർണ്ണഭാഗഭാഗിത്വമുണ്ടാകും എന്ന അത്ഭുതത്തിലാണ് ലത്തീൻ മെത്രാന്മാർ! പക്ഷേ, അപ്രമാദിത്വമുള്ള മാർപാപ്പായ്ക്ക് തെറ്റുവരുകയില്ലല്ലോ.

ചെന്നൈയിലെ സീറോ-മലബാർ രൂപതാസ്ഥാപനത്തിന്റെ ഹ്രസ്വചരിത്രമിതാണ്. അത് പൂർണ്ണമായ നുണകളിലാരംഭിച്ച് അർത്ഥസത്യങ്ങളിൽ എത്തിനിൽക്കുകയാണ്. ഇക്കാര്യങ്ങൾ സംബന്ധിച്ച് മാർപ്പാപ്പായ്ക്ക് എന്തെങ്കിലും അറിയാമോ എന്തോ? അദ്ദേഹത്തിന്റെപേരിൽ മറ്റാരെങ്കിലുമാണോ ഒപ്പിടുന്നത് എന്നും നിശ്ചയമില്ല. 'ഞാൻതന്നെ വഴിയും സത്യവും ജീവനും' എന്ന യേശുവിന്റെ വാക്കുകൾ നമ്മുടെ കർദ്ദിനാളന്മാർ കേട്ടിട്ടുണ്ടാകുമോ, ആവോ? 'സത്യമേവ ജയതേ!' എന്ന ഇന്ത്യയുടെ ആദർശസൂക്തം ഇവർ വായിച്ചിരിക്കുമോ? ഇവരുടെ ഈ വിശുദ്ധ അജ്ഞതമൂലം അവർ ചെയ്യുന്ന ഈ തെറ്റുകൾ അവരോടു ക്ഷമിക്കണമേ എന്നു നമുക്കു വേണമെങ്കിൽ പ്രാർത്ഥിക്കാം.

ഫോൺ: 0442-644-2751



# ‘ഈയൊരു കാര്യത്തിനുവേണ്ടിയാണ് ഞാൻ ലോകത്തിലേക്കു വന്നത്’

**ഡോ. ജെ.സി. കുമരപ്പ**

*[ലേഖകന്റെ ‘Practice and Precepts of Jesus’ എന്ന ഗ്രന്ഥത്തിന്റെ 2-ാം അദ്ധ്യായം 1-ാം ഭാഗമാണിത്. ആദ്യഅദ്ധ്യായവും ആമുഖങ്ങളും സെപ്റ്റംബർ മുതലുള്ള (ഡിസംബർ ഒഴികെ) മുൻലക്കങ്ങളിൽ കൊടുത്തിരുന്നു. തർജമ സ്വന്തം - എഡിറ്റർ]*

## യേശു വന്നത് നിയമത്തെയും പ്രവാചകരെയും പൂർത്തീകരിക്കാൻ

യഹൂദർ മാർഗ്ഗത്തെ ലക്ഷ്യമായി തെറ്റിദ്ധരിച്ചിരുന്നു. അതുകൊണ്ടവർ ലോകമെന്ന ഈ താൽക്കാലികവസതിയെ, ‘നമുക്കിവിടെ സ്ഥിരമായ ഒരു നഗരമില്ല’ എന്നതു മറന്നുകൊണ്ട്, ശാശ്വതപാർപ്പിടമാക്കി മാറ്റി. നിയമത്തിലും പ്രവാചകവചനങ്ങളിലും അന്തർഹിതമായിരിക്കുന്ന ദൈവികപദ്ധതിയുടെ വിത്തുകളെ പടിപടിയായി മുളപ്പിച്ചുവളർത്തുകയായിരുന്നു അവർ ചെയ്യേണ്ടിയിരുന്നത്. എന്നാൽ, ആ വിത്തുകളെ ഉൾക്കൊണ്ടിരുന്ന ചെളിമണ്ണിൽ അവരുടെ കാലുകൾ പൂണ്ടുപോവുകയാണുണ്ടായത്. അനങ്ങാനാവാത്ത ആ വൈതരണിയിൽനിന്ന് അവരെ കരകയറ്റുവാനും അവരുടെ കാലുകൾ ഉറപ്പുള്ള ഹൈവേയിൽ ഉറപ്പിച്ചു നിർത്തി നിയമവും പ്രവാചകരും തുടങ്ങിവച്ച ദൈവവുമായുള്ള അവരുടെ ഐക്യമെന്ന ലക്ഷ്യത്തെ യാഥാർത്ഥ്യവൽക്കരിച്ച് അവയെ പൂർണ്ണമായ ഫലദായകത്വത്തിൽ എത്തിക്കാനുമായി അവരുടെയിടയിൽനിന്നു തന്നെ ആഗതനാകുകയായിരുന്നു, യേശു.

### പിതാവായ ദൈവം

തന്റെ ജോലി തുടങ്ങുന്നതിന്, തങ്ങളുടെ സമ്പ്രദായങ്ങളെല്ലാം നീതിനിഷ്ഠമാണെന്നഭാവേന നിയമത്തെ അക്ഷരാർത്ഥത്തിൽ അനുവർത്തിക്കുന്നതിൽ യഹൂദർ അനുഭവിച്ചുപോന്ന ആത്മസംതൃപ്തിയിൽനിന്ന് അവരെ തട്ടിയുണർത്തേണ്ടതുണ്ടായിരുന്നു, യേശുവിന്. പാപികളെ അനുതാപത്തിലേക്കു ക്ഷണിക്കാനാണ ദ്ദേഹം വന്നത് (മത്താ. 9:13). അങ്ങനെ ചെയ്യുന്നതിന്, ദൈവത്തെക്കുറിച്ചുള്ള അവരുടെ ഇടുങ്ങിയതും കല്ലിച്ചുപോയതു(fossiblized)മായ സങ്കല്പത്തെ, സ്നേഹത്തിന്റെ വ്യാപ്തി വളരെ പരിമിതമായിരുന്ന ഒരു ഗോത്രദൈവത്തെക്കുറിച്ചുള്ള അവരുടെ സങ്കല്പത്തെ, മുഴുവൻ പ്രപഞ്ചത്തെയും ഉൾക്കൊള്ളുകയും മനുഷ്യകുലത്തെയാകെ സ്നേഹിക്കുകയും ചെയ്യുന്ന ഒരു സ്നേഹപിതാവ് എന്ന സങ്കല്പത്തിലേക്ക്, ‘നിങ്ങളുടെ പിതാവും എന്റെ പിതാവും, നിങ്ങളുടെ ദൈവവും എന്റെ ദൈവവും’ എന്ന സങ്കല്പത്തിലേക്ക് ഉടച്ചുവാർക്കേണ്ടിയിരുന്നു. അങ്ങനെ, യേശുവിന്റെ വെളിപാടിലൂടെ, ഭീകരനും സർവ്വശക്തനുമായ പഴയ ‘കർത്താവുദൈവം’ ‘സ്വർഗ്ഗസ്ഥനും നമ്മുടെ പിതാവുമായ ദൈവ’മായി പരിണമിച്ചു.

### ആരാധന

ഈ പുതിയ ദൈവസങ്കല്പത്തിന്റെ ഉദയത്തോടുകൂടി, അങ്ങേയറ്റം നികൃഷ്ടമായ ആചാരങ്ങളോടുകൂടിയ അനുഷ്ഠാനചടങ്ങുകൾ അസ്ഥാനത്തായി. ദൈവത്തിന്റെ പുത്രസ്ഥാനീയനായിത്തീർന്ന മനുഷ്യന് മദ്ധ്യസ്ഥരില്ലാതെ ദൈവവുമായി നേരിട്ടു ബന്ധപ്പെടാമെന്നു വന്നതോടെ, ഇടനില പൗരോഹിത്യത്തിന്റെ കോട്ടക്കൊത്തളങ്ങൾ ഇടിഞ്ഞുവീണു. യേശു പറഞ്ഞു; “അന്നു നിങ്ങൾ എന്നോട് ഒന്നും ചോദിക്കയില്ല. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ പിതാവിനോട് എന്തു ചോദിച്ചാലും അവൻ എന്റെ നാമത്തിൽ അതു നിങ്ങൾക്കു തരും... അപ്പോൾ, നിങ്ങൾക്കുവേണ്ടി ഞാൻ പിതാവിനോടു പ്രാർത്ഥിക്കും എന്നു ഞാൻ പറയുന്നില്ല. കാരണം, ...... പിതാവുതന്നെ നിങ്ങളെ സ്നേഹിക്കുന്നു” (യോഹ. 16:23, 26, 27). നമ്മൾ ദൈവത്തെ ആരാധിക്കേണ്ടത് ബലികളിലൂടെയോ വഴിപാടുകളുടെ സമർപ്പണങ്ങളിലൂടെയോ അല്ല; മറിച്ച്, അരൂപിയിലും സത്യത്തിലുമായിരിക്കണം (യോഹ. 4:23).

### നിയമനിർവ്വഹണം (Service)

സ്നാപകയോഹന്നാന്റെ സമയംവരെ, ബലപ്രയോഗത്തെ ആശ്രയിച്ചുള്ള ഒരു ബഹിർമുഖ അച്ചടക്കത്തിന്റെ അടിസ്ഥാനത്തിലായിരുന്നു നിയമനിർവ്വഹണം നടത്തപ്പെട്ടിരുന്നത്. യേശുവാകട്ടെ, മനുഷ്യനിലെ ആന്തരിക അച്ചടക്കത്തെ അതിനു പകരംവച്ചു. സ്വജീവിതത്തെ നിയന്ത്രിക്കാൻ, ആത്മീയഅച്ചടക്കത്തിന്റെ അടിസ്ഥാനത്തിലുള്ള വ്യക്തിത്വവികാസത്തെയാണ് അദ്ദേഹം മുന്നോട്ടുവച്ചത്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള എല്ലാ ബന്ധങ്ങളുടെയും രീതിശാസ്ത്രമായി സ്വയംത്യജിക്കലിനെയും അദ്ദേഹം ഉയർത്തിക്കാട്ടി.

അക്കാലത്ത് എഴുതപ്പെട്ട നിയമങ്ങളുടെ പ്രാഥമികത്വം മനുഷ്യനെ അപ്രധാനനാക്കാൻ പോരുന്നതായിരുന്നു. മനുഷ്യരുടെ അന്നത്തെ ജീവിതചര്യകളിൽനിന്നു നമുക്കു മനസ്സിലാക്കാൻ കഴിയുന്നത്, അവർ ജീവിച്ചിരുന്നതുതന്നെ നിയമങ്ങളുടെ പാലനത്തിനുവേണ്ടിയായിരുന്നുവെന്നാണ്. മനുഷ്യത്വപരവും ആദ്ധ്യാത്മികവുമായ പരിഗണനകളെയൊന്നും കാണാനാവാത്തവിധം മനുഷ്യമനസ്സുകളെ നിർജീവമാക്കുന്ന, ജഡസമാനമായിക്കഴിഞ്ഞിരുന്ന നിയമപാലനസമ്പ്രദായങ്ങൾക്കെതിരെ യേശു ആവർത്തിച്ചു പടപൊരുതി. സാബത്തുനാളുകളിൽ രോഗികളെ സുഖപ്പെടുത്തിയതിന്റെ പേരിൽ അദ്ദേഹത്തിനെ

തിരെ അവർ വീണ്ടുംവീണ്ടും കുറ്റാരോപണം നടത്തി. മാത്രമല്ല, തങ്ങളുടെ വ്യാഖ്യാനപ്രകാരമുള്ള നിയമത്തെ വകവയ്ക്കുകയോ അനുസരിക്കുകയോ ചെയ്യാത്തതിന്റെപേരിൽ അദ്ദേഹത്തെ വധിക്കുവാൻവരെ അവർ ആലോചിച്ചു (കാണുക, മത്താ. 12:4; ലൂക്കാ. 13:14, 14:3: യോഹ. 9:16). അതേസമയം, ഭരണസമ്പ്രദായത്തിനും സംഘടനയ്ക്കും മുകളിലുള്ള മനുഷ്യന്റെ പ്രാഥമികത്വം സമർത്ഥിച്ചുമുന്നേറുകയായിരുന്നു, യേശു. ഒപ്പം, കളങ്കിതഹൃദയത്തോടെ നടത്തപ്പെടുന്ന എല്ലാ ബാഹ്യാചാരങ്ങളും നിഷ്ഫലമാണെന്നും, പ്രവൃത്തിയല്ല, അതിനു പിന്നിലുള്ള മനോഭാവമാണ് ഒന്നിനെ പാപമാക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു (മത്താ. 15:18, 19).

ആചാരപരമായ കാര്യങ്ങളിലും, അതിനുപുറത്ത് ജീവിതത്തിൽത്തന്നെയും, നിയമത്തെ അതിന്റെ അക്ഷരാർത്ഥത്തിൽ മുറുകെപ്പിടിക്കുന്നതിൽ വലിയ കാര്യമില്ല. നിയമങ്ങളിൽ അന്തഃസ്ഥിതമായിരിക്കുന്ന അതിന്റെ അരൂപി ഉണ്ടോ എന്നതാണു കാര്യം. ധനികയുവാവ്, യേശുവിനെ സമീപിച്ച്, താൻ ചെറുപ്പംമുതലേ എല്ലാ നിയമങ്ങളും പാലിക്കുന്നുണ്ടെന്നു പ്രസ്താവിച്ച്, രക്ഷ നേടാൻ ഇനി എന്താണ് താൻ ചെയ്യേണ്ടത് എന്നു ചോദിച്ചപ്പോൾ, നിയമത്തെ വെറും അക്ഷരാർത്ഥത്തിലാണ് അയാൾ പാലിച്ചിരുന്നതെന്നും, ആർത്തിയും കൗശലവും അയാളിൽ അപ്പോഴും നിറഞ്ഞുനിന്നിരുന്നുവെന്നും അറിഞ്ഞിരുന്ന യേശു അയാളോട്, ഉള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കാൻ നിർദ്ദേശിക്കുകയാണുണ്ടായത്. ഈ വാക്കുകൾ ആ ധനികയുവാവിന്റെ മർമ്മഭാഗങ്ങളിൽത്തന്നെ ചെന്നുകൊണ്ടു. പക്ഷേ, അതിസമ്പന്നനായിരുന്ന അയാൾ ദുഃഖിതനായി തിരിച്ചുപോകുകയാണുണ്ടായത് (മത്താ. 19:16-22). നിയമപ്രകാരം മാത്രം വീക്ഷിച്ചാൽ, അയാൾ നീതീകരിക്കപ്പെടുമായിരുന്നു; എന്നല്ല, ഒരു വിശിഷ്ടജീവിതം നയിച്ച വ്യക്തി എന്നു പ്രശംസിക്കപ്പെടുകപോലും ചെയ്യുമായിരുന്നു. എന്നാൽ, യേശുവിന്റെ പുതിയ നിയമമനുസരിച്ച്, അയാൾ കുറവുള്ളവനായിട്ടാണു കാണപ്പെടുക.

യേശുവിനെ പരീക്ഷിക്കുന്നതിനായി ഒരു നിയമപണ്ഡിതൻ, 'നിയമത്തിലെ പരമപ്രധാനമായ കല്പന ഏതാണ്' എന്നു ചോദിച്ചപ്പോൾ യേശുവിന്റെ മറുപടി, "നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടുംകൂടെ സ്നേഹിക്കുക. ഇതാണ് പ്രഥമവും പ്രധാനവുമായ കല്പന. രണ്ടാമത്തെ കല്പനയും അതുപോലെതന്നെയാണ്; നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക. എല്ലാ നിയമങ്ങളും പ്രവാചകരും ഈ രണ്ടു കല്പനകളെ ആശ്രയിച്ചിരിക്കുന്നു" (മത്താ. 22:37-40) എന്നതായിരുന്നു. പിന്നെ നല്ല ശമരായക്കാരന്റെ ഉപമയിൽ, ആർക്കാണോ നമ്മുടെ സഹായം ആവശ്യമായിരിക്കുന്നത്, ജാതി-മത-വംശഭേദമെന്യേ അയാളാണ് നമ്മുടെ അയൽക്കാരൻ എന്നും പറഞ്ഞുതന്നിട്ടുണ്ട്. യഹൂദരുടെ വംശീയമായ ഉൽകൃഷ്ടതാബോധത്തെ മുറിച്ചുകടക്കുകയാണിവിടെ യേശു. സഹജീവികളോടുള്ള സ്നേഹത്തിലും സേവനത്തിലുംകൂടി ദൈവത്തെ ആരാധിക്കാനാണ് നാം അനുശാസിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ധർമ്മനിഷ്ഠ വേദജ്ഞരുടെയും ഫരിസേരുടെയും ധർമ്മനിഷ്ഠയെ അതിശയിക്കുന്നില്ലെങ്കിൽ നാം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ലതന്നെ (മത്താ. 5:20).

**K.C.R.M - പ്രോഗ്രാം റിപ്പോർട്ട് - തൊടുപുഴ**

## "സഭയും ക്രൈസ്തവസമൂഹവും ഇന്ന് ഫരിസേയരുടെ പക്ഷത്ത്" - ഡോ. (ഫാ) ജെ. വലിയമംഗലം

ഡിസംബർ 31 ഞായറാഴ്ച വിനായകാ ഓഡിറ്റോറിയത്തിൽ നടന്ന ചർച്ചയിലെ കണ്ടെത്തൽ ഇതായിരുന്നു. ഫാ. ജെ. വലിയമംഗലം (പ്രീസ്റ്റ് ഹോം, പാലാ) പ്രബന്ധം അവതരിപ്പിച്ചു. അന്ധർക്കു കാഴ്ചയും ബന്ധിതർക്കു മോചനവും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും പ്രഖ്യാപിച്ചുകൊണ്ട് തന്റെ പരസ്യജീവിതം ആരംഭിച്ച ക്രിസ്തു തീർച്ചയായും ജീവിതത്തിൽമുഴുവൻ പാവങ്ങളുടെ പക്ഷത്തായിരുന്നു. തന്നോടു അയിത്തം കാണിക്കാതിരിക്കുകയും വെള്ളം ചോദിച്ചു വാങ്ങിക്കുടിക്കുകയും ചെയ്യുന്ന യേശുവിന്റെ നിലപാട് ശമറായസ്ത്രീയെത്തന്നെ അത്ഭുതപ്പെടുത്തി. ഒരു പുരോഹിതനും ലേവായനും ഉപേക്ഷിച്ചുപോയിട്ടും ആവശ്യക്കാരനോട് കരുണ കാണിച്ച ആളാണ് നല്ല അയൽക്കാരനെന്നു വ്യക്തമാക്കിക്കൊടുത്ത ശമറായക്കാരന്റെ ഉപമയും ഫാ. വലിയമംഗലം എടുത്തുകാണിച്ചു.

പ്രതികരണം അവതരിപ്പിച്ച ഈ ലേഖകൻ ലൂക്കാസുവിശേഷകന്റെ മുഴുവൻ ഭാഗങ്ങളിലും യേശുവിന്റെ നയപ്രഖ്യാപനപ്രസംഗത്തിന്റെ മനോഭാവംതന്നെയാണ് കാണുന്നത് എന്നു ചൂണ്ടിക്കാണിച്ചു. സഭ ഇന്ന് ക്രിസ്തുവിന്റെ എതിർ ചേരിയിലാണ് നിലകൊള്ളുന്നതെന്ന് കണ്ടെത്തുകയും ചെയ്തു.

**പ്രമേയങ്ങൾ:**

1. സീറോ-മലബാർ ആസ്ഥാനത്തെത്തന്നെ പിടിച്ചുകുലുക്കുന്ന ഭൂമിവിവാദം മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് ആകെ അപമാനകരമാണെന്നും 'ആരും മിണ്ടരുത്' എന്നു പറഞ്ഞ് പ്രശ്നം ഒതുക്കി രക്ഷപ്പെടാതെ സത്യസ്ഥിതി വിശ്വാസികളെ അറിയിക്കണമെന്നും ചർച്ചാവേദി പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.
2. ക്രൈസ്തവസഭയിൽ സ്വതന്ത്രചിന്തയുടെയും സത്യാന്വേഷണത്തിന്റെയും കൈത്തിരി തെളിക്കുകയും, എക്കാലത്തും മാർഗ്ഗദീപവും പ്രചോദനവുമായിത്തീരുകയുംചെയ്തു കടന്നുപോയ ഭാഗ്യസ്മരണാർഹനായ ശ്രീ ജോസഫ് പുലിക്കുന്നേലിന്റെ നിര്യാണത്തിൽ യോഗം അനുശോചിക്കുകയും അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

റിപ്പോർട്ട് തയ്യാറാക്കിയത്: **പ്രൊഫ. പി.സി. ദേവസ്യാ**

KCRM പ്രോഗ്രാം റിപ്പോർട്ട് - നോർത്ത് അമേരിക്ക

# സഭാഭരണാധികാരവും സഭാശുശ്രൂഷാധികാരവും



## (മൂന്നാമത് ടെലി-കോൺഫറൻസ്)

KCRM - North America-യുടെ മൂന്നാമത് ടെലി-കോൺഫെറൻസ് ഡിസംബർ 13, 2017 ബുധനാഴ്ച നടത്തുകയുണ്ടായി. രണ്ടു മണിക്കൂർ നീണ്ടുനിന്നതും ശ്രീ എ സി ജോർജ് മോഡറേറ്റ് ചെയ്തതുമായ ആ ടെലി-കോൺഫറൻസ് അമേരിക്കയിലെ വിവിധ ഭാഗങ്ങളിൽനിന്നുമായി അനേകർ സജീവമായി പങ്കെടുത്തു.

മൗന ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ പങ്കെടുത്ത എല്ലാവരും സദസ്സിന് സ്വയം പരിചയപ്പെടുത്തുകയുണ്ടായി. അതിനുശേഷം, KCRM - North America-യുടെ ജനറൽ കോർഡിനേറ്ററായ ചാക്കോ കളരിക്കൽ ചുരുക്കമായി വിഷയാവതരണം നടത്തി. ഇപ്രാവശ്യത്തെ മുഖ്യവിഷയം, 'സഭാഭരണാധികാരവും സഭാശുശ്രൂഷാധികാരവും' എന്നതായിരുന്നു.

ഫ്രാൻസീസ് പാപ്പ സീറോ-മലബാർ സഭയുടെ അജപാലന സേവനാതിർത്തി ഇന്ത്യ മുഴുവനിലുമായി വ്യാപിപ്പിച്ചു. അതിനെ സഭാഭരണാധികാരമായി വീക്ഷിക്കരുതെന്ന് ഫ്രാൻസിസ് പാപ്പ ഊന്നിപ്പറഞ്ഞതിനെ ആസ്പദമാക്കി നസ്രാണികളുടെ പഴയ പാരമ്പര്യമായ പള്ളിയോഗഭരണസമ്പ്രദായത്തിലേക്കു തിരിച്ചു കൊണ്ടുപോകണമെന്ന ആശയമാണ് അവതരിപ്പിച്ചത്.

വിഷയാവതരണത്തിനുശേഷം നടന്ന ചർച്ചയിൽ പങ്കെടുത്തവർ മുന്നോട്ടുവെച്ച പ്രധാനാശയങ്ങൾ:

1. മാധ്യമങ്ങളിൽക്കൂടിയുള്ള ബോധവൽക്കരണത്തിന് ഊന്നൽ നൽകണം.

2. മതങ്ങളുടെ തീവ്രവാദത്തിൽ ഇളം തലമുറ അകപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. അല്ലെങ്കിൽ, അവർ വികാരിമാരുടെ ഗുണ്ടകളായി മാറാനിടയുണ്ട്.

3. സഭയിലുള്ള നിരവധിയായ പ്രശ്നങ്ങളെ സഭയിൽ നിന്നുകൊണ്ടുതന്നെ പരിഹരിക്കണം.

4. 'സഭാനവീകരണപ്രസ്ഥാനം' കൂടുതൽ ജനകീയമാക്കാനുള്ള വഴികൾ കണ്ടുപിടിക്കണം.

5. സമ്പത്താണ് സഭാധികാരികളെ നശിപ്പിക്കുന്നത്. അതുകൊണ്ട് പള്ളിക്ക് പണം കൊടുക്കരുത്; കൊടുക്കുന്നവരെ നിരുത്സാഹപ്പെടുത്തണം

6. വൈദികസേവനത്തെ ഒരു തൊഴിലായി കാണാൻ പാടില്ല. പല വൈദികരുടെയും ജീവിതരീതി കണ്ടാൽ വൈദികവൃത്തി അവരുടെ പ്രൊഫഷനായി തോന്നും.

7. വൈദികശുശ്രൂഷ സ്വർഗം നേടിത്തരുമെന്നുള്ള ചിന്ത അർത്ഥശൂന്യമാണ്.

8. പള്ളികളുടെ ഭൗതികസ്വത്തുക്കളുടെ ഭരണം അല്മായർ നടത്തണം. വൈദികർ പൂർണമായി ആധ്യാത്മികശുശ്രൂഷയിലാണ് വ്യാപൃതരാകേണ്ടത്.

9. മതം രാഷ്ട്രീയത്തെ നിയന്ത്രിക്കുന്നത് ആപത്കരമാണ്.

10. യേശു പൗരോഹിത്യം സൃഷ്ടിച്ചിട്ടില്ല. പ്രാർത്ഥിക്കാൻ പുരോഹിതന്റെ ആവശ്യമില്ല.

11. മെത്രാന്റെ ഗുമസ്ഥന്മാരായി വൈദികർ വിശ്വാസികളെ ഭരിച്ച് അടിമകളാക്കുന്നത് അക്രൈസ്തവമാണ്.

12. ആവശ്യമെങ്കിൽ വൈദികരെ ധിക്കരിക്കാനുള്ള ആർജവം സാധാരണ വിശ്വാസിക്കുണ്ടാകണം.

13. കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ പൊതുവേ സഭാധികാരികൾക്ക് ഓശാന പാടുകമാത്രമാണു ചെയ്യുന്നത്.

14. വിദേശകുടിയേറ്റം സഭയുടെ എല്ലാ തലങ്ങളെയും ബാധിക്കുന്നു. ചുരുങ്ങിയ കാലം കൊണ്ട് സഭയിൽ വൻ മാറ്റങ്ങൾ സംഭവിക്കും.

15. ഇന്ത്യൻ മെത്രാന്മാർക്കുള്ള ഫ്രാൻസീസ് പാപ്പയുടെ കത്ത് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കണം.

16. ജനാധിപത്യമില്ലാത്ത ഇന്നത്തെ സഭയിൽ വിശ്വാസികൾ അടിമകൾമാത്രമാണ്.

17. വിശ്വാസികൾക്ക് അഞ്ച് 'ഓണ'ങ്ങളാണ് പൗരോഹിത്യം അനുശാസിക്കുന്നത് - വന്നോണം, നിന്നോണം, കേട്ടോണം, തന്നോണം, പൊക്കോണം.

18. മെത്രാന്മാർക്കു നൽകുന്ന വരവേല്പ്പുകളെ നിരുത്സാഹപ്പെടുത്തണം.

19. സഭാനവീകരണക്കാരുടെ പ്രധാന ലക്ഷ്യം സാധാരണ വിശ്വാസിയെ സഭാസംബന്ധിയായ കാര്യങ്ങളിൽ ബോധവൽക്കരിക്കുകയും ചർച്ച് ആക്റ്റ് നടപ്പിലാക്കാനുള്ള പരിശ്രമങ്ങളിൽ മുഴുകുകയും ചെയ്യുക എന്നതായിരിക്കണം.

ടെലി-കോൺഫറൻസിൽ സംബന്ധിച്ച എല്ലാവർക്കും, യോഗം വളരെ നന്നായി മോഡറേറ്റ് ചെയ്ത ശ്രീ എ സി ജോർജിനും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

സ്നേഹാദരവുകളോടെ,

**ചാക്കോ കളരിക്കൽ**

(ജനറൽ കോർഡിനേറ്റർ)

# സങ്കല്പകഥകൾ 'കാതലായ വിശ്വാസസത്യങ്ങ്'ളായി!



പ്രൊഫ: പി. എൽ ലൂക്കോസ്

*[മുഖ്യമായും, 'കാതലായ വിശ്വാസസത്യ'മായി കത്തോലിക്കാസഭ പഠിപ്പിക്കുന്ന 'ഉത്ഭവപാപ'ത്തെക്കുറിച്ച് വിശദമായ ഒരു വിമർശനാത്മകപഠനം. സുദീർഘമായ ഈ പഠനപ്രബന്ധം ആറു ലക്കങ്ങളിലായി പ്രസിദ്ധീകരിക്കുന്നു]*

**ഭ**ഗവത്ഗീതയുമായി തുലനംചെയ്താൽ, യേശുക്രിസ്തു പഠിപ്പിച്ച കാര്യങ്ങൾ വ്യാഖ്യാനം ആവശ്യമില്ലാത്ത വിധം വ്യക്തവും സരളവുമായിരുന്നു. ഗുരുതരമായ രീതിയിൽ മാറ്റിമറിക്കാതെയും വളച്ചൊടിക്കാതെയും യേശുവിന്റെ വചനങ്ങൾ നാലു സുവിശേഷങ്ങളിൽ വായിക്കാം. ക്രിസ്തീയസഭകൾ അവരുടെ വിശ്വാസസംഹിതകളും ആചാരാനുഷ്ഠാനങ്ങളും ചിട്ടപ്പെടുത്തുന്നതും ക്രോഡീകരിക്കുന്നതും ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽമാത്രം അധിഷ്ഠിതമായിട്ടായിരിക്കണം. എന്നാൽ, കത്തോലിക്കാസഭയുടെ വിശ്വാസപരമായ കാര്യങ്ങൾക്ക് ബൈബിൾ വചനങ്ങൾ മാത്രമല്ല, പാരമ്പര്യവുംകൂടി ആധാരമാക്കണം എന്ന വാദഗതി അംഗീകരിക്കപ്പെട്ടതോടെ സഭാപിതാക്കന്മാരെന്നും വേദപാരംഗതന്മാരെന്നും അറിയപ്പെടുന്ന ചിലരുടെ ഭാവനാവിലാസങ്ങൾ യേശുവിന്റെ അനുശാസനങ്ങളിൽ മായംചേർത്തു. തത്ഫലമായി യേശു പഠിപ്പിച്ച കാര്യങ്ങൾ പലതും തമസ്കരിച്ചും ചിലത് ദുർവ്യാഖ്യാനിച്ചും മറ്റു ചിലത് വക്രീകരിച്ചും സുബദ്ധങ്ങൾ കണ്ടില്ലെന്നു നടിച്ച് അബദ്ധങ്ങൾ തിരുകിക്കയറ്റിയും വളരെ വികലമായ രീതിയിലാണ് അടിസ്ഥാനവിശ്വാസങ്ങളും ആചാരങ്ങളുമൊക്കെ തട്ടിക്കൂട്ടിയിരിക്കുന്നത്! ഷെയ്ക്സ്പിയറുടെ നാടകങ്ങൾ പഠിച്ചു പരീക്ഷയെഴുതുമ്പോൾ നാടകത്തിലുള്ള പ്രസക്തമായ ഭാഗങ്ങൾ വേണ്ടവിധം ഉദ്ധരിച്ചും വ്യാഖ്യാനിച്ചും ഉത്തരമെഴുതിയതുകൊണ്ടുമാത്രം ഉയർന്ന മാർക്കു കിട്ടുകയില്ല. ഷെയ്ക്സ്പിയറുടെ ഓരോ വാക്കിലും വരികളിലും എന്തെല്ലാം സൂചനകളും അർത്ഥങ്ങളുമാണു വ്യംഗ്യമായിരിക്കുന്നത് എന്നു സമർത്ഥിക്കാൻ എ. സി. ബ്രാഡ്ലിയെപ്പോലുള്ള അനേകം ഷെയ്ക്സ്പിയർ നിരൂപകന്മാരുടെ അഭിപ്രായങ്ങൾ കൂടി ആവശ്യാനുസരണം ഉദ്ധരിച്ചാലേ ഉയർന്ന മാർക്കു കിട്ടുകയുള്ളൂ. അതുകൊണ്ട്, മഹാകവി ഇപ്പോൾ തിരിച്ചു വന്ന് അദ്ദേഹത്തിന്റെ നാടകങ്ങളെ അധികരിച്ചുള്ള പരീക്ഷയെഴുതിയാൽ തീർച്ചയായും തോറ്റു പോകുമെന്ന് സരസനായ ഒരു പ്രൊഫസർ പറയുമായിരുന്നു. അതുതന്നെയായിരിക്കും യേശുക്രിസ്തു ഇപ്പോൾ തിരിച്ചു വന്നാലുള്ള സ്ഥിതിയും. വിവിധ ക്രൈസ്തവസഭകൾ യേശുവിന്റെപേരിൽ പഠിപ്പിക്കുന്നതും പ്രസംഗിക്കുന്നതും യേശു കേട്ടാൽ അന്തം വിട്ട് ഇതൊന്നും ഞാനൊരിക്കലും പറഞ്ഞിട്ടില്ല എന്നു വിളിച്ചു കൂവിക്കൊണ്ട് തിരിഞ്ഞോടും! ചങ്ങനാശ്ശേരി പ്രാദേശിക സഭയുടെ പള്ളികളിലും അൾത്താരകളിലും പ്രതിഷ്ഠിച്ചിരിക്കുന്ന മാർ ത്തോമ്മാ കുരിശു കാണുമ്പോൾ യേശു തീർച്ചയായും ഞെട്ടിപ്പോകും!

വിശ്വാസം സംബന്ധിച്ചുള്ള തികച്ചും ലളിതമായ കാര്യങ്ങൾ അങ്ങേയറ്റം സങ്കീർണ്ണമാക്കി അവതരിപ്പിച്ച് "ഇത് ആർക്കും മനസ്സിലാക്കാനാവാത്ത പരമരഹസ്യമാണ്" എന്നവകാശപ്പെടുന്ന പ്രവണതയാണ് ആദ്യമൂന്നുനൂറ്റാണ്ടുകൾക്കുശേഷം സഭാചരിത്രത്തിൽ കാണുന്നത്. Mystify ചെയ്തിട്ട് (നിഗൂഢമാക്കിയിട്ട്) Mystery (അപൂർവ്വ ജ്ഞാനികൾക്കുമാത്രം ഗ്രഹിക്കാനാവുന്ന പരമരഹസ്യം) ആണെന്നു പറഞ്ഞ് വിശ്വാസികളെ സംഭ്രമിപ്പിക്കുക! ഒരുദാഹരണം: യഹൂദരെപ്പോലെ ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന ക്രിസ്ത്യാനികളും ഏക ദൈവത്തിലാണ് വിശ്വസിച്ചിരുന്നത്. യേശുവും തന്റെ സ്വർഗ്ഗസ്ഥനായ പിതാവും രണ്ടല്ല, ഒന്നു തന്നെയാണെന്ന് പലവട്ടം യേശു തറപ്പിച്ചു പറഞ്ഞതായി ബൈബിളിൽ കാണാം. താനല്ലാതെ, തന്നെ മറികടന്ന്, തനിക്കപ്പുറം പിതാവിനെ കാണിച്ചുതരണമെന്നാവശ്യപ്പെടുന്ന ഫിലിപ്പോസിനുള്ള യേശുവിന്റെ മറുപടി ശാസനാരൂപത്തിലാണ്. വിശുദ്ധ യോഹന്നാന്റെ സുവിശേഷം 14-ാം അദ്ധ്യായം 9 മുതൽ 12 വരെയുള്ള വാക്യങ്ങൾ ശ്രദ്ധിച്ചു വായിക്കണം.

യേശുവിന്റെ വ്യക്തമായ ഈ വാക്കുകൾ തിരസ്കരിച്ചിട്ട്, 'വെളിപാടു' ലഭിച്ച സഭാപിതാക്കന്മാർ A.D. 325-ൽ ഇപ്പോൾ ടർക്കിയുടെ ഭാഗമായ നിഖ്യാ( NICAEA) യിൽ കോൺസ്റ്റന്റൈൻ ചക്രവർത്തി വിളിച്ചുചേർത്ത സൂനഹദോസിൽ ഏക ദൈവത്തിനു പകരം പരിശുദ്ധത്രിത്വത്തെ കണ്ടെത്തി! എന്നിട്ടോ, സയാമീസ് ഇരട്ടകളെ വേർപെടുത്തുന്ന പ്രഗത്ഭനായ സർജന്റെ കരവിരുതോടെ, അല്ലെങ്കിൽ മഹാമാന്ത്രികനായ മുതുകാടിന്റെ മാന്ത്രിക വടി ഉപയോഗിച്ച്, ത്രിത്വത്തിലുള്ള മൂന്നാളുകളെ വേർതിരിച്ച് മാലോകരെയെല്ലാം കാണിച്ചു! എന്നിട്ടു പ്രഖ്യാപിച്ചു, വിശുദ്ധ ത്രിത്വത്തിന്റെ ഈ നിഗൂഢരഹസ്യമാണ് കത്തോലിക്കാസഭയുടെ ഏറ്റവും വലിയ വിശ്വാസസത്യം എന്ന്!

കൃത്യം ഒരു നൂറ്റാണ്ടു കഴിഞ്ഞ് ത്രിത്വത്തിന്റെ രഹസ്യത്തെക്കുറിച്ച് ആലോചിച്ചാലോചിച്ച് കടപ്പുറത്തുകൂടി അങ്ങോട്ടുമിങ്ങോട്ടും നടന്ന സെയിന്റ് അഗസ്റ്റിന്റെ തല പുകഞ്ഞുപോയെന്നും, അവസാനം കക്കകൊണ്ട് കടലിലെ വെള്ളം മുഴുവൻ കോരിവറ്റിക്കാൻ ശ്രമിച്ച മാലാഖ പറഞ്ഞിട്ടാണ് ആലോചന നിറുത്തിയതെന്നും കഥയുണ്ടാക്കി പ്രചരിപ്പിച്ചു! ദൈവം ഏക ശക്തിയാണെന്നും പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നുതന്നെയെന്നും പ്രപഞ്ചമാകെ വ്യാപിച്ചിരിക്കുന്ന അരൂപിയും ( spirit) സർവ്വശക്തനുമായ ദൈവത്തിന്റെ കൃപയും ശക്തിയും വിവിധ രൂപത്തിലും ഭാവത്തിലും അനുഭവപ്പെടുന്നതാണ് പരിശുദ്ധാത്മാവും പുത്രനുമെന്നും മനസ്സിലാക്കാനും അതു വിശ്വസിക്കാനും സാധാരണ ജനങ്ങൾക്ക് എളുപ്പമായിരുന്നു. അതിനു പകരം, അക്ബർ ചക്രവർത്തിയുടെ കൊട്ടാരസദസ്സിലെന്നപോലെ പുത്രനെയും പരിശുദ്ധാത്മാവിനെയും ഇരുവശത്തുമിരുത്തി നടുക്ക് സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്ന പിതാവായ ദൈവത്തെ ചിത്രീകരിക്കാനാണ് സഭയുടെ ശ്രമം. സദസ്സു നിറയെ സദാസമയവും "സ്തോത്രം" എന്ന് ആലപിക്കാൻ മാലാഖാമാരും, തപ്പും തകിലും കൊട്ടാൻ പുണ്യവാന്മാരും ഉണ്ടല്ലോ! ത്രിത്വത്തിന്റെ രഹസ്യം വെളിപാടുവഴി മനസ്സിലാക്കിയവർ 'യഹോവയായ ദൈവമേ', 'അബ്രാഹത്തിന്റെയും, ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ' എന്നൊക്കെ പ്രാർത്ഥിക്കുന്നത് എത്ര വലിയ വിവരക്കേടാണ്! എബ്രഹാമും പിൻതലമുറകളും വിശ്വസിച്ചതു ത്രിത്വത്തിലല്ല; യഹോവ ത്രിത്വമല്ല.; യഹൂദന്മാർക്ക് ത്രിത്വമെന്നു പറയുന്നത് പൊറുക്കാനാവാത്ത ദൈവദൂഷണമാണ്. 'ത്രിത്വം' എന്ന വാക്ക് യേശു ഒരിക്കൽപോലും ഉച്ചരിച്ചിട്ടില്ല എന്ന സത്യം അവഗണിച്ചത് എന്തുകൊണ്ടാണ്?

രണ്ടാം വത്തിക്കാൻ കൗൺസിലിനും കരിസ്മാറ്റിക് പ്രസ്ഥാനക്കാരുടെ ആഗമനത്തിനുംശേഷം ഇപ്പോൾ സഭയുടെ എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതു പരിശുദ്ധാത്മാവാണ്! അടുത്ത കാലത്ത് ചങ്ങനാശ്ശേരി പ്രാദേശികസഭയിൽ പരിശുദ്ധാത്മാവ് കൂടുതൽ അധികാരം പിടിച്ചെടുത്തു! പരിശുദ്ധ ത്രിത്വം എന്നു കേൾക്കുമ്പോഴെല്ലാം മൂവരും ചേർന്നുള്ള ഒരു സമഭുജ ത്രികോണമാവും ( Equilateral Triangle) നമ്മുടെ മനസ്സിൽ വരുന്നത്. എട്ടാം നൂറ്റാണ്ടിൽ സഭ തയ്യാറാക്കിയ വിശ്വാസപ്രമാണത്തിൽ (Apostles' Creed) പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവ് എന്നാണുള്ളത്. എന്നാൽ ചങ്ങനാശ്ശേരിയിലെ രണ്ടു മെത്രാപ്പോലീത്താമാർക്ക് പുതിയതായി ലഭിച്ച വെളിപാട് (= സ്വർഗ്ഗത്തിൽ നിന്നും കിട്ടുന്ന e-mail) അനുസരിച്ച് അവരുടെ മേൽനോട്ടത്തിൽ ചങ്ങനാശ്ശേരിയിലെ ദൈവശാസ്ത്രജ്ഞന്മാരെല്ലാം ഒത്തുചേർന്ന് പരിശുദ്ധത്രിത്വമാകുന്ന ത്രികോണം അടിച്ചുപരത്തി പരിശുദ്ധാത്മാവിനു കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചു. അടുത്ത കാലംവരെ പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെട്ടിരുന്ന പരിശുദ്ധാത്മാവ്, പുത്രനെ തള്ളി മാറ്റിയിട്ട് പിതാവിൽ നിന്നു നേരിട്ടാണ് ഇപ്പോൾ പുറപ്പെടുന്നത്! യോഹന്നാന്റെ സുവിശേഷം 15-ാം അദ്ധ്യായം 26-ാം വാക്യം കണ്ടില്ലെന്നു നടിക്കുന്നില്ല. "പിതാവിൽ നിന്നു പുറപ്പെടുന്ന ആ സത്യാത്മാവ് "എന്നു വ്യക്തമായി പറഞ്ഞിട്ടുണ്ട്. എന്നാൽ, "ഞാൻ (പുത്രൻ) പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ" എന്ന ആദ്യഭാഗം ശ്രദ്ധിക്കാതിരിക്കരുത്. ദൈവശാസ്ത്ര പണ്ഡിതനല്ലാത്തതുകൊണ്ട് ത്രിത്വത്തെക്കുറിച്ചുള്ള പരാമർശം ഇവിടെ നിറുത്തുന്നു. ഒരിക്കലും വിശ്വസിക്കാൻ തോന്നിയിട്ടില്ലാത്തതും അതിവിചിത്രവുമായ മറ്റൊരു വിശ്വാസസത്യം അവതരിപ്പിക്കുന്നതിനുള്ള ആമുഖമായി ത്രിത്വത്തിന്റെ കാര്യം സൂചിപ്പിച്ചുവേന്നേയുള്ളൂ.

**ഉത്ഭവപാപം**

കാര്യങ്ങൾ വേണ്ട രീതിയിൽ മനസ്സിലാക്കുന്നതിനുള്ള പ്രായമായപ്പോൾമുതൽ ഉത്ഭവപാപത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനം അംഗീകരിക്കാൻ സാധിച്ചിട്ടില്ല. അബദ്ധജഡിലമെന്നും അപഹാസ്യമെന്നും കരുതുന്ന ഈ വിശ്വാസരഹസ്യത്തിന് സ്വീകാര്യമായ ഒരു വിശദീകരണം ഇതുവരെ ലഭിച്ചിട്ടില്ല. ഉല്പത്തിപ്പുസ്തകത്തിലുള്ള സൃഷ്ടിയുടെ വിവരണം നമ്മുടെ വിശ്വാസത്തിന്റെ ഭാഗമല്ലെന്ന് ആറു ദശവത്സരങ്ങൾക്കുമുമ്പ് പണ്ഡിതനായ ഒരു ജസ്വീറ്റ് വൈദികൻ ഉറപ്പിച്ചു പറഞ്ഞപ്പോൾമുതൽ, സഭ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ അബദ്ധവിശ്വാസം അധികം താമസിയാതെ തിരുത്തും എന്നു പ്രതീക്ഷിച്ചിരുന്നു. അനേകലക്ഷം വർഷങ്ങൾ നീണ്ടുപോയ പരിണാമപ്രക്രിയവഴിയല്ലേ മനുഷ്യൻ ഇന്നത്തെ രൂപത്തിലെത്തിയത് എന്ന ചോദ്യത്തിന് ഗവേഷണത്തിലൂടെ ശാസ്ത്രജ്ഞന്മാർ അക്കാര്യം തീരുമാനിക്കട്ടെ എന്നായിരുന്നു 12-ാം പിയൂസ് മാർപാപ്പായുടെ മറുപടി. പരിണാമത്തിലൂടെയാണ് എന്നു തെളിഞ്ഞാൽ ആ പ്രക്രിയയുടെ പിന്നിലുള്ള പ്രേരകശക്തി ദൈവമാണെന്നു വിശ്വസിച്ചാൽമതി എന്നാണ് പരിണതപ്രജ്ഞനായ മാർപാപ്പാ പറഞ്ഞത്.

രണ്ടാം വത്തിക്കാൻ സുനഹദോസു നടക്കുന്ന കാലത്ത് കത്തോലിക്കാ മതവിശ്വാസിയും പ്രകൃതിശാസ്ത്രജ്ഞനുമായിരുന്ന ജോൺ ഹ്യൂർസെലർ സ്വിറ്റ്സർലാൻഡിൽനിന്ന് റോമിലേക്ക് ഒരു ചോദ്യം അയച്ചുകൊടുത്തു. നരവംശത്തിന്റെ ഉത്ഭവം പണ്ടു വിശ്വസിച്ചിരുന്നതുപോലെ ഒരു ജോഡി മാതാപിതാക്കളിൽ നിന്നല്ല , ഒട്ടനവധി മാതാപിതാക്കളിൽ നിന്നാണ് എന്ന ശാസ്ത്രത്തിന്റെ കണ്ടെത്തലിനെപ്പറ്റി സഭയുടെ അഭിപ്രായം എന്താണെന്നായിരുന്നു ചോദ്യം. കാർഡിനൽ ടിസ്സറാങ്ങിന്റെ മറുപടി, ശാസ്ത്രജ്ഞന്മാർ സ്വതന്ത്രമായി ഗവേഷണം നടത്തി കണ്ടുപിടിക്കേണ്ട കാര്യം വിശ്വാസത്തിന്റെ ഭാഗമാക്കാൻ സഭ ഉദ്ദേശിക്കുന്നില്ല എന്നായിരുന്നു. ഉത്ഭവപാപത്തെപ്പറ്റി 1966 ജൂലൈ 11-ാം തീയതി നടന്ന സിമ്പോസിയത്തിൽ പങ്കെടുത്ത ദൈവശാസ്ത്രജ്ഞന്മാരോട്, വത്തിക്കാൻ കൗൺസിൽ തുടർന്നു നടത്താനുള്ള കൃത്യമായ ദിശാബോധം നല്കിയ പണ്ഡിതപ്രവരനായ പോൾ ആറാമൻ മാർപാപ്പ ആവശ്യപ്പെട്ടതു്, ഉത്ഭവപാപത്തിന് ആധുനികകാലത്തെ മനുഷ്യർക്കു ബോദ്ധ്യമാവുന്ന രീതിയിൽ പ്രസക്തമായ ഒരു വിശദീകരണം നല്കാനായിരുന്നു എന്ന് റവ. ഡോ. സിപ്രിയൻ



# ഇന്നത്തെ സഭയുടെ അടിസ്ഥാനം

സ്വാമി ദേവപ്രസാദ് – കാനഡ

**പാ**പം, ഭയം, പണം, അധികാരം എന്നീ നാല് അടിസ്ഥാനഘടകങ്ങളിലാണ് ഇന്ന് ക്രിസ്തീയസഭകൾ നിലനിൽക്കുന്നത്. ഈ നാല് അടിസ്ഥാനശില കളുടെയും അഭാവത്തിൽ ഇന്നത്തെപ്പോലൊരു സഭ ഭൂമിയിൽ ഉണ്ടാവുകയില്ല.

**പാപം:** ക്രിസ്ത്യാനി പാപത്തിലാണ് ജനിച്ചത്; ആദിമാതാപിതാക്കളുടെ പാപം ക്രിസ്ത്യാനിക ൾക്കുമാത്രം പാരമ്പര്യമായി കിട്ടിയിരിക്കുന്നു! 'പാപത്തോടെയാണ് ഞാൻ പിറന്നത്; അമ്മയുടെ ഉദരത്തിൽ ഉരുവായപ്പോഴേ ഞാൻ പാപിയാണ്' (സങ്കീർത്തനം 51: 6). പാപത്തോടെ ജനിച്ച്, പാപവും പുണ്യവും തിരിച്ചറിയാറാകുന്നതിനുമുൻപേ പിച്ചവച്ചു നടന്ന്, സംസാരിക്കാൻ തുടങ്ങുമ്പോൾ മുതൽ 'പാപികളായ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണേ' എന്ന്, പ്രാർത്ഥനയുടെപേരിൽ ദിവസംതോറും ചൊല്ലാൻ വിധിക്കപ്പെട്ടവരാണ് ക്രിസ്ത്യാനികൾ. ഇപ്രകാരമുള്ള പാപബോധം കുഞ്ഞാടുകളിൽ കുത്തിനിറച്ച്, 'ഞാൻ പാപിയാണേ' എന്ന പ്രാർത്ഥനകൾ ചൊല്ലിച്ച്, പാപബോധത്താൽ തലകുനിക്കാൻ ആഹ്വാനംചെയ്യുന്ന പുരോഹിതരുടെ അടിമത്തത്തിലായ 'ക്രിസ്ത്യാനി' നരകശിക്ഷയെ ഭയന്ന് കൂദാശകൾ വിലയ്ക്കുവാങ്ങുന്ന ഉപഭോക്താവായി, കൂദാശ വില്പനക്കാരായ പുരോഹിതരെ ആശ്രയിച്ച് അടിമത്വത്തിലേക്കു നയിക്കുന്ന പ്രാർത്ഥനകളും നേർച്ച-കാഴ്ചകളുമായി ഭീതിയോടെ ജീവിക്കുന്നു.

**ഭയം:** മതവിശ്വാസത്തിന്റെ അടിസ്ഥാനകാര ണങ്ങളിലൊന്ന് ഭയമാണ്. ബൈബിളിലെ 'ഭയം' എന്ന വാക്ക് yir'ah എന്നതുപോലുള്ള എബ്രായപദങ്ങ ളിൽനിന്ന് ഉരുത്തിരിഞ്ഞിട്ടുള്ളതാണ്. അത് 'ഭയം', 'ഭീകരത', അല്ലെങ്കിൽ 'ഭീതി' എന്നീ അർത്ഥങ്ങളെയാണ് ധ്വനിപ്പിക്കുന്നത്. തനിക്കു നിയന്ത്രിക്കാൻ കഴിയാത്ത അമാനുഷികമായ ശക്തിയോടുള്ള ഭയത്തിൽനിന്നാണ് എല്ലാ മതങ്ങളുടെയും ഉത്ഭവം.ഉയരത്തിൽ മേഘങ്ങൾ ക്കുമറഞ്ഞ് മനുഷ്യന്റെ എല്ലാ പ്രവൃത്തികളെയും സസൂക്ഷ്മം വീക്ഷിച്ചു ശിക്ഷിക്കാൻ കാത്തിരിക്കുന്ന ഭീകരനായ ഒരു ദൈവത്തെ മതം അവതരിപ്പിച്ച് മനുഷ്യ നെ ഭയപ്പെടുത്തുന്നു. കൂടാതെ, മരണാനന്തര ജീവിതത്തിൽ നരകം എന്ന ആശയം മുന്നോട്ടുവച്ച്, ജീവിതം നരകാഗ്നിയിൽ അവസാനിക്കുന്നതിനുള്ള സാധ്യതയെക്കുറിച്ചു പറഞ്ഞ് ആളുകളെ വൈകാരിക മായി നിയന്ത്രിക്കുന്നു. ഈ ഭയത്തെ മുതലെടുത്ത് പുരോഹിതർ സമൂഹത്തിലെ ഇത്തിൾക്കണ്ണികളായി ജീവിക്കുന്നു. പുരോഹിതൻ ദൈവത്തിന്റെ അഭിഷി ക്തനാണ്; അവൻ പറയുന്നതെന്തും അനുസരിച്ചു കൊള്ളണം; അല്ലെങ്കിൽ ശാപം കിട്ടും. ഇപ്രകാരമുള്ള പൊള്ളത്തരങ്ങൾ പറഞ്ഞുവിശ്വസിപ്പിച്ച് കുഞ്ഞാടു കളുടെ നിയന്ത്രണം പൗരോഹിത്യം ഏറ്റെടുത്തിരി ക്കുകയാണ്.

**പണം:** മനുഷ്യരെ ഭീഷണിപ്പെടുത്തി, അവന്റെ നിസ്സഹായതയെ ചൂഷണംചെയ്ത്, നേർച്ച-കാഴ്ചകളും, കൂദാശകളും വിറ്റു പണം പിടിച്ചുവാങ്ങി പുരോഹിതർ ഉപജീവനവും ആർഭാടജീവിതവും നയിക്കുന്നു. പഴയനിയമപുരോഹിതർ ആളുകളിൽനിന്നു ദശാംശം (The tithe) പിരിച്ചിരുന്നു (കാണുക: ലേവ്യർ 27, നിയമാ വർത്തനം 12:6). അതുപോലെ ഇന്നും പുരോഹിതർ പണപ്പിരിവുകൊണ്ട് ജനത്തെ വലയ്ക്കുന്നു, വിധവയുടെ കൊച്ചുകാശിനായി ആർത്തിപൂണ്ടു ദേവാലയങ്ങളിൽ ഭണ്ഡാരപ്പെട്ടികളുമായി കാത്തി രിക്കുന്നു. പിരിവു കൊടുത്തില്ലെങ്കിൽ കൂദാശകൾ മുടക്കുന്നു. ഭയപ്പെടുത്തിയും ഭീഷണിപ്പെടുത്തിയും, സ്വർഗ്ഗത്തിലേക്കു കടത്തിവിടാമെന്നു മോഹന വാഗ്ദാനംനൽകിയും ആളുകളിൽനിന്നു കണക്കില്ലാതെ പണം സമാഹരിക്കാൻ പുരോഹിതർ ആർത്തിപൂണ്ടു നടക്കുന്നു. 'നീ എത്ര ദരിദ്രനായാലും രോഗിയായാലും നിന്റെ പണം എനിക്കു കിട്ടിയേ മതിയാവൂ' എന്നതാണ് ഇന്നുള്ള ദൈവങ്ങളുടെയും പുരോഹിത ഏജന്റു മാരുടെയും മനോഭാവം. അതിന്റെ ഉദാഹരണങ്ങളാണ് ഇന്നത്തെ പുരോഹിതരുടെ ഭക്തിക്കച്ചവടങ്ങളും ദൈവത്തെ വിൽക്കുന്ന ദൈവികസ്ഥാപനങ്ങളും വിശുദ്ധരും.

**അധികാരം:** സഭയിലെ അധികാരം തികഞ്ഞ ▸▸

---

ഇല്ലിക്കമൂറിയുടെ ഗ്രന്ഥത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

ഇങ്ങനെ, ഉത്ഭവപാപത്തിന്റെ വിഴുപ്പുഭാണ്ഡം താഴെയിറക്കാനുള്ള സാദ്ധ്യത തെളിയുന്നു എന്നു പ്രതീക്ഷിച്ചിരിക്കുമ്പോഴാണ്, പൂർവ്വാധികം ഭീകരതയോടെ ഈ പാപത്തെ അരക്കിട്ടുറപ്പിക്കാൻ സഭ നടത്തുന്ന ശ്രമം ശ്രദ്ധയിൽപ്പെട്ടത്. ഇരുട്ടുള്ള മുറിയിൽ ഇല്ലാത്ത കരിമ്പൂച്ചയെ പൊട്ടക്കണ്ണൻ തപ്പിപ്പിടിക്കാൻ ശ്രമിക്കുന്നതുപോലെ, ലോകാരംഭത്തിൽ ജീവിച്ചിരുന്നു എന്നു സങ്കല്പിക്കുന്ന ആദവും ഹവ്വയും ചെയ്തെന്നു പറയുന്ന ഏതോ തെറ്റിൽ നിന്നുണ്ടായ ഉത്ഭവപാപത്തെ 'കാതലായ ഒരു വിശ്വാസസത്യ'മായി പുനഃപ്രതിഷ്ഠിച്ച് ഈ തീരാക്കളങ്കം അംഗീകരിച്ചില്ലെങ്കിൽ യേശുക്രിസ്തു വിലുള്ള വിശ്വാസംതന്നെ അപകടത്തിലാകുമെന്നുള്ള ഭീഷണി വായിച്ചതിന്റെ പ്രതികരണമാണ് ഈ ദീർഘലേഖനം. കത്തോലിക്കാ വിശ്വാസസംഹിത കളെല്ലാം ക്രോഡീകരിച്ച് 'Catechism of the Catholic Church' എന്ന പേരിൽ ഒരു ഔദ്യോഗിക ഗ്രന്ഥം അടുത്ത കാലത്ത് റോമിൽനിന്ന് പ്രസിദ്ധപ്പെടു ത്തിയിട്ടുണ്ട്. അതിലാണ് ഈ ഭീഷണി അടിച്ചുറപ്പിച്ചി രിക്കുന്നത്. (തുടരും)

ഫോൺ: 944-657-8174

## റെക്കോഡിട്ട് തൃശ്ശൂർ മാതൃവേദിയുടെ 'മെഗാമാർഗംകളി!'

*[സീറോ-മലബാർ സഭയുടെ വെബ്സൈറ്റ് ആയ 'പ്രവാചകശബ്ദ'ത്തിൽ ഡിസം. 23-നു വന്ന വാർത്ത]*



**തൃ**ശ്ശൂർ അതിരൂപതാ മാതൃവേദി അംഗങ്ങളായ 1200 അമ്മമാരുടെ മെഗാ മാർഗംകളി, 'ബെസ്റ്റ് ഓഫ് ഇന്ത്യ റിക്കാർഡ്സി'ലും, 'യൂണിവേഴ്സൽ റിക്കാർഡ് ഫോറ'ത്തിലും ഇടംനേടി. അതിരൂപതയിൽ മാതൃവേദി സ്ഥാപിതമായതിന്റെ വജ്രജൂബിലി വർഷ സമാപനാഘോഷത്തോടനുബന്ധിച്ച് തൃശൂർ ലൂർദ് കത്തീഡ്രൽ അങ്കണത്തിലായിരിന്നു മെഗാ മാർഗംകളി സംഘടിപ്പിച്ചത്. ഇരിങ്ങാലക്കുട രൂപതയിലെ തെക്കൻ താണിശേരി ഇടവകാംഗങ്ങളായ 646 അമ്മമാർ അണിനിരന്ന മാർഗംകളി റിക്കാർഡാണ് ഇതോടെ ഭേദിക്കപ്പെട്ടത്.

'ബെസ്റ്റ് ഓഫ് ഇന്ത്യ റെക്കോഡ്സ്' അസോസിയേറ്റ് എഡിറ്റർ സ്മിത തോമസിന്റെ നേതൃത്വത്തിൽ ഡൽഹിയിൽനിന്നുള്ള ആറംഗ പ്രതിനിധിസംഘമാണ് റെക്കാഡ് ശ്രമം പരിശോധിക്കാനെത്തിയത്. റെക്കോഡ് ഭേദിച്ചതായി പ്രഖ്യാപിച്ചുകൊണ്ടുള്ള ബെസ്റ്റ് ഓഫ് ഇന്ത്യ റെക്കോഡ്സിന്റെ ഫലകം സ്മിത തോമസിൽനിന്ന് മാതൃവേദി ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ ഏറ്റുവാങ്ങി. നേരത്തെ അതിരൂപതാ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്താണ് പരിപാടി ഉദ്ഘാടനംചെയ്തത്.

*-അയ്യായിരത്തിലധികം ക്രിസ്മസ് പാപ്പാമാർ അണിനിരക്കുന്ന 'ബോൺ നത്താലെ!' 1200 അമ്മമാരുടെ മെഗാമാർഗ്ഗംകളി! ഗിന്നസ് റിക്കോർഡ് ഭേദിക്കൽ! 'ബെസ്റ്റ് ഓഫ് ഇന്ത്യ' റിക്കോർഡു ഭേദിക്കൽ! 'യൂണിവേഴ്സൽ റിക്കോർഡ് ഫോറ'ത്തിൽ ഇടംനേടൽ!! തൃശൂർരൂപതാ വിശ്വാസിസമൂഹത്തിന് ആനന്ദനിർവൃതിക്കിനി എന്തുവേണം!*

*തൃശൂർ രൂപതയുടെ ഈ സുവിശേഷപ്രഘോഷണതീവ്രതയും വിശ്വാസതീക്ഷ്ണതയുമെല്ലാം കണ്ട് യേശുവും നിർവൃതിയടയുന്നുണ്ടാകണം. ഈ ക്രിസ്മസ് പാപ്പാമാർക്കും മാർഗ്ഗം കളിക്കാർക്കും മാത്രമല്ല, ഇതിനെല്ലാം വേണ്ടി ത്യാഗം സഹിച്ച് തങ്ങളുടെ മഹാഇടയൻ ആൻഡ്രൂസ് താഴത്തിന്റെ പിന്നിൽ അണിനിരക്കുന്ന മൊത്തം തൃശൂർ രൂപതക്കാർക്കും കൂട്ടസ്വർഗ്ഗപ്രവേശനം നൽകി അക്കാര്യത്തിലും റിക്കോർഡുഭേദിക്കാൻ തൃശൂർ രൂപതയെ, സോറി, അതിരൂപതയെ യേശു അനുഗ്രഹിക്കാൻ എല്ലാ സാധ്യതയുമുണ്ട്....*

*'ഇനിയുമുണ്ടോ ഭേദിക്കാൻ റിക്കോർഡുകൾ?' എന്ന വെല്ലുവിളിയോടെ നെഞ്ചുവിരിച്ചു മുന്നോട്ടുപോകുന്ന തൃശൂർ അതിരൂപതാദ്ധ്യക്ഷനെ ദൈവം രക്ഷിക്കട്ടെ!*

**-എഡിറ്റർ**

രാജവാഴ്ചയാണ്. പണ്ട് ബ്രിട്ടീഷ് രാജ്യത്തെ സൂര്യൻ അസ്തമിക്കാത്ത രാജ്യം എന്നു പറഞ്ഞിരുന്നു. എന്നാൽ ഇന്ന് സൂര്യൻ അസ്തമിക്കാത്ത രാജ്യം മാർപാപ്പയുടെ കീഴിലുള്ള റോമാസാമ്രാജ്യമാണ്. അതിലെ അരമനവാസികളായ നാട്ടുരാജാക്കന്മാരാണ് മെത്രാന്മാർ. ഇവരുടെ ആജ്ഞാനുവർത്തികളായ, യേശുവിന്റെ ഭൂമിയിലെ കാണപ്പെട്ട പ്രതിരൂപങ്ങളെന്നു വീമ്പിളക്കുന്ന പുരോഹിതർ പറയുന്നതെന്തും അപ്പാടെ വിശ്വസിച്ച് അനുസരിക്കുന്നവരാണ് പുരോഹിതരുടെ ഉപഭോഗവസ്തുക്കളായ 'ആടുകൾ'. അധികാരികളോടുള്ള അനുസരണം അവരുടെ ജീവിതചര്യയാണ്.

1869-71 കാലഘട്ടത്തിൽ ഉരുത്തിരിഞ്ഞ മാർപാപ്പയുടെ തെറ്റാവരം, സഭയിൽനിന്നുള്ള പുറത്താക്കൽ ഭീഷണി (excommunication), ദൈവസഭയിലെ അധികാരികളിലൂടെ പഠിപ്പിക്കുന്നു (indoctrination), അതിനപ്പുറം ചിന്തിക്കരുത്, പ്രവർത്തിക്കരുത് എന്ന താക്കീത് എന്നിവയാൽ സഭ തന്റെ അധികാരം ഊട്ടി ഉറപ്പിക്കുന്നു.

ഇന്നത്തെ സഭയുടെ നിലനിൽപ്പ് അഥവാ അടിസ്ഥാനം പാപം, ഭയം, പണം, അധികാരം എന്നീ നാല് തൂണുകളിലാണ്. ഈ നാല് തൂണുകളിൽ ഏതെങ്കിലുമൊന്നിന് ഇളക്കം സംഭവിച്ചാൽ ഇന്നത്തെ സഭയുടെ നിലനിൽപ്പ് അപകടത്തിലാകും. യേശു പഠിപ്പിച്ച സ്നേഹം, സാഹോദര്യം, കരുണ, ക്ഷമ, ത്യാഗം എന്നിവയുടെ അടിസ്ഥാനത്തിൽ അഥവാ മൂല്യങ്ങളിൽ സഭയ്ക്ക് നിലനിൽപ്പുണ്ടോ? പാപം, ഭയം, പണം, അധികാരം എന്നിവയെ ആശ്ലേഷിക്കുന്നവർക്ക് ക്രിസ്ത്യാനി എന്ന നിലയിൽ യേശുവിനോട് നീതി പുലർത്താൻ സാധിക്കുമോ?

ഫോൺ: (001) 613-355-1791

# ആദിയും അനാദിയും

സക്കറിയാസ്
നെടുങ്കനാൽ



കഴിഞ്ഞ ഒരു രാത്രിയിൽ ഉറക്കത്തിന്റെ ഇടവേളകളിൽ എന്തുകൊണ്ടോ യോഹന്നാന്റെ സുവിശേഷത്തിന്റെ ആരംഭവാക്യങ്ങൾ മനസ്സിലേക്ക് ആവർത്തിച്ച് വന്നുകൊണ്ടിരുന്നു. 'ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടിയായിരുന്നു.... സമസ്തവും അവനിലൂടെയുണ്ടായി.'

ഇതു വായിച്ചിട്ട് ആർക്ക്, എന്തു മനസ്സിലാകുന്നു എന്നതാണ് എന്നെ അപ്പോഴെല്ലാം അലട്ടിക്കൊണ്ടിരുന്നത്. ഒന്നുമാലോചിക്കാതെ ആദ്യം സഭാപിതാക്കന്മാർ അതപ്പാടെ വിഴുങ്ങുന്നു; ദൈവശാസ്ത്രമെന്ന ഇല്ലാശാസ്ത്രം വായിച്ചുശീലിച്ച പുരോഹിതഗണം 'വചനം (Logos = ദൈവസത്ത) മാംസമായതാണ് യേശു' എന്ന് വ്യാഖ്യാനിച്ച് അത് നീട്ടി പ്രഘോഷിക്കുന്നു. നിരന്തരം അത് കേൾക്കുന്ന വിശ്വാസികൾ എന്തെന്നറിയാതെ അതങ്ങു വിഴുങ്ങുന്നു.

എന്നാൽ, ദൈവദാനമായ എളിയ ബുദ്ധികൊണ്ട് ആർക്കും അല്പസ്വല്പം ചിന്തിക്കാനാവുമല്ലോ. ആദിയിൽ എന്ന് വേദപുസ്തകം പറയുന്നത് എന്തിന്റെയെങ്കിലും തുടക്കമല്ല; മറിച്ച്, അനാദിയാണ്. കരണം, തുടക്കമില്ലാത്തതേ ദൈവം, അല്ലെങ്കിൽ ഈശ്വരൻ ആയിരിക്കൂ. എന്നാൽ വചനത്തിന്, അത് ഏതർത്ഥത്തിലെടുത്താലും തുടക്കം, ആദി, ഉണ്ട്. തന്നെയല്ല, വചനത്തെ എത്ര മഹത്തരമായി വിശദീകരിച്ചാലും, അത് അനന്തതയായ ഐശ്വരശക്തിയുടെ (ഐശ്വര = ഈശ്വരനെ സംബന്ധിച്ചത്) ഭാഗമാകില്ല; അത് വ്യക്തിപ്രഭാവമുള്ള മനുഷ്യചേതനയുടെ ഭാഗമാണ്. ഐശ്വരപ്രഭാവത്തെ (ദൈവികതയെ) മാനുഷികതയുമായി യേശുവിലൂടെ ബന്ധിപ്പിക്കാനുള്ള ഉദ്യമമാണ് 'ആദിയിൽ ദൈവത്തോടൊപ്പമായിരുന്ന വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു' എന്ന സങ്കല്പമുപയോഗിച്ച് യോഹന്നാൻ നടത്തിയത് (യോഹ.1:14). അവിടെയൊരു വലിയ അയുക്തി ഒളിഞ്ഞിരുപ്പുണ്ട്.

തന്റെ ഉത്ഭവം അന്വേഷിച്ച് മനുഷ്യനു പോകാവുന്ന ദിശകൾക്ക് പരിധിയുണ്ട്. ആ വിഷയത്തെ മനുഷ്യബന്ധിതമായി എങ്ങനെ വിശദീകരിക്കാമെന്നാണ് ഇവിടെയെന്റെ ശ്രമം:

വരൂ, എല്ലാ ചിന്തകളും ആകുലതകളും വെടിഞ്ഞ്, ശാന്തമായി, എവിടെനിന്നു വന്നുവോ അവിടേക്ക് നമുക്കൊരു മടക്കയാത്ര പോകാം. കണ്ണടച്ചുകൊള്ളൂ.

മനസ്സിൽ വരുന്ന ആദ്യത്തെ ചോദ്യം: ഞാൻ എവിടെനിന്നു വന്നു? മനസ്സ് ഉത്തരം പറയുന്നു – 'അമ്മയുടെ വയറ്റിൽ നിന്ന്'. എങ്കിൽ നമുക്ക് അങ്ങോട്ട് പോകാം. ഈ യാത്രയുടെ തുടക്കം അമ്മയുടെ വയറ്റിൽ നിന്നാകട്ടെ.

അതിനുമുമ്പ് ഞാൻ എവിടെയായിരുന്നു? അമ്മയുടെ വയറ്റിലേക്ക് ഞാൻ എങ്ങനെയാണ് എത്തിപ്പെട്ടത്? മനസ്സ് അതിനും ഉത്തരം നൽകട്ടെ.

'നീ നിന്റെ പിതാവിന്റെ ശരീരത്തിലായിരുന്നു, ജലരൂപേണ, ശുക്ലമായി. നീ നിന്റെ മാതാവിന്റെ ശരീരത്തിലുമായിരുന്നു, ജലരൂപേണ അണ്ഡമായി. ബീജം അണ്ഡവുമായിചേർന്നു വളർന്ന് നീ മാതാവിന്റെ പൂർണ്ണ ഗർഭമായി.'

യാത്ര വീണ്ടും പുറകോട്ട് പോകണം.

അച്ഛന്റെയും അമ്മയുടെയും ശരീരത്തിൽ ഞാൻ എങ്ങനെ വന്നു? ഉത്തരം:

'അവർ കഴിച്ച ഭക്ഷണത്തിൽനിന്ന്.' എങ്കിൽ അതുവരെ ഞാൻ വസിച്ചിരുന്നതോ? 'അവർ കഴിച്ച ഓരോ പദാർത്ഥത്തിലും.' ഈ പദാർത്ഥങ്ങൾ ഉണ്ടായത് സസ്യങ്ങളിൽനിന്നാണ്. സസ്യങ്ങളാകട്ടെ, ഭൂമിയിലെ ജലലവണങ്ങളിൽനിന്നും അന്തരീക്ഷവായുവിൽനിന്നും ഉയിർക്കൊണ്ടു. എന്റെ ഉയിരും അവയിൽ ഉണ്ടായിരുന്നുവോ? 'തീർച്ചയായും!'

അങ്ങനെ നോക്കുമ്പോൾ ഞാൻ വെള്ളമായിരുന്നോ? ഭൂമിയിലെ മണ്ണായിരുന്നോ? വെള്ളം ഭൂമിയിൽനിന്നും ഭൂമി പഞ്ചഭൂതങ്ങളിൽ നിന്നുമല്ലേ ഉണ്ടായത്? അങ്ങനെയെങ്കിൽ ഞാൻ പഞ്ചഭൂതങ്ങളിലും വസിച്ചിരുന്നില്ലേ? 'ഉവ്വ്.'

ഈ ലോകത്ത് ഉള്ളതൊക്കെയും പഞ്ചഭൂതങ്ങളാൽ നിർമ്മിക്കപ്പെട്ടതല്ലേ?

അപ്പോൾ എന്റെ ഈ യാത്രയിൽ ഞാൻ പല പല ശരീരങ്ങളിൽ വസിച്ചിട്ടുണ്ടാവണം. കല്ലായും പുല്ലായും, നായയായും നരിയായും, മരമായും മേഘമായും, ലാവയായും ലോഹമായും എത്രയെത്ര ജന്മങ്ങളെടുത്തിട്ടുണ്ടാവും! എന്റെ മനുഷ്യശരീരം അവയോടെല്ലാം കടപ്പെട്ടിരിക്കുന്നു.

ഒരു ശരീരത്തിൽ ജനിച്ച് അതു ചത്ത് പഞ്ചഭൂതത്തിൽ ലയിക്കുമ്പോൾ വീണ്ടും അവിടെനിന്ന് മറ്റൊരു ശരീരത്തിലേക്ക്. ഓർക്കുമ്പോൾ ഭയമോ

നിർവൃതിയോ? ജന്മാന്തരങ്ങളായുള്ള ഈ നീണ്ട യാത്രയ്ക്കിടയിൽ പുണ്യംപോലെ കിട്ടിയ ഈ മനുഷ്യജന്മത്തിലാണോ ഞാൻ സ്വാർത്ഥപ്രേരിതമായ പാപങ്ങളും എണ്ണമറ്റ ഹീനകൃത്യങ്ങളും ചെയ്തു കൂട്ടുന്നത്?

ഇന്നീ ലോകത്ത് കാണപ്പെടുന്ന ജീവജാലങ്ങളൊക്കെ ഒരു കാലത്ത് എന്റെ വാസസ്ഥലങ്ങളായിരുന്നില്ലേ? ഞാൻ അവയ്ക്ക് പോഷണവും അവയെനിക്ക് അന്നവും ആയിരുന്നിട്ടില്ലേ?

വിശന്നുവലഞ്ഞ അവസ്ഥയിൽ ഒരു നേരത്തെ ഭക്ഷണവും കിടക്കാൻ ഒരിത്തിരി സ്ഥലവും തന്ന ഒരാളോട് നമുക്ക് എത്രമാത്രം ഭക്തിയും സ്നേഹവുമുണ്ടാകണം, അല്ലേ? അതുകൊണ്ടാവണം ഋഷിവര്യന്മാർ കണ്ണിൽ കാണുന്ന സകലജീവജാലങ്ങളെയും പുഴകളെയും മരങ്ങളെയും മലകളെയുമൊക്കെ കൈകൂപ്പി വന്ദിക്കാനും ആരാധിക്കാനും പഠിപ്പിച്ചത്.

ഈ ലോകത്ത് വേർതിരിവുകളൊന്നുമുണ്ടാവരുത്. കാരണം, ഇവിടെയുള്ളതൊക്കയും ഞാൻ തന്നെയല്ലേ, എല്ലാം എന്റേതുതന്നെയല്ലേ...!

നാളെ ഞാൻ ഈ പഞ്ചഭൂതങ്ങളിൽത്തന്നെ ലയിക്കണമെങ്കിൽ, ഇന്ന് ഞാൻ എന്തിനാണ് എല്ലാം വെട്ടിപ്പിടിക്കാൻ ആഗ്രഹിക്കുന്നത്?

ഇവിടെ ജാതിക്കും മതത്തിനും, എന്തിന്, മനുഷ്യനെന്നുള്ള വേർതിരിവിനുപോലും, എന്തർത്ഥം? ഒരു മനുഷ്യനുള്ള അതേ അർത്ഥവും അവകാശവുമല്ലേ ഇവിടെ ഒരെറുമ്പിനുമുണ്ടായിരിക്കേണ്ടത്?

ഞാൻ എല്ലാമാണ്. ഞാനാണ് പഞ്ചഭൂതങ്ങൾക്കും സാക്ഷിയായവൻ. ഞാനും ഭാഗമായിക്കൊണ്ടാണ് ഈ ലോകത്ത് എല്ലാം ചലിക്കുന്നത്. ഈ ലോകത്തിന്റെ ഓരോ സ്പന്ദനത്തിലും ഊർജ്ജത്തിലും ഞാനുണ്ട്. സകല ചരാചരങ്ങളിലും ഞാനുണ്ട്.

ഈ ചിന്തയുടെ ബലത്തിലാണോ ഹൈന്ദവർ 'അഹം ബ്രഹ്മാസ്മി' എന്ന മഹിമാവിൽ എത്തിച്ചേരുന്നത്? ആയിരിക്കാം, അല്ലായിരിക്കാം. പക്ഷേ, ക്രിസ്ത്യാനികൾക്ക് അതു പഥ്യമല്ല.

എന്നിരുന്നാലും, മാംസമായിത്തീർന്ന യോഹന്നാന്റെ 'ആദി' വചനത്തെ പരാശക്തിയുടെമാത്രം പര്യായമായ 'അനാദി'ചിന്തയായി വക്ഷിക്കുവാൻ (വക്ഷിക്കുക = പൊലിപ്പിക്കുക, അകാരണമായി വർദ്ധിച്ച അർത്ഥം കൊടുക്കുക) അവർക്കൊരു മടിയുമില്ല. പക്ഷേ, അതോടെ യുക്തിയുടെ മാനങ്ങളെല്ലാം ലംഘിക്കപ്പെടുകയാണ്. 'ആദിയിൽ വചനമുണ്ടായിരുന്നു; ആ വചനം ദൈവത്തോടു കൂടെയായിരുന്നു' എന്നു പറയുമ്പോൾ, ആദിയെ അനാദിയുമായി കൂടിക്കുഴക്കുന്നതിലൂടെ, മനസ്സിനെ വല്ലാതെ അലട്ടുന്ന ഒരതിശയോക്തിയും ദൈവികതയെക്കുറിച്ച് ഒരിക്കലും അനുവദനീയമല്ലാത്ത ഒരു ന്യൂനോക്തിയും വന്നുഭവിക്കുകയാണ്.

ഫോൺ: 9961544169

## ആദരാഞ്ജലികൾ!





ഓശാന മൗണ്ട് സ്ഥാപനങ്ങളുടെ ചെയർമാനായി വളരെ വർഷം പുലിക്കുന്നേൽ സാറിനോടൊപ്പം പ്രവർത്തിച്ച, ഭരണഘടനാപണ്ഡിതനും മുൻ കൊച്ചിൻ യൂണിവേഴ്സിറ്റി വൈസ് ചാൻസലറുമായ ഡോ. എം.വി. പൈലിയുടെയും പ്രശസ്ത പത്രപ്രവർത്തകനും 'Destination Kerala' എന്ന ഇംഗ്ലീഷ് മാസികയുടെ സ്ഥാപകനും നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവും 'സത്യജ്വാല'യുടെ അടുത്ത സുഹൃത്തും വഴികാട്ടിയുമായിരുന്ന ശ്രീ. മാത്തുക്കുട്ടി ജെ. കുന്നപ്പള്ളിയുടെയും നിര്യാണത്തിൽ KCRM-സത്യജ്വാലപ്രവർത്തകരുടെ അനുശോചനം രേഖപ്പെടുത്തുകയും ഇരുവർക്കും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

# ‘കച്ചതഴുകൽ’ ഉണർത്തിയ ചിന്തകൾ

**തോമസ് കുഴിപ്പറമ്പിൽ**

**2017** ഒക്ടോബർ ലക്കം ‘ക്നാനായം’ മാസികയിൽ ശ്രീ ബുള്ളറ്റ് ജോൺ എഴുതിയ ‘കച്ച തഴുകൽ’ എന്ന ലേഖനത്തിലെ യുക്തിഹീനതയാണ് ഇതെഴുതാൻ എന്നെ പ്രേരിപ്പിച്ചത്. ക്നാനായക്കാർ വ്യത്യസ്തമായ ആചാരങ്ങൾ അവരുടെ ആഘോഷവേളകളിൽ ആചരിക്കുന്നുണ്ട്. ആചാരങ്ങൾ നല്ലതുതന്നെ. എന്നാൽ ഇതിന്റെ വിശദീകരണങ്ങൾ യുക്തിസഹമായിരിക്കണം.

“അനാദിയിൽ ചെറുക്കനും പെണ്ണിനും സൃഷ്ടിയിൽത്തന്നെ ദൈവം ഒന്നാക്കിവച്ചിരിക്കുന്നവരെ കണ്ടെത്താൻ റഫായേൽ മാലാഖയുടെ സ്ഥാനത്തു നിൽക്കുന്നവരാണ”ത്രെ, ചെറുക്കന്റെയും പെണ്ണിന്റെയും അപ്പാപ്പന്മാരും അമ്മാവന്മാരും! ഇതിൽനിന്നു സ്പഷ്ടമാകുന്ന മറ്റൊരു കാര്യം, അനാദിയിൽത്തന്നെ ചെറുക്കനും പെണ്ണിനും ദൈവം ഓരോരുത്തരെ ഇണയായി നിശ്ചയിച്ചുവച്ചിട്ടുണ്ട് എന്നാണ്. “നിനക്കുവേണ്ടി ദൈവം നിശ്ചയിച്ച പെണ്ണിനെ ഞാൻ കണ്ടെത്തി തന്നുകഴിഞ്ഞു, ഞാനവന്റെ ധർമ്മം പൂർത്തിയാക്കി” എന്നു പറഞ്ഞാണല്ലോ കച്ച തഴുകുന്നത്.

സമുദായത്തിനുപുറത്തുനിന്ന് വിവാഹം കഴിക്കുന്ന ചെറുക്കന്റെയും പെണ്ണിന്റെയും മുട്ടിനുമേൽ തുടയിൽ കൈവച്ച് ഈ ആചാരം എന്തുകൊണ്ട് അനുഷ്ഠിച്ചുകൂടാ എന്നതിന്റെ വിശദീകരണമാണ് ലേഖകൻ തുടർന്നു നൽകുന്നത്. അങ്ങനെ ചെയ്താൽ, “ദൈവവുമായി ചെയ്യപ്പെട്ട ഉടമ്പടിയുടെ ലംഘനത്തിന്റെ എല്ലാ ശാപങ്ങളും നമ്മൾ വഹിച്ച് തലയിൽ വയ്ക്കുകയല്ലേ ചെയ്യുന്നത്” എന്നതാണ് ആ വിശദീകരണം. ഇവിടെ ഏതു ഉടമ്പടിയെക്കുറിച്ചാണാവോ ശ്രീ. ബുള്ളറ്റ് ജോൺ പറയുന്നത്? ഉല്പത്തി 24-ാം അദ്ധ്യായത്തിൽ, മകനായ ഇസഹാക്കിനു ഭാര്യയെ തിരഞ്ഞെടുക്കുന്നതിനായി അബ്രാഹം നിയോഗിക്കുന്ന വാല്യക്കാരൻ അബ്രാഹവുമായി ചെയ്യുന്ന ഉടമ്പടിയെക്കുറിച്ചുമാത്രമാണ് ഈ ലേഖനത്തിൽ അദ്ദേഹം പറയുന്നത്. അതു ദൈവവുമായുള്ള ഉടമ്പടിയാകുന്നതെങ്ങനെ?

ക്നാനായ യുവതീ-യുവാക്കൾ അപ്പാപ്പന്മാരുടെയോ അമ്മാവന്മാരുടെയോ അറിവോ സമ്മതമോ ഇല്ലാതെ, സമുദായത്തിൽനിന്ന് പങ്കാളിയെ കണ്ടെത്തിയാലും കച്ച തഴുകാം. ഇവിടെ അപ്പാപ്പന്മാരോ അമ്മാവനോ ഒരു ധർമ്മവും ചെയ്തില്ല എന്നതൊരു പ്രശ്നമാകുന്നില്ല! ഇനി സ്വന്തം ഇഷ്ടപ്രകാരം, സമുദായത്തിൽനിന്നു പെണ്ണുകിട്ടാത്തവന്, ഏതെങ്കിലും പെണ്ണ് മതിയെന്ന് തീരുമാനിച്ച് ഇടനിലക്കാരൻവഴി അപ്പാപ്പന്മാരും അമ്മാവന്മാരും മാതാപിതാക്കളും ചേർന്ന് കണ്ടുപിടിച്ചു നടത്തുന്ന വിവാഹമാണെങ്കിലോ? അവിടെ കച്ച തഴുകാൻ പാടില്ലതാനും! ഇവിടെയും സൃഷ്ടിയിൽത്തന്നെ ദൈവം ഒന്നാക്കി വച്ചിരുന്നവരെയാണല്ലോ കാരണവന്മാർ കണ്ടുപിടിച്ചത്? പിന്നെന്തുകൊണ്ട് കച്ച തഴുകൽ നടത്തിക്കൂടാ? ഇവിടെ ദൈവത്തിന് തെറ്റ് പറ്റിയോ; അതോ കാരണവന്മാർക്ക് തെറ്റുപറ്റിയോ? അനാദിയിൽ ക്നാനായക്കാർക്ക് ക്നാനായക്കാരെത്തന്നെ ദൈവം നിശ്ചയിച്ചുവയ്ക്കണമെന്ന് കോട്ടയം രൂപത സ്ഥാപിക്കുമ്പോൾ, മാർപാപ്പയെക്കൊണ്ട് ഇവർ ദൈവത്തിന് കല്പന പുറപ്പെടുവിച്ചിരുന്നോ? വിചിത്രം തന്നെ!

പഴയനിയമത്തിന്റെ പിൻബലത്തിൽ പാരമ്പര്യത്തിന്റെയും തനിമയുടെയും ശുദ്ധരക്തത്തിന്റെയും മേന്മ പറഞ്ഞ് വെമ്പൽ കൊള്ളുന്നവർ പഴയനിയമത്തിലെ ലോത്തിന്റെയും മക്കളുടെയും മാർഗ്ഗം സ്വീകരിക്കുവാൻ സമുദായത്തെ ഉപദേശിക്കുമോ? സ്വന്തം സമുദായത്തിൽനിന്ന് പങ്കാളിയെ കിട്ടാതെ അവിവാഹിതരായി കഴിയുന്ന വളരെപ്പേർ ഈ സമുദായത്തിലുണ്ട്. അവരോട്, സ്വന്തം അർദ്ധസഹോദരിമാരെയോ, അടുത്ത ചാർച്ചക്കാരെയോ വിവാഹം കഴിക്കാൻ സമുദായം ഉപദേശിക്കുമോ? സഭ ഇപ്രകാരം പങ്കാളികളെ കണ്ടെത്തി വിവാഹം നടത്തിക്കൊടുക്കുമോ?

ഇവരെല്ലാം ഒന്നു മനസ്സിലാക്കണം. ഈ ‘മേന്മ’കളെല്ലാം പഴയനിയമകാലഘട്ടത്തിൽത്തന്നെ കാലഹരണപ്പെട്ടതാണ്. വിലക്കുണ്ടായിരുന്നിട്ടും ഇസഹാക്കിന്റെ സന്തതികൾ ഇസ്മയിലിന്റെ വംശത്തിൽനിന്നു ബന്ധം സ്വീകരിച്ചു. ന്യായാധിപന്മാരും രാജാക്കന്മാരും അന്യവംശത്തിൽനിന്നുള്ള സ്ത്രീകളെ ഭാര്യമാരായി സ്വീകരിച്ചു. ബൈബിളിൽ പരാമർശിച്ചിട്ടുള്ള പല വ്യക്തികളും അന്യദേശക്കാരിൽനിന്നു ഭാര്യമാരെ സ്വീകരിച്ചിട്ടുള്ളവരാണ്. അബ്രഹാം മുതൽ ക്രിസ്തുവരെ 42 തലമുറകളാണ് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ തലമുറകൾ അന്യഗോത്രങ്ങളിൽനിന്ന് മാറിമാറി സ്ത്രീകളെ ഭാര്യമാരായി സ്വീകരിച്ചതായി ബൈബിളിൽ കാണാം. ബോവാസിന് അന്യദേശക്കാരിയായ റൂത്തിൽനിന്നുണ്ടായ ഒബേദിന്റെ പരമ്പരയിൽപ്പെട്ടവരാണ് ദാവീദ് രാജാവും അദ്ദേഹത്തിന് ഊറിയായിലുണ്ടായ സോളമനും. സോളമൻ രാജാവിനും അന്യവംശത്തിൽനിന്നുള്ള സ്ത്രീകൾ ഭാര്യമാരായിട്ടുണ്ടായിരുന്നു. ഈ ദാവീദിന്റെ ഗോത്രത്തിൽനിന്നാണ് യേശുവിന്റെ ജനനം.

“ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്” എന്നതു മാത്രമായിരുന്നു യഹോവയുടെ മാറ്റമില്ലാത്ത നിയമം. സ്വന്തം ഗോത്രത്തിൽനിന്നും വംശത്തിൽനിന്നും ബന്ധം സ്വീകരിക്കണമെന്ന് പൂർവ്വപിതാ

ക്കന്മാർ നിർബ്ബന്ധിച്ചിരുന്നത്, അന്യദേവന്മാരെ ആരാധിക്കുന്നതിൽനിന്ന് രക്ഷിക്കാനാണ്. എന്നാലിവിടെ മാർപാപ്പയുടെ കീഴിൽ, ഒരേ വിശ്വാസം ഏറ്റു പറയുകയും ഒരേ മാമ്മോദീസാ സ്വീകരിക്കുകയുംചെയ്യുന്ന കത്തോലിക്കരെത്തന്നെയാണ് ഒഴിവാക്കുന്നതെന്ന് ഓർമ്മിക്കണം. ഒരു ക്നാനായക്കാരൻ സമുദായത്തിന് പുറത്തുനിന്നു വിവാഹിതനായാൽ, സമുദായത്തിന് വലിയ ദുരഭിമാനം വരുത്തിവച്ചതുപോലെയാണ് അവരെ വീക്ഷിക്കുന്നത്. ഇടവകയിലെ വികാരിപോലും ഒറ്റദിവസം കൊണ്ട് ആ വ്യക്തിയെ അന്യനായി കാണുന്നത് വലിയ കഷ്ടംതന്നെ. അഭയാകേസുമൂലമുണ്ടായ അപമാനമൊന്നും ഇവർ സമുദായത്തിനു വരുത്തിവച്ചില്ലല്ലോ. സമുദായത്തിന് പുറത്തുനിന്നു വിവാഹംകഴിച്ചാൽ, ഇടവകയിൽനിന്നു പുറത്താക്കുന്ന നിയമം കോട്ടയം അതിരൂപതയിൽമാത്രം! ഇക്കാരണത്താൽത്തന്നെ, സമുദായത്തോടും ഇടവകയോടും കത്തോലിക്കാസഭയോടുതന്നെയും വെറുപ്പും വിദ്വേഷവും വച്ചുപുലർത്തുന്നവർ ധാരാളമുണ്ട്, ഈ രൂപതയിൽ.

കുടുംബകൂട്ടായ്മ (കൂടാരയോഗം) പോലുള്ള ഇടവക യൂണിറ്റുകളുടെ ഒത്തുചേരലിൽനിന്ന് വിട്ടുനിൽക്കേണ്ടി വരുന്നവരുടെ മാനസികാവസ്ഥ ചിന്തനീയമാണ്. വിവാഹത്തിനു മുമ്പ് നിർബ്ബന്ധിച്ച് ഇടവക മാറ്റുമ്പോൾ ചേരുന്ന വടക്കുംഭാഗ ഇടവക ദൂരെയാവുകയും, സഹകരിച്ച് പ്രവർത്തിച്ചുകൊണ്ടിരുന്ന ഇടവകയിൽനിന്ന് മാറ്റപ്പെടുകയും ചെയ്യുമ്പോൾ, ഒറ്റപ്പെട്ടുപോകുന്നവരുടെ ആത്മീയവളർച്ചയും മുരടിക്കുകയാണ്.

യേശുവിന്റെ പ്രബോധനങ്ങൾ നമ്മളെ നേർവഴിക്കു നയിക്കട്ടെ. വിശ്വാസവും സ്നേഹവും കരുണയുമാണ് കർത്താവിന്റെ പ്രബോധനം. സ്നേഹത്തിലൂടെ പ്രവർത്തനിരതമായ വിശ്വാസമാണ് സുപ്രധാനമായിട്ടുള്ളത് (ഗലാ. 5:6). എങ്കിൽ മാത്രമേ, നമുക്ക് ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരാകാൻ കഴിയൂ. ആത്മാവിലാണ് നാം ജീവിക്കുന്നതെങ്കിൽ ആത്മാവ് നമ്മെ നയിക്കും. നമുക്ക് ദുരഭിമാനം വെടിയാം (ഗലാ. 5:25). യഹൂദനിയമാനുഷ്ഠാനം വഴിയല്ല, യേശുക്രിസ്തുവിലുള്ള വിശ്വാസം വഴിയാണ് ഒരു മനുഷ്യൻ നീതീകരിക്കപ്പെടുക (ഗലാ. 2:16). അവനിൽ വിശ്വസിക്കുന്ന ഒരുവനും ലജ്ജിതരാവുകയില്ല എന്ന് വിശുദ്ധ ലിഖിതം പറയുന്നു. ഇതിൽ യഹൂദനെന്നോ, ഗ്രീക്കുകാരനെന്നോ ഉള്ള ഭേദമില്ല (റോമ. 10:11-12). നമുക്ക് ക്രിസ്തുവിൽ ഒന്നാകാം പരസ്പരം സ്നേഹിച്ച് വിശ്വാസത്തിൽ വളരാം.

**കോട്ടയം രൂപതയോട് ഒരു എളിയഅപേക്ഷ**: ക്നാനായക്കാർ മറ്റ് കത്തോലിക്കരിൽനിന്ന് വിവാഹിതരാകേണ്ടിവരുമ്പോൾ, അത്രയുംനാൾ ജനിച്ചു വളർന്ന് കൂദാശകളെല്ലാം സ്വീകരിച്ച് ഇടവകയുടെ ഭാഗമായി പ്രവർത്തിച്ചു വളർന്ന വ്യക്തികളെ സ്വന്തം ഇഷ്ടപ്രകാരം (പങ്കാളിയെ കിട്ടാത്തതുകൊണ്ടും) സമുദായം മാറി വിവാഹം ചെയ്യുന്നു എന്ന ഒറ്റ കാരണംകൊണ്ട് ഇങ്ങനെ ശിക്ഷിക്കണമോ? നിലവിലുള്ള ക്നാനായനിയമം ലഘൂകരിച്ച്, പുരുഷന്മാർക്ക് അവരുടെ ഇടവകയിൽത്തന്നെ വിളിച്ചുചൊല്ലി വിവാഹം നടത്തിക്കൊടുത്തുകൊണ്ട് ഇടവകയുടെ സ്നേഹവും കരുണയും കാണിച്ചുകൂടേ? വിവാഹശേഷം വധുവിന്റെ ഇടവകയിൽ ചേർന്നുകൊള്ളാമെന്ന സമ്മതപത്രവും മറ്റു സ്വീകാര്യമായ വ്യവസ്ഥകളും മുൻകൂർ എഴുതിവാങ്ങിയാൽ, പുതിയ ഇടവകചേരാൻ ചെല്ലുമ്പോഴുണ്ടാകുന്ന നിന്ദയിൽനിന്നും സാമ്പത്തികചൂഷണത്തിൽനിന്നും രക്ഷപ്പെടാനും അതു സഹായിക്കുമല്ലോ.

ഫോൺ: 94447593293

*പേജ് 43-ൽ നിന്നു തുടർച്ച.....*

പോയത് ഹിന്ദു-മുസ്ലീം വൈരം ഇന്ത്യയിൽ സ്ഥിരമായി ഉറപ്പിക്കുന്ന അവസ്ഥ സംജാതമാക്കിയതിനു ശേഷമായിരുന്നു.

കേരളം എന്നും മതസൗഹാർദ്ദത്തിന്റെ നാടായിരുന്നു. എന്നാൽ ഇവിടെ പോർച്ചുഗീസുകാർ ആധിപത്യം സ്ഥാപിച്ചതോടുകൂടി ക്രൈസ്തവസമുദായം വളരുകയും ഇവിടുത്തെ ഹിന്ദുസമുദായം പലവിധത്തിൽ ശോഷിക്കുകയും ചെയ്തു. ദൈവത്തെ കച്ചവടമാക്കാൻ ഹിന്ദുസമൂഹത്തിന് അറിഞ്ഞുകൂടായിരുന്നു. എന്നാലിന്ന്, ക്രൈസ്തവ-മുസ്ലീം മതസംഘാടനത്തോടു പ്രതികരിച്ച്, അതേ മതസംഘാടനരീതി അവലംബിക്കാൻ ഹൈന്ദവസമൂഹം നിർബ്ബന്ധിതരായിട്ടുണ്ട്. ഹിന്ദുത്വവർഗ്ഗീയതയായിത്തീരുന്നു, അത്. ഇതു ഹിന്ദുത്വഫാസിസമായി വളരാതിരിക്കണമെങ്കിൽ, ക്രൈസ്തവരും മുസ്ലീങ്ങളും മതത്തിന്റെ അടിസ്ഥാനത്തിലുള്ള തങ്ങളുടെ സമുദായശാക്തീകരണപ്രക്രിയയിൽനിന്ന് ക്രമേണയെങ്കിലും പിന്മാറിത്തുടങ്ങേണ്ടതുണ്ട്. അല്ലെങ്കിൽ അപകടകരമായ ഒരു സ്ഥിതിയിലേക്ക് കാര്യങ്ങൾ നീങ്ങാനിടയുണ്ട്, അദ്ദേഹം അഭിപ്രായപ്പെട്ടു. കേരളത്തിലെ ക്രൈസ്തവരും ഹിന്ദുക്കളും പരസ്പരപൂരകങ്ങളാണ്. ഇന്നത്തെ സാഹചര്യത്തിൽ ഒരു ഹിന്ദു-ക്രിസ്ത്യൻ കൂട്ടായ്മയായിരിക്കും കേരളം ഇനി കാണാൻ പോകുന്നത്. കേരളത്തിന്റെ രാഷ്ട്രീയ മാറ്റത്തിന് അത് കാരണമായേക്കാം.

പ്രധാന പ്രതികരണപ്രസംഗം നടത്തിയത് പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റമാണ്. സാമൂഹികയാഥാർത്ഥ്യങ്ങളെ മൂടിവയ്ക്കാൻ മിത്തുകളെ ഉപയോഗിക്കുന്നതാണ് ഫാസിസം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കേരളത്തിൽ ഹിന്ദുത്വവാദികൾ സെമിറ്റിക് മതങ്ങളെ അനുകരിച്ച് ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്നു. ഹിന്ദുമതത്തെ ക്രൈസ്തവശൈലിയിലാക്കാൻ ശ്രമിക്കുകയാണ്; ഒരു കേന്ദ്രീകൃത ഘടനയിലേക്കു സംഘടിപ്പിക്കുവാനുള്ള പരിശ്രമങ്ങളാണു നടക്കുന്നത്. ഫാസിസത്തെ നേരിടാൻ സാമുദായികശാക്തീകരണമല്ല; മറിച്ച്, ജനാധിപത്യപ്രക്രിയയാണ് ആവശ്യം. അധികാരവും സമ്പത്തും വികേന്ദ്രീകരിക്കപ്പെടണം, അദ്ദേഹം പറഞ്ഞു.

ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ജോഷി പോൾ, ഡോ. എം.കെ.മാത്യു, ഒ.ഡി. കുര്യാക്കോസ്, കെ. ജോർജ് ജോസഫ്, ബിനു, ജോസാന്റണി, ജോർജ് മൂലേച്ചാലിൽ മുതലായവർ സംസാരിച്ചു. തുടർന്ന്, ശ്രീ പ്രതാപ് ജി. മങ്ങാട്ട് പ്രതികരണങ്ങൾക്കു മറുപടി പറഞ്ഞു.

2.30-ന് പ്രസിഡന്റ് ശ്രീ. സി.വി. സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽ കൂടിയയോഗം മാത്യു എം. തറക്കുന്നേലിന്റെ നന്ദിപ്രകാശനത്തോടുകൂടി 5.30-ന് പര്യവസാനിച്ചു.

റിപ്പോർട്ടു തയ്യാറാക്കിയത്:
**ഷാജു ജോസ് തറപ്പേൽ** (സെക്രട്ടറി)

# വിട പറയാതെ.... ഒരു പ്രണാമം!



KCRM-ന്റെ ആശയഗുരുവും സത്യജ്വാലയുടെ തലതൊട്ടപ്പനുമായ പുലിക്കുന്നേൽസാറിന്റെ ഭൗതികശരീരം പഞ്ചഭൂതങ്ങളായി അമ്മയായ ഭൂമിയിൽ ലയിച്ചുകഴിഞ്ഞിരിക്കുന്നു....... എന്നാൽ,

സഭയിൽനിന്ന് യേശുവിനെ പുകച്ചുപുറത്താക്കി കോൺസ്റ്റന്റൈൻ സിംഹാസനാരൂഢനായതിന്റെയും,

പൗരോഹിത്യമില്ലാത്ത യേശുവിന്റെ സഭയിൽ യഹൂദ-റോമൻപൗരോഹിത്യങ്ങളിണചേർന്നുണ്ടായ രാജകീയപൗരോഹിത്യം നുഴഞ്ഞുകയറി അധികാരമരുതാത്ത സഭയെ ശ്രേണീബദ്ധ അധികാരഘടനയാക്കിയതിന്റെയും,

പാരസ്പര്യ, സ്നേഹ, സേവനകൂട്ടായ്മാജീവിതമെന്ന ജീവിതാനുഷ്ഠാനത്തെ കേവലം അനുഷ്ഠാനജീവിതമാക്കിയതിന്റെയും,

കേരളസഭയുടെ തനിമയാർന്ന അപ്പോസ്തലിക പൈതൃക-പാരമ്പര്യങ്ങളെ കൊന്നുകുഴിച്ചുമൂടി ഇവിടെയും റോമൻ മതസാമ്രാജ്യപുരോഹിതക്കോട്ടകൾ തീർത്തതിന്റെയും,

യേശുവിന്റെ സ്നേഹനിയമത്തെ തള്ളിമാറ്റി യേശുവിരുദ്ധമായ കാനോൻനിയമം അടിച്ചേൽപ്പിച്ച് ലോകമെമ്പാടുമുള്ള കത്തോലിക്കരുടെ മതസ്വത്തുക്കൾ പിടിച്ചെടുത്തുകൊണ്ട് നഷ്ടപ്പെട്ട പാപ്പാസാമ്രാജ്യം പുനഃസ്ഥാപിക്കാനുള്ള വത്തിക്കാൻ മതരാഷ്ട്രത്തിന്റെ നിതാന്തപരിശ്രമങ്ങളുടെയും,

യേശുവിന്റെ കാലത്തെ സാൻഹെദ്രീൻ പുരോഹിതസംഘത്തെ അനുകരിച്ച്, പാദ്രുവാദോ, പ്രൊപ്പഗാന്താ ഫീദേ, പൗരസ്ത്യതിരുസംഘം മുതലായ പുരോഹിതസംഘങ്ങളെ വത്തിക്കാൻ കാലാകാലങ്ങളിൽ സൃഷ്ടിച്ച് കേരളസഭയ്ക്കുമേൽ വ്യവസ്ഥാപിച്ചതിന്റെയും....

ഇതിന്റെയെല്ലാം പിന്നിലുള്ള പുരോഹിതരാഷ്ട്രീയത്തിന്റെയും ചരിത്രവഴി ഓതിത്തന്ന ആ മൗലികപ്രതിഭ മണ്ണിലലിയാതെ ഒരു പ്രകാശധോരണിയായി ഞങ്ങളെ ചൂഴ്ന്നു നിൽക്കുന്നു... ആ വെളിച്ചം ഞങ്ങളിതാ ഏറ്റുവാങ്ങുന്നു.

മഹാധിഷണയുടെ ആസ്ഥാനമായിരുന്ന ആ മസ്തിഷ്കം ചാമ്പലായിക്കഴിഞ്ഞിരിക്കുന്നു....... എന്നാൽ,

കേരളസഭയുടെ തനിമ വീണ്ടെടുക്കുന്നതിനുവേണ്ടി ആ മസ്തിഷ്ക്കമൊഴുക്കിയ വിയർപ്പിനേക്കുറിച്ചോർക്കുമ്പോൾ,

പ്രശ്നത്തിരമാലകളിലും ഉലയാതെനിന്ന് ബുദ്ധികൂർമ്മതയുടെ ആഴങ്ങളിൽ മുങ്ങിത്തപ്പി പ്രശ്നപരിഹാരങ്ങളുടെ നവംനവങ്ങളായ ആശയമുത്തുകൾ പൊക്കിയെടുത്തതിനേക്കുറിച്ചോർക്കുമ്പോൾ,

രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ നൂറുകണക്കായ ഡിക്രികളിൽനിന്ന് കേരളനസ്രാണിസഭയുടെ തനിമ വീണ്ടെടുക്കാനാവശ്യമായ ഡിക്രികൾ കണ്ടെത്തി പ്രബോധിപ്പിച്ചതിനേക്കുറിച്ചോർക്കുമ്പോൾ,

അതിനെ പ്രതിരോധിക്കാനും, ഭാരതസഭയ്ക്കു ബാധകമല്ലാത്ത പൗരസ്ത്യകാനോൻനിയമം അടിച്ചേൽപ്പിക്കാനും വേണ്ടി, സ്വപൈതൃകത്തെത്തന്നെ തള്ളിപ്പറഞ്ഞ് കൽദായ പൈതൃകവാദവുമായെത്തിയ അധികാരക്കൊതിയന്മാരായ മെത്രാന്മാർക്കെതിരെ മുഴക്കിയ ഗർജ്ജനപരമ്പരകളേക്കുറിച്ചോർക്കുമ്പോൾ,

എല്ലാ അന്യപൈതൃകവാദങ്ങളെയും കാനോൻനിയമവകുപ്പുകളെയും അസ്തമിപ്പിക്കാൻപോരുന്ന 'ചർച്ച് ആക്ട്' എന്ന ആശയം കണ്ടെത്തി അവതരിപ്പിച്ചതിനേക്കുറിച്ചോർക്കുമ്പോൾ....

അപ്പോഴൊക്കെയും, ആ മസ്തിഷ്കത്തിലുയർന്ന കമ്പനങ്ങളുടെ അതേ താളത്തിൽ ഞങ്ങളുടെ ആയിരക്കണക്കിനു മസ്തിഷ്കങ്ങളും പ്രകമ്പിതമാകുന്നു.... ആ കമ്പനങ്ങളെ ഞങ്ങളുടെ ഹൃദയസ്പന്ദനങ്ങളായി ഞങ്ങളിതാ ഏറ്റുവാങ്ങുന്നു...

അത്മായരിലാരെയെങ്കിലും നിയമക്കുരുക്കുകളിൽപ്പെടുത്തിയൊതുക്കാൻ, കൂദാശാവിലക്കികളും കല്യാണം മുടക്കികളും മരിച്ചടക്കുവിലപേശികളുമായ ദുഷ്ടപൗരോഹിത്യം തുനിയുന്നു എന്നറിയുന്ന നിമിഷത്തിൽ, എല്ലാം മറന്ന് ഒരു കൊടുങ്കാറ്റായെത്തി ഏതു സഭാകാര്യവും ഒറ്റയ്ക്ക് നിയമാനുസൃതം നടത്തിക്കൊടുത്ത ആ മഹാചങ്കൂറ്റത്തിന്റെ ശക്തിയും,

വിതണ്ഡവാദങ്ങളുയർത്തുന്ന പുരോഹിതരെയും പുരോഹിതഭക്തരെയും അവരുടെ നിലവാരമനുസ്സരിച്ച്, ചിരിച്ചുതള്ളിയും ആക്ഷേപഹാസ്യത്തിന്റെ കൂരമ്പുകളെയ്തും ദാർശനികമായും ദൈവശാസ്ത്രപരമായും അങ്കംവെട്ടിയും നിലംപരിശാക്കുന്ന ആ പേനായുടെ മൂർച്ചയും ഞങ്ങളെ വിട്ടുപോകാതെ തൊട്ടുനിൽക്കുന്നു. ആ ശക്തിയും മൂർച്ചയും ഞങ്ങളിതാ ഞങ്ങളിലേക്ക് ആവാഹിക്കുന്നു....

ദൈവത്തിന്റെ വൻസൈന്യനിരയെന്ന ഭാവത്തിൽ വ്യാജദൈവികതയുടെ മാർച്ചട്ടയണിഞ്ഞണിനിരന്ന് വാൾചുഴറ്റി അട്ടഹസിച്ചു നിൽക്കുന്ന പുരോഹിതഗോലിയാത്തുകളുടെ പടമുഖത്തേക്ക്, സത്യത്തിലൂന്നിയ ചങ്കൂറ്റത്തിന്റെ മാർച്ചട്ട ധരിച്ച് യേശുവചസ്സുകളെന്ന കവണയുമായി ഒറ്റയ്ക്കു കയറിച്ചെന്നു ഗർജ്ജിച്ച ആ 'കേരളക്രൈസ്തവകേസരി'യുടെ ഗർജ്ജനാരവങ്ങൾ അത്മായസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള യുദ്ധകാഹളമായി ഈ ആശയശിഷ്യരിൽ അലയടിക്കുന്നു, അത് കേരളമാകെ വ്യാപിക്കുന്നു...

പുലിക്കുന്നേൽ സാർ ഈ ആശയശിഷ്യരിൽ ഉയിർത്തെണീറ്റിരിക്കുന്നു! ചർച്ച് ആക്ടിന്റെ ദീപശിഖാപ്രയാണം പുതുശക്തിയോടെ, ഇതാ ഞങ്ങൾ പുനരാരംഭിക്കുന്നു.

അതുകൊണ്ട്, വിട പറയാതെ ഒരു പ്രണാമം! ഗുരോ, പ്രണാമം!

KCRM പ്രോഗ്രാം റിപ്പോർട്ട് - പാലാ

# 'വർഗ്ഗീയതയെ നിർവീര്യമാക്കാൻ സമുദായശാക്തീകരണപ്രക്രിയയിൽനിന്നു പിൻവാങ്ങുക'
## - പ്രതാപ് ജി മങ്ങാട്ട്



**പ്രൊ**ഫ. ജോസഫ് പുലിക്കുന്നേലിന്റെയും മാത്തുക്കുട്ടി ജെ. കുന്നപ്പള്ളിയുടെയും നിര്യാണത്തിൽ അനുശോചിച്ചുകൊണ്ടാണ് ഡിസംബർ മാസത്തിലെ യോഗം ആരംഭിച്ചത്.

പുലിക്കുന്നേൽ സാറിനെ അനുസ്മരിച്ചുകൊണ്ട് സംസാരിച്ചത് പ്രൊഫ. ഇപ്പനായിരുന്നു. ഏതൊരു മഹാന്റെയുമെന്നപോലെ, പുലിക്കുന്നേൽ സാറിന്റെ ജീവിതം നമുക്കെല്ലാം ഏറെ വിലപ്പെട്ടതാണ്. ആ ജീവിതം പാഴ്ച്ചെലവാകുകയില്ല. കെ.സി. ആർ.എം.ന്റെയും സത്യജ്വാലയുടെയും നിലനില്പു തന്നെ അദ്ദേഹത്തിന്റെ ആശയങ്ങളിൽ കേന്ദ്രീകരിച്ചുള്ളതാണ്. അദ്ദേഹത്തിൽനിന്ന് വളരെയധികം പഠിക്കാൻ സാധിച്ചിട്ടുണ്ടെന്ന് ഇപ്പൻസാർ ഓർമ്മിച്ചു. അദ്ദേഹത്തിന്റെ ഓരോ പ്രവർത്തനവും സമൂഹത്തിനുവേണ്ടിയായിരുന്നു, അദ്ദേഹം പറഞ്ഞു. പുലിക്കുന്നേൽ സാറിനെക്കുറിച്ചു സ്വയം രചിച്ച ഒരു വിലാപകാവ്യം ആലപിച്ചാണ് അദ്ദേഹം അനുസ്മരണം അവസാനിപ്പിച്ചത്.



പത്രപ്രവർത്തകനും ഗ്രന്ഥകാരനുമായ മാത്തുക്കുട്ടി ജെ. കുന്നപ്പള്ളിയെ അനുസ്മരിച്ചു മാത്യു തറക്കുന്നേൽ സംസാരിച്ചു. വളരെ യാദൃശ്ചികമായി സത്യജ്വാലയെ പരിചയപ്പെടുകയും അതിന്റെ പിന്തുണക്കാരനായിത്തീരുകയുംചെയ്ത വലിയൊരു മനുഷ്യനായിരുന്നു മാത്തുകുട്ടി ജെ. കുന്നപ്പള്ളി എന്ന് അദ്ദേഹം പറഞ്ഞു. കൂടാതെ, കഴിഞ്ഞ ഒന്നൊന്നരവർഷമായി സത്യജ്വാലയുടെ ഭാഷ കുറ്റമറ്റതാക്കാൻ എഡിറ്ററുമായി ഓരോ ലക്കത്തിലും അദ്ദേഹം സഹകരിച്ചിരുന്നു. സത്യജ്വാലയ്ക്കായി എല്ലാമാസവുംതന്നെ 1000 രൂപയിൽ കുറയാത്ത ഒരു ചെക്ക് അദ്ദേഹം അയയ്ക്കുന്നുമുണ്ടായിരുന്നു. തിരുവനന്തപുരം ജില്ലയിൽ മാസിക പ്രചരിപ്പിക്കുന്നതിന് അദ്ദേഹം നേതൃത്വം കൊടുക്കുകയുംചെയ്തു. അദ്ദേഹത്തിന്റെ നിര്യാണം കെ.സി.ആർ.എം.-നും സത്യജ്വാലയ്ക്കും തീരാത്ത നഷ്ടമാണെന്ന് അനുസ്മരണപ്രസംഗത്തിൽ മാത്യു എം. തറക്കുന്നേൽ പ്രസ്താവിച്ചു.




'കേരളത്തിലെ വളർന്നുവരുന്ന വർഗീയത' എന്നതായിരുന്നു പരിപാടിയിലെ പ്രധാന ചർച്ചാവിഷയം. സാമൂഹികനിരീക്ഷകനായ ശ്രീ. പ്രതാപ് ജി. മങ്ങാട്ട് ആണ് വിഷയം അവതരിപ്പിച്ചു സംസാരിച്ചത്. നിലയ്ക്കൽ പ്രശ്നം പരിഹരിക്കുന്നതിൽ പുലിക്കുന്നേൽ സാറിന്റെ ഭാഗത്തുനിന്നുണ്ടായ ഇടപെടലിനെ അദ്ദേഹം അനുസ്മരിച്ചു. കേരളത്തിൽ ഉണ്ടാകുമായിരുന്ന ഒരു വർഗ്ഗീയസംഘർഷം ഒഴിവാക്കാൻ പുലിക്കുന്നേൽ സാർ വഹിച്ച ധീരവും പക്വവുമായ ഇടപെടലിനെ അദ്ദേഹം ശ്ലാഘിച്ചു. കേരളത്തിലെ ഹിന്ദുക്കളുടെയും ക്രിസ്ത്യാനികളുടെയും ഇടയിലെ ഒരു പാലമായി പ്രവർത്തിച്ചിരുന്ന ആളായിരുന്നു പ്രൊഫ. ജോസഫ് പുലിക്കുന്നേൽ, അദ്ദേഹം അഭിപ്രായപ്പെട്ടു.

വർഗ്ഗങ്ങൾ എവിടെയുണ്ടോ അവിടെ വർഗ്ഗീയതയുണ്ട്. എന്നാൽ മറ്റെല്ലാ വർഗ്ഗീയതകളേക്കാളും പ്രശ്നം മതവർഗ്ഗീയതയാണ്. ഇന്ത്യയിലെയും കേരളത്തിലെയും രാഷ്ട്രീയ മാറ്റങ്ങളെക്കുറിച്ചും വിവിധ കാലഘട്ടങ്ങളിലെ സാമൂഹിക അവസ്ഥകളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. ഭാരതവും കേരളവും ഇവിടെ വന്നവരെയെല്ലാം അതിഥികളായി സ്വീകരിച്ചുപോന്നു. പുറത്തുനിന്നും ഇവിടെയെത്തിയ ദർശനങ്ങൾക്കും ആതിഥ്യമരുളി. എന്നാൽ, ഈ മഹാമനസ്കത തങ്ങളെ ദുർബലരാക്കി എന്നൊരു ചിന്തയിലേക്കു നീങ്ങുകയാണിന്നു ഭാരതമതസ്ഥർ. ബ്രിട്ടീഷുകാർ ഇവിടെനിന്നും

*(ശേഷം 41-ാം പേജിൽ....)*

Regd. No: M2-14438/12
RNI Regd. No: KERMAL/2013-52182
Published on 15-01-2018

January 2018
**Sathyajwala**
Price Rs. 15.00

Registered: KL/KTM/133/2017-19
Licence No. KL/CR/KTM/WPP-08/2017-19
Licensed to Post Without Prepayment.

# ഭൂമികുംഭകോണത്തിന്റെ പശ്ചാത്തലത്തിൽ 'ചർച്ച് ആക്ടി'ന്റെ അനിവാര്യത ഉയർത്തിക്കാട്ടാൻ എറണാകുളത്ത് KCRM ധർണ!






**സ**ഭാനേതൃത്വത്തിന്റെ ധൂർത്തിനും തന്നിനിഷ്ട ക്രയവിക്രയങ്ങൾക്കും അറുതിവരുത്താനായി 'ചർച്ച് പ്രോപ്പർട്ടീസ് ആക്റ്റ്' (ചർച്ച് ആക്ട്) നടപ്പാക്കി വിശ്വാസികളുടെ നിയമാനുസൃതമായസമിതികളെ ഭരണമേൽപിക്കണമെന്നും, വിവാദമായ ഭൂമിവിൽപനയിൽ കുറ്റവാളികളെ നിയമത്തിനു മുന്നിലെത്തിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എറണാകുളം -അങ്കമാലി ആർച്ചുബിഷപ്പ് ഹൗസിനുമുമ്പിൽ KCRM, സഹസംഘടനകളുടെ സഹകരണത്തോടെ, 2018 ജനു. 6-ന് ധർണ നടത്തി. പ്രതിഷേധ ധർണയിൽ പങ്കെടുക്കാനെത്തിയവരെ സെക്രട്ടറി ഷാജു തറപ്പേൽ സ്വാഗതംചെയ്തു. സഭാസ്വത്തുഭരണം സംബന്ധിച്ച ബൈബിൾ ഭാഗം വായിച്ചുകൊണ്ട് 11 മണിക്ക് ധർണ ആരംഭിച്ചു. തുടർന്ന്, പ്രൊഫ. ഇപ്പൻ ചൊല്ലിക്കൊടുത്ത മുദ്രാവാക്യം മറ്റുള്ളവർ ഏറ്റുവിളിച്ചു. പ്രസിഡന്റ് സി.വി. സെബാസ്റ്റ്യൻ ധർണ ഉദ്ഘാടനം ചെയ്തു. യശഃശരീരനായ ശ്രീ. ജോസഫ് പുലിക്കുന്നേലിനെ അനുസ്മരിച്ചുകൊണ്ട് കെ. ജോർജ് ജോസഫ് 'ചർച്ച് പ്രോപ്പർട്ടീസ് ആക്റ്റി'ന്റെ അനിവാര്യതയെക്കുറിച്ച് പ്രസംഗിച്ചു. ഏതു മാർഗത്തിലൂടെയും ധനം സഹമാഹരിക്കുകയും തന്നിഷ്ടപ്രകാരം ചെലവഴിച്ച് ബാധ്യതയുണ്ടാക്കുകയും അഴിമതി നടത്തുകയുംചെയ്യുന്ന സഭാധികാരികളെ നിയമത്തിനു മുമ്പിലെത്തിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഗവ. സംവിധാനത്തിലൂടെ അന്വേഷിച്ച് കുറ്റവാളികളെ കണ്ടെത്തണം. അതിന് നിയമം ആവശ്യമാണ്. അതാണ് ചർച്ച് ആക്റ്റ്.

യോഗാധ്യക്ഷൻ ശ്രീ. ജോസഫ് വെളിവിൽ (Latin Catholic Association -LCA, Ernakulam), കത്തോലിക്കാസഭയിലെ കച്ചവടമാഫിയയെക്കുറിച്ച് വിശദീകരിച്ചു. അഡ്വ. പോളച്ചൻ പുതുപ്പാറ (Catholic Association for Justice-അങ്കമാലി), പ്രശസ്ത ദൈവശാസ്ത്രചിന്തകനും ഗ്രന്ഥകാരനുമായ കെ.സി. വർഗീസ് (കണ്ണൂർ), വി.കെ. ജോയി (Kerala Catholic Federation - KCF, Thrissur), അഡ്വ. ഇന്ദുലേഖ ജോസഫ് (Legal Advisor, KCRM), ആന്റോ കോക്കാട്ട് (മുൻ സെക്രട്ടറി JCC - തൃശൂർ), ഇ.ആർ.ജോസഫ് (Latin Catholic Association - LCA), പ്രൊഫ. പി.സി. ദേവസ്യ (സെക്രട്ടറി, KCRM, തൊടുപുഴ), ജോസഫ് പനമൂടൻ (Dalit Christian Federation of India - DCFI), റ്റി.ജെ. ജോസഫ് (Laity Forum, എറണാകുളം), ലൂക്കോസ് കുന്നുമ്പുറം (ക്നാനായ കത്തോലിക്കാ നവീകരണസമിതി - KNS, കോട്ടയം) എന്നിവർ പ്രസംഗിച്ചു. പൊഫ. ഡോ. ജോസഫ് വർഗീസ് (ഇപ്പൻ) നന്ദി പറഞ്ഞു.





പരിപാടിയിൽ നിരവധി റ്റി. വി. ചാനലുകാരും പത്രപ്രതിനിധികളും എത്തുകയും കെ. ജോർജ് ജോസഫ്, അഡ്വ. ഇന്ദുലേഖാ ജോസഫ്, ജോർജ് മൂലേച്ചാലിൽ എന്നിവരുമായി അഭിമുഖം നടത്തുകയും ചെയ്തു.





Printed & Published by George Moolechalil, Vallichira P.O , Kottayam -686574, owned by 'Kerala Catholic church Reformation Movement (KCRM), Tharakunnel bldg, Pala P.O., Kottaym, Kerala-686 575, and Printed at Print House, Opp. St.Thomas HSS, Pala, Pala P.O., Kottayam-686 575. Editor : George Moolechalil, Vallichira P.O.,Kottayam, Kerala-686 574.